രാമായണം

ചമ്പു

വ്യാഖ്യാതാ:
വടക്കുംകൂർ
രാജരാജവർമ്മ

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

> [illegible]

[illegible]

> [illegible]

[illegible]

> [illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

മിന്നസ്സാകം വിനാ കാമിതവിഭവദുഘേ—
സാമ്രാജ്യൈശ്വര്യമെന്നാ?
എന്തിന്നല്ലേ, ധേനുരത്നം ധരണിയിലിതൊരാ—
ൾക്കാടക്കാവതല്ലേ
തന്നേ രാജാർഹമത്രേ ദ്രവ്യ"മിതി വചനം
കേട്ടു ഗർഗ്ഗോ ബഭാഷേ. 14

"നില്ലട്ടീവണ്ണമൊരു വാർത്ത നിനക്കു ചേരാ
ധിക്കഷ്ടമേവമിഹ വിപ്രധനാഭിലാഷം
ഉൽകൃഷ്ടഹൈഹയകുലപ്രഭവാം പ്രഭൂണാം
ധിക്കഷ്ടമിത്തൊഴിൽ കിനാവിലുമോർക്കപോലും!" 15

ഈ കാമധേനുവിനെ കൂടാതെ. കാമിതവിഭവദുഘേ—ആഗ്രഹിച്ച വസ്തുക്കളെ കറന്നു് എടുക്കാവുന്നതു്, കാമധേനു. സാമ്രാജ്യവും...മെല്ലാം. മഹത്തായ സാമ്രാജ്യം, പുകഴോടുകൂടിയ ഐശ്വര്യം മുതലായവയൊക്കെ. എന്നാൽ എന്തിനു്—ഈ പശുവിനെ കിട്ടുകയില്ലെന്നുവന്നാൽ എന്തിനാണു്? അവകൊണ്ടു ഫലമില്ല. ധേനുരത്നം—പശുക്കളിൽ ശ്രേഷ്ഠമായതു്, കാമധേനു. രാജാർഹമത്രേ ദ്രവ്യം—ഇതു രാജാവിനു യോഗ്യമായിരിക്കുന്നതാണു്. മററാർക്കും കൈയിൽ വെച്ചുകൊണ്ടിരിക്കാവുന്നതല്ല, നിശ്ചയം. ഇതി വചനം കേട്ടു്—ഇപ്രകാരം മന്ത്രി പറയുന്ന വാക്കു കേട്ടു്. ഗർഗ്ഗഃ—പുരോഹിതനായ ഗർഗ്ഗമുനി. ബഭാഷേ—ഭാഷിച്ചു, പറഞ്ഞു.

ശ്ലോകം 15—ഇവണ്ണം ഒരു വാർത്ത നില്ലട്ടെ—ഇപ്രകാരമുള്ള ഒരു വർത്തമാനം നില്ലട്ടെ. ഇതു് ഇനി പറയേണ്ട. പറഞ്ഞതു് ഇവിടെ നിർത്തുക. നില്ലട്ടീവണ്ണം (നില്ലട്ടെ—ഇവണ്ണം) എന്നിടത്തു സന്ധി ദുഷ്ടം. നിനക്കു...ഭിലാഷം—ഈവിധം ബ്രാഹ്മണന്റെ മുതലു് ആഗ്രഹിക്കുന്നതു നിനക്കു ചേരുകില്ല. അയുക്തമാണു്. ഉൽകൃഷ്ട...പ്രഭൂണാം—ഉൽകൃഷ്ടമായ ഹൈഹയവംശത്തിൽ ജനിച്ച രാജാക്കന്മാർക്കും. പ്രഭവാം—പ്രകർഷേണ ഭവിച്ചവർ, ഉണ്ടായവർ. ഉൽകൃഷ്ടം—ഉന്നതം, വിശിഷ്ടം. ഇത്തൊഴിൽ...പോലും—ഈ പ്രവൃത്തി സ്വപ്നത്തിൽ വിചാരിക്കുന്നതുകൂടി. ധിക്കഷ്ടം—ധിക്കു്. കഷ്ടമാകുന്നു, നിന്ദ്യമാണു്. ഉറക്കത്തിൽകൂടി വിചാരിക്കത്തക്കതല്ല. അത്ര നികൃഷ്ടമാണു് ഇക്കാര്യം. രണ്ടും നാലും പാദങ്ങളുടെ ആദിയിൽ 'ധിക്കഷ്ട' മെന്ന ഒരേ പദംതന്നെ കാണുന്നു. ഇതു് ഒരു കഷ്ടപ്രയോഗമാണു്.

"ബ്രഹ്മസ്വമല്ലിതുചിതം ഭുവി സാർവ്വഭൗമ-
ന്നുന്മത്തനല്ലിവിടെ ഞാനൊരു രാജമന്ത്രി
കർമ്മത്തിനും പറകിലീദൃശമേതു വേണ്ടാ
നിർമ്മത്സരം കലഗുരോ! കുശലം വിചാര്യം." 16

"അത്യന്തദുഷ്ടമതി മന്ത്രിഷു കശ്മലാ! നീ
യുക്ത്യാ തടുക്കരുതിതെന്നറി വിപ്രശാപം
അത്രയുമല്ല വിനിഹന്തി കുലം സമൂലം
നിസ്സംശയം കൊടിയ വിപ്രധനാപഹാരം." 17

"ഭേദിച്ചു ഭവ്യഗുണ! വാച്ചുരയുന്നതെല്ലാം
ജ്ഞാനിക്കു വല്ലതുമുപായമതെന്നറിഞ്ഞോൻ

ശ്ലോകം 16—മന്ത്രിയുടെ വാക്ക്. ബ്രഹ്മസ്വ...സാർവ്വഭൗമന്ന-ബ്രഹ്മസ്വമായിട്ടുള്ള മുതലല്ല ഈ പശു. ഇതു ചക്രവർത്തിക്കു യോഗ്യമായതാണ്. ഭുവി-ഭൂമിയിൽ. ഇവിടെ ഞാൻ ഉന്മത്തനല്ല. ഒരു രാജമന്ത്രി-ഇവിടെ ഞാൻ ബുദ്ധിക്കു സ്ഥിരതയില്ലാത്ത ഒരുവനല്ല. കാര്യാകാര്യങ്ങൾ തിരിച്ചറിവുള്ള ഒരു രാജമന്ത്രിയാണ്. രാജമന്ത്രി-രാജാവിനു വേണ്ടസമയത്തു് ഉപദേശം ചെയ്യേണ്ടവൻ എന്ന ആശയം വ്യഞ്ജിപ്പിക്കുന്നു. കർമ്മ...വേണ്ടാ-കർമ്മങ്ങൾക്കൊന്നിനും ഇപ്രകാരമുള്ള പശു ആവശ്യമില്ല. കർമ്മം-ബ്രാഹ്മണൻ ചെയ്യേണ്ടതായ ഹോമദാനാദികർമ്മം. കലഗുരോ!-കലാചാര്യനായ ഗർഗ്ഗനേ! നിർമ്മത്സരം-മത്സരബുദ്ധികൂടാതെ. കുശലം-ക്ഷേമമായ കാര്യം. വിചാര്യം-വിചാരിക്കേണ്ടതാണ്. കലഗുരോ എന്ന പദം അമംഗലകാര്യം അങ്ങു് ഉപദേശിക്കരുതു് എന്ന ആശയത്തെ ദ്യോതിപ്പിക്കുന്നു.

ശ്ലോകം 17—ഗർഗ്ഗൻ പറയുന്ന വാക്ക്. കശ്മലാ നീ-ഹേ ദുഷ്ടാ! നീ. മന്ത്രിഷു അത്യന്തദുഷ്ടമതി-മന്ത്രികളിൽവച്ചു് ഏറ്റവും ദുർബുദ്ധിയായിരിക്കുന്നവനാണ്. വിപ്രശാപം യുക്ത്യാ തടുക്കരുതെന്നറി-ബ്രാഹ്മണനിൽനിന്നും ഉണ്ടാകുന്ന ശാപം യുക്തിവാക്കുകൊണ്ടു തടുക്കുവാൻ കഴിയാത്തതാണെന്നു് അറിഞ്ഞാലും. അറി-അറിയുക. ഇതു് ഒരു കഷ്ടമായ പ്രയോഗമാണ്. അറിയുക എന്നു പ്രയോഗിക്കേണ്ടതാണ് നന്ന്. കൊടിയ...ഹാരം-ഭയങ്കരമായ പാപമാണ് ബ്രാഹ്മണന്റെ മുതൽ അപഹരിക്കുന്നതു്. അതു് അത്രയുമല്ല-അത്രതന്നെയല്ല. കുലം സമൂലം വിനിഹന്തി നിസ്സംശയം-കുലത്തെ വേരോടുകൂടി നിഹനിക്കുന്നു (നശിപ്പിക്കുന്നു). ഇക്കാര്യത്തിനു സംശയം വേണ്ട.

ശ്ലോകം 18—മന്ത്രിയുടെ വാക്ക്. ഭേദിച്ചു-പറയുന്നതനുസരി

മേതിൽ പ്രതിഗ്രഹവുമഷ്ടിയുമെന്നി മററി-
ങ്ങോതിക്കവനെന്തറിയാവത! രാജ്യകാര്യം." 18

"നിശ്ശ്രീകനാം തവ ഗിരാ മുനിഹോമധേനു
വിശ്വാധികന്ന കൃതവീര്യസുതന്നിദാനീം
ഇപ്പോളിവം കലുഷകിൽ പരമാത്മനാത്രേ
നിശ്ശേഷമിക്കലഹമൊടുങ്ങുമതിപ്രസംഗാൽ." 19

കടാതെ, ഉണ്ണാതെ. കല്പ്പ്രത്വമായ്—യോഗ്യനായ ആചാര്യനായിട്ട്. കല്യൻ—മംഗലശീലൻ. എല്ലാം...നറിഞ്ഞവൻ—തന്റെ ജാതിക്കാർക്ക് നന്മ വരുത്തുന്നതിനാണെന്ന ഞാൻ അറിഞ്ഞു, അറിയുന്നു. താങ്കൾ പറയുന്നതു സ്വജാതിക്കു ഗുണത്തിനാണെന്ന് അറിയാം. മേതിൽ-ഭൂമിയിൽ. പ്രതിഗ്രഹവും അഷ്ടിയും എന്നി-ദാനവും ഭക്ഷണവും അല്ലാതെ. മററിങ്ങോ...കാര്യം-മററുള്ള രാജ്യകാര്യം ഒന്നും ഓതിക്കോന് അറിയുകില്ല. ദാനം, ഭക്ഷണം എന്ന രണ്ടുമറിയ്ക്കു് ബ്രാഹ്മണനായ ഓതിക്കോന് അറിയാം; അതല്ലാതെ മററുള്ള രാജ്യകാര്യം അറിവില്ല. അറിയാ-അറിയുകയില്ല, അറിവില്ല. ബ്രാഹ്മണരെ രാജ്യകാര്യങ്ങളെപ്പററി അറിവ് എങ്ങനെ ആവും. ബത-കഷ്ടം. ഓതിക്കവൻ-വേദം ഓതിക്കുന്നവൻ, വൈദികൻ, പുരോഹിതൻ. ശ്ലോകം ഉത്തരാർദ്ധം അസ്ഥാനത്തിലായ ആക്ഷേപമായിരിക്കുന്നു.

ബ്രാഹ്മണാനാം സ്വജാതീയ-
ഹിതമേവ സമീക്ഷതേ
മഹാന്തി രാജകാര്യാണി
ചിന്തയിതും ന ശക്യതേ
തസ്മാദേവ രാജകാര്യാണി
ബോദ്ധ്യാനി സ്വമനീഷയാ
വിനാ വൈ ഭോജനാദന്യ
കാര്യം വിപ്രാ ന വിന്ദതി

(ബ്രഹ്മാണ്ഡപുരാണം മൂലം) എന്നു കാണുക. ചമ്പുവിലെ ആക്ഷേപത്തിന് നല്ല മൂലമായിട്ടുള്ളതും ഉണ്ടെന്നു കാണേണ്ടതാകുന്നു.

ശ്ലോകം 19—ശത്രുഘ്നന്റെ വാക്ക്. നിശ്ശ്രീ...ഗിരാ-ശ്രീയില്ലാത്തവനായ നിന്റെ വാക്ക ഹേതുവായിട്ട്, നിന്റെ ഉപദേശം കേട്ട്. ഇദാനീം-ഇപ്പോൾ. വിശ്വാധികന്ന കൃതവീര്യസുതന്ന്—മറെറല്ലാവരെയുംകാൾ അധികം ഉയർന്നനിലയിൽ ഇരിക്കുന്ന കാർത്തവീര്യന് (കൃതവീര്യന്റെ പുത്രൻ, കാർത്തവീര്യൻ). മുനിഹോമധേനു—മുനിക്ക ഹോമാദികൾക്കു വേണ്ട സാധനങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്ന കാമധേനുവിൽ.

"ആചാരഹീനമതിർകെട്ടു പറഞ്ഞ വാച-
മീശാ! നമുക്കിതിനൊരുത്തരമില്ല നൂനം
ആജന്മശുദ്ധിതകമാത്തമനീഷകൊണ്ടേ
രാജാവുതാനറിക സംപ്രതി രാജകാര്യം." 20

ഇത്ഥം മന്ത്രിപുരോധസോർവ്വിവദനാ-
ന്യാകർണ്യ ചിന്താകുലഃ

അന്യേദ്യുരാത്മാനുചരസ്യ ഭാവം
ജിജ്ഞാസമാനോ മുനിഹോമധേനോഃ

(രഘു—സ. 2) എന്നു നോക്കുക. ഇച്ഛാലവം കലരുകിൽ—അല്പമായ ആഗ്രഹം ഉണ്ടായാൽ. പരമാർത്ഥമത്രേ—ഞാൻ പറയുന്നതു സത്യമാണ്. അതിപ്രസംഗാൽ—അതിപ്രസംഗം ഹേതുവായിട്ട്. 'അതിപ്രസംഗ'ത്തിന് അധികപ്രസംഗം എന്ന അർത്ഥവും ഗ്രഹിക്കാം. അതാണ് ഇവിടെ ഉചിതം. അഹങ്കാരത്താൽ ചെയ്യു പ്രവൃത്തികൊണ്ട്. ഇക്കുലം നിശ്ശേഷം ഒടുങ്ങും—ഈ രാജവംശം മുഴുവനും നശിക്കും. നിന്റെ നീതിരഹിതമായ പ്രവൃത്തികൊണ്ടു കുലനാശം നേരിടും. ശ്ലോകം നാലാംപാദം ആചാര്യന്റെ ഒരു ശാപംപോലെയായിട്ടുണ്ട്. അനന്തരം വവും അതനുസരിച്ചു വന്നു എന്നു മേലിൽ കഥാഗതികൊണ്ടു വിശദമാകും.

ശ്ലോകം 20—മന്ത്രിയുടെ വാക്ക്. ആചാരഹീനം—ആചാരം നശിക്കത്തക്കവിധം, ധർമ്മത്തെ ലംഘിച്ച്. അതിർ...വാചം—മര്യാദയില്ലാതെ പറഞ്ഞ വാക്കിനെപ്പറ്റി, അതിരില്ലാതെയും ആചാരത്തെ ലംഘിച്ചും പറഞ്ഞ വാക്കിനെക്കുറിച്ച്. 'വാച'ത്തിനു 'വാച്യം' എന്നു പാഠാന്തരം. (രാ. ച. പു–299.) ഈ പാഠത്തിന് അർത്ഥപുഷ്ടിയുണ്ട്. എന്നാൽ മംഗളോദയപാഠം വാചമെന്നാണ്. ഈശാ—ഈശ്വരാ! നമുക്കി...നൂനം—എനിക്ക് ഒരു ഉത്തരം ഇല്ല, നിശ്ചയം. ധർമ്മവും മര്യാദയും കൂടാതെ പറഞ്ഞ ഈ വാക്കിന് എനിക്ക് ഒന്നും ഉത്തരം പറയുവാനില്ല, നിശ്ചയം. ഈശാ—ദൈവമേ! പാപാധിക്യദ്യോതകം. അധികമായ അധർമ്മപ്രവൃത്തി കാണുമ്പോഴം മനസ്സിൽ തോന്നുന്ന വികാരത്തെ ദ്യോതിപ്പിക്കുന്നു. ആജന്മ...കൊണ്ടേ—ജന്മംമുതല്ക്കു പരിശുദ്ധി തികഞ്ഞ തന്റെ ബുദ്ധികൊണ്ടുതന്നെ. മനീഷ—ബുദ്ധി. രാജാവുതാൻ—രാജാവുതന്നെ. രാജകാര്യം സംപ്രതി അറിക—രാജാവ് ചെയ്യേണ്ടതായ കാര്യം എന്തെന്ന് ആലോചിച്ച് അറിയട്ടെ. കൊണ്ടേ—എന്ന പദത്തിലെ 'ഏ' പാദപൂരണത്തിനു ചേർത്തിരിക്കുന്നതാണ്. ഇപ്രകാരമുള്ള പ്രയോഗം കാവ്യങ്ങളിൽ സുലഭമാണ്.

സ്ഥിത്വാ കാഞ്ചിന്മുഹൂർത്തമാത്തസചിവം
　　രാജാ വിളിച്ചീവിവാൻ
"ദുർദ്ധർഷോ മുനിരേഷ ദീപ്തതപസാ
　　ഗോരത്നമസ്യ വശേ
യുക്തം നൂനമിതേവമത്ര വിഷമേ
　　കൃത്യേ വിമൂഢോസ്മി ഞാൻ."　　21

"ഖേദിക്കേണ്ടാ വിഭോ നിന്തിരുവടി വെറുതേ
　　അത്ര ചിന്താതുരാലേ
സാധു പ്രത്യർപ്പ്യ മൂല്യം മുനിവരകപിലാം
　　ധേനുമാദായ യാമഃ

ശ്ലോകം 21—മന്ത്രിയുടെയും പുരോഹിതന്റെയും വാദപ്രതിവാദങ്ങളും കേട്ട് രാജാവിനുണ്ടായ മനഃസ്ഥിതിയെപ്പറ്റി പറയുന്നു. മന്ത്രിപുരോധസോഃ—മന്ത്രിയുടെയും പുരോഹിതന്റെയും. ഇത്ഥം—ഇപ്രകാരമുള്ള. വിവദനാനി—വിവാദങ്ങളെ, വാദപ്രതിവാദങ്ങളെ. ആകർണ്യ—ആകർണ്ണനം ചെയ്തിട്ട്, കേട്ടിട്ട്. കാഞ്ചിന്മുഹൂർത്തം—കുറച്ചുസമയം. കാഞ്ചി—അത്യല്പമാത്രമായ. ചിന്താകുലഃ—എന്താണ് ചെയ്യേണ്ടതെന്ന് വിചാരിച്ച് സമാധാനമില്ലാത്തവനായിട്ട്. സ്ഥിത്വാ—സ്ഥിതിചെയ്തിട്ട്, ഇരുന്നിട്ട്. രാജാ—കാർത്തവീര്യാർജ്ജുനൻ. ആത്തസചിവം—തന്റെ മന്ത്രിയെ വിളിച്ച് അടുക്കൽ വരുത്തി. ഇതി വാൻ—പറഞ്ഞു. ഏഷഃ മുനിഃ ദുർദ്ധർഷഃ ദീപ്തതപാഃ—ഈ മഹർഷി മുനി അന്യന്മാർക്ക് ധർഷണം, ജ്വലിക്കുന്ന തപോബലത്തോടുകൂടിയവനും ആകുന്നു. ദുർദ്ധർഷൻ—എതിർത്തു ജയിക്കാൻ കഴിയാത്തവൻ. ഗോരത്നം—പശുക്കളിൽ ശ്രേഷ്ഠമായ കാമധേനു. അസ്യ വശേ—ഇദ്ദേഹത്തിന്റെ കൈവശം ഇരിക്കുന്നു. യുക്തം—ശരിയായതാണ്. അതിനെ കൈവശത്തിലാക്കേണ്ടതാകുന്നു. നൂനം—നിശ്ചയം. ഏവം അത്ര വിഷമേ കൃത്യേ വിമൂഢഃ അസ്മി—ഞാൻ ഇവിടെ വിഷമമായ ഇക്കാര്യത്തിൽ എന്തു ചെയ്യണമെന്നറിവില്ലാത്തവനായിരിക്കുന്നു. വിഷമം—മുനിയാണെങ്കിൽ മഹാതപസ്വി. അദ്ദേഹത്തെ എതിർത്തു കാര്യം നേടാവുന്നതല്ല. പശുവിനെയാണെങ്കിൽ ഉപേക്ഷിക്കാവുന്നതുമല്ല. അതു നേടേണ്ടതാണ്. ഇപ്രകാരം വിഷമം ആണ് കാര്യം. ഞാൻ ധർമ്മസങ്കടത്തിലായി എന്ന് ആശയം.

ശ്ലോകം 22—മന്ത്രിയുടെ വാക്ക്. പ്രഭോ—രാജാവേ! നിന്തിരുവടി വെറുതെ ഖേദിക്കേണ്ടാ—നിന്തിരുവടി കാര്യമില്ലാതെ ദുഃഖിക്കേണ്ട. ഇവിടെ വിചാരിക്കേണ്ടതായ കാര്യമില്ല. അത്ര ആതുരാലേ

ബാധാപേതം വരുന്നുണ്ടഴകൊടുഴറി ഞാ-
　　നത്ര നേരം ഭവാനി-
ണ്ടാതങ്കം കൈവെടിഞ്ഞാദൃത സുഖമിവിടെ-
　　പ്പാർക്ക ഭാഗ്യാംബുരാശേ!" 22

ശ്രവണസുഖമിവണ്ണം രാജരാജോനുമേനേ
പ്രബലഭടസമേതശ്ചന്ദ്രഗുപ്തോ നടന്നു
ശിവശിവശിവ ദൈവപ്രാതികൂല്യപ്രസംഗേ
ഭവതി മതിമതാമപ്യാത്മമോഹോ മഹീയാൻ. 23

ചെന്ന്—അവിടെ ആശ്രമത്തിൽ ചെന്ന്. മുനിവരകഥിതം മൂല്യം സാധു പ്രത്യർപ്പ്യ—മുനി പറയുന്ന വില വഴിപോലെ അദ്ദേഹത്തിനു കൊടുത്തു്. പ്രത്യർപ്പ്യ—പ്രത്യർപ്പണം ചെയ്തിട്ട്, പകരം കൊടുത്തിട്ട്. തോഷാൽ ധേനും ആദായ—സന്തോഷത്തോടുകൂടി പശുവിനെ വാങ്ങി (സ്വീകരിച്ച്). ഞാൻ—മന്ത്രിയായ ഞാൻ. ബാധാപേതം—ഉപദ്രവം ഒന്നും കൂടാതെ. അഴകൊടുഴറിവരുന്നുണ്ട്—പോയ കാര്യം ഭംഗിയായി സാധിച്ചുവരുന്നുണ്ട്. ഭാഗ്യാംബുരാശേ!—മഹാഭാഗ്യശാലിയായ രാജാവേ! അവിടത്തെ ഭാഗ്യവൈഭവംകൊണ്ടു കാര്യം സാധിക്കും, എന്ന് ഈ പദം ധ്വനിപ്പിക്കുന്നു. അത്ര നേരം—അത്രയും സമയം, ഞാൻ പശുവിനെയുംകൊണ്ടു വരുന്നതുവരെ. ഭവാൻ ഇണ്ട് ഇവിടെ ആതങ്കം കൈവെടിഞ്ഞ് ആദൃതസുഖം പാർക്ക—നിന്തിരുവടി ഇവിടെ മനസ്സിലെ ദുഃഖം അകററി സുഖമാകുംവണ്ണം പാർത്താലും. ആദൃതസുഖം—ആദരിക്കപ്പെട്ട സുഖത്തോടുകൂടുംവണ്ണം, സസുഖംപാർക്ക എന്ന ക്രിയയുടെ വിശേഷണമാണ്. ആദൃതസുഖം—മുനി പറയുന്ന വില കൊടുത്തു പശുവിനെ വാങ്ങുന്നതായാൽ ആർക്കും സങ്കടത്തിന് അവകാശമില്ല. ഇതാണ് മന്ത്രിയുടെ അഭിപ്രായം.

ശ്ലോകം 23—രാജരാജഃ—മഹാരാജാവായ കാർത്തവീര്യാർജ്ജുനൻ. ഇവണ്ണം ശ്രവണസുഖം—ഇപ്രകാരം ചെവിക്കു സുഖത്തെ ഉണ്ടാക്കുന്ന വാക്കു കേട്ട്. അനുമേനേ—അനുമനനം ചെയ്തു, വിചാരിച്ചു (അനുവദിച്ചു). ചന്ദ്രഗുപ്തഃ—മന്ത്രിയായ ചന്ദ്രഗുപ്തൻ. പ്രബലഭടസമേതഃ—കരുത്തേറിയ ഭടന്മാരോടുകൂടി, സൈന്യത്തോടു ചേർന്ന്. നടന്നു—മുനിയുടെ ആശ്രമത്തിലേക്കു പോയി. ശിവ ശിവ ശിവ!—കഷ്ടം! കഷ്ടം! അദ്ഭുതം! അദ്ഭുതം! ദൈവപ്രാതികൂല്യപ്രസംഗേ—ഈശ്വരന്റെ പ്രാതികൂല്യം വന്നുചേരുമ്പോൾ, ഈശ്വരൻ വിപരീതമായി നില്ക്കുമ്പോൾ, ഭാഗ്യം ക്ഷയിക്കുമ്പോൾ. മതിമതാം അപി മഹീയാൻ ആത്മമോഹഃ ഭവതി—ബുദ്ധിമാന്മാർക്കുകൂടി വലിയ മോഹം ഉണ്ടാകുന്നു. മോഹം—അറിവില്ലായ്മ, വിവേകശൂന്യത.

"ക്രയവിക്രയമിങ്ങയോഗ്യമോർത്താൽ
നയമല്ലേ നൃപനും ദ്വിജസ്വലോഭം"
അയി ചിന്തയ കർമ്മസാധനം കേൾ
നഹി ധേനുരിയം ന ജാതു ദേയാ. 27

ഭാവിച്ച നീ നല്ലതിനല്ലിതൊന്നും
ജീവന്ന ദാസ്യേ മമ ഹോമധേനും"
ഇത്ഥമുക്തോ മുനിനാ സ കോപാ-
ദാബദ്ധ്യ പാശൈരപിചകർഷ ധേനും 28

ശ്ലോകം 27—ക്രിയവിക്രയം—വില്ക്കുന്നതും വാങ്ങുന്നതും. അയോഗ്യം—യോഗ്യമല്ല. ചേരാത്തതാണ്. നൃപനും—രാജാവിനും. ദ്വിജസ്വലോഭം—ബ്രാഹ്മണന്റെ മുതലിൽ ആഗ്രഹം. നയമല്ലേ—നീതിയല്ല. രാജാവിനു ബ്രാഹ്മണന്റെ മുതൽ ആഗ്രഹിക്കുന്നതു ധർമ്മമല്ല. ദ്വിജസ്വലോഭം—എന്നതു് ദ്വിജ, സ്വലോഭം എന്നു രണ്ടു പദമാക്കാം. അപ്പോൾ അർത്ഥത്തിനു സ്വല്പം ക്ലേശം നേരിടുന്നു. ഒരു പദമാകുന്നതു തന്നെ നന്ന്. അയി ചിന്തയ—അല്ലയോ [illegible]! അങ്ങ് കാര്യത്തെക്കുറിച്ചു നല്ലതുപോലെ വിചാരിച്ചാലും. ഇയം ധേനുഃ കർമ്മസാധനം കേൾ—ഈ കാമധേനു എന്റെ ഹോമാദികർമ്മങ്ങൾക്കു വേണ്ട വസ്തുക്കളെ ഉണ്ടാക്കി തരുന്നവളാണ്, കേട്ടാലും. ജാതു ന ദേയാ—ഒരിക്കലും ദേയയല്ല. തരുവാൻ യോഗ്യയല്ല, തരികയില്ല. ഇവളെ കൊണ്ടാണ് എന്റെ കർമ്മങ്ങൾ മുഴുവനും. "താം ദേവതാപിത്രതിഥിക്രിയാർത്ഥാം"—(രഘുവംശം സ. 2.) എന്നു കാണുക. യാഗം, ശ്രാദ്ധം, അതിഥിസല്ക്കാരം എന്നീ കർമ്മങ്ങൾ ഞാൻ സാധിക്കുന്നതു് ഈ ധേനുവിനെക്കൊണ്ടാകുന്നു. വൃത്തം വസന്തമാലിക.

വിക്രയക്രയാദികളായ വാണിഭകർമ്മ-
മൊക്കവേ വൈശ്യർക്കത്രേ ഞങ്ങൾക്കല്ലോർക്ക നീ

(ബ്രഹ്മാ—കിളി.) എന്നു നോക്കുക.

ശ്ലോകം 28—നീ ഭാവിച്ച ഇതൊന്നും നല്ലതിനല്ല—നീ ഭാവിച്ചിരിക്കുന്ന ഈ പ്രവൃത്തിയൊന്നും നല്ലതിനല്ല. നീ വിചാരിച്ചിരിക്കുന്നതു നിനക്കു നാശകരമായിട്ടേ വരികയുള്ളൂ. ഭാവിച്ച—വിചാരിച്ച, ആഗ്രഹിച്ച. മമ ഹോമധേനും ജീവൻ ന ദാസ്യേ—എന്റെ ഈ കാമധേനുവിനെ ജീവനോടുകൂടി ഞാൻ ഇരിക്കുന്ന കാലത്തു നിനക്കു തരികയില്ല. ജീവൻ—(തകാരാന്തം പു. പ്ര. ഏ.) ജീവിച്ചിരിക്കുന്നവൻ. ന ദാസ്യേ—(ക്രിയ. ഉത്ത. പു. ഏ.) ദാനം ചെയ്യുകയില്ല. മുനിനാ ഇത്ഥം ഉക്തഃ—മഹർഷിയാൽ ഇപ്രകാരം പറ

അബ്രഹ്മണ്യം പറഞ്ഞാവതു സ്മരഹിതമുപാ-
ശ്ലിഷ്യ കണ്ഠേ സഹാഹാ-
ശബ്ദൈശ്ശിഷ്യൈസ്സമം വാരിതപരിഹരണേ
തത്ര വൃദ്ധേ മുനീന്ദ്രേ
കല്ലേറും ഭാവികർമ്മപ്രഥിതമുനിയെന്തു
നോക്കിനിൽക്കുന്നതെന്നാ-
ന്നിപ്പോളുരാക്കം പ്രഹാരം പ്രഹരത മുഹുരെ-
ന്നാപ്പുഭൃത്യാനവാദീൽ. 29

യപ്പെട്ടവനായിട്ട്. ഉദതൽ-പറയപ്പെട്ടവൻ. കിട്ടുകയില്ലെന്നു നിശ്ചയമായപ്പോൾ. സഃ കോപാൽ-അവൻ (മന്ത്രി) കോപം ഹേതുവായിട്ട്. ധേനും പാശൈഃ ആബദ്ധ്യ-പശുവിനെ കയറുകൾകൊണ്ടു കെട്ടിയിട്ട്, (ആബന്ധിച്ചിട്ട്). വികർഷ-പിടിച്ചുവലിച്ചു. (വികർഷണം ചെയ്തു).

ശ്ലോകം 29—തത്ര വൃദ്ധേ മുനീന്ദ്രേ-അവിടെ വൃദ്ധനായ മഹർഷി. ആവതു അബ്രഹ്മണ്യം പറഞ്ഞു-കഴിയുവതും അബ്രഹ്മണ്യം പറഞ്ഞു. അബ്രഹ്മണ്യം-ബ്രഹ്മണ്യമല്ലാത്തതു്. ബ്രാഹ്മണ്യം ബ്രാഹ്മണർക്കു ഹിതം. അവരെ നിന്ദിക്കുന്നതു് അബ്രഹ്മണ്യം. കൊല്ലരുതേ! കൊല്ലരുതേ! എന്നു പറഞ്ഞു. ''അബ്രഹ്മണ്യമവദ്ധ്യോഹം'' എന്നു ശാകം. സ്മരഹിതം കണ്ഠേ ഉപാശ്ലിഷ്യ-കാമധേനുവിനെ കഴുത്തിൽ കെട്ടിപ്പിടിച്ചു. ഉപാശ്ലിഷ്യ-(അവ്യയം) ഉപാശ്ലേഷിച്ചിട്ട്. സഹാഹാ... സമം-'ഹാഹാ' 'കഷ്ടം കഷ്ടം' എന്നു് ഉച്ചത്തിൽ പറയുന്നവരായ ശിഷ്യന്മാരോടുകൂടി. വാരിതപരിഹരണേ-ബലാല്ക്കാരമായി ചെയ്ത അപഹരണത്തെ തടഞ്ഞപ്പോൾ. ''വാ...രിതപരിഹരണേ' എന്ന ഭാഗത്തിൽ യതിഭംഗം ഉണ്ടായിരിക്കുന്നു. ഭാവികർമ്മ എന്നു കഴിഞ്ഞു പ്രഥമുനി എന്നു കാണുന്നതു ശരിയായ പാഠമല്ല. വൃത്തവും ശരിയാകുന്നില്ല. പ്രഥ എന്നതു പ്രഥിത എന്ന പാഠത്തിന്റെ അപഭ്രംശമാകണം. കല്ലേറും-സാമർത്ഥ്യം അധികമുള്ളതു്. ഭാവികർമ്മ-ഭാവികർമ്മത്തെ അറിഞ്ഞു്. മേലിൽ എന്തു ചെയ്യണം എന്നു വിചാരിച്ചു. പ്രഥിതഃ അസൗ മുനിഃ-പ്രഥിതനായ ഈ മുനി. കീർത്തിശാലിയായ മഹർഷി. നോക്കിനില്ക്കുന്നതു് എന്തു്"-നോക്കിനില്ക്കുന്നതു് എന്തുകൊണ്ടു്? ഇപ്പോ...പ്രഹാരം പ്രഹരത-ഇപ്പോളുള്ളവയത്രയും നല്ല അടി അടിച്ചാലും. അടിച്ചോടിച്ചാലും. എന്നു്-എന്നിപ്രകാരം. മുഹുഃ-വീണ്ടും. ആപ്തഭൃത്യാൻ-വിശ്വസ്തന്മാരായ (യോഗ്യന്മാരായ) ഭൃത്യന്മാരോടു് അവാദീൽ-പറഞ്ഞു. ''ഒന്നും ചെയ്യാതെ നോക്കിനില്ക്കുന്നതു് എന്താണു്? പടിയടുത്തു പശുവിനെ അപഹ

അനന്തരം തണ്ടുകൊണ്ടും കൊടിയ കശകൾകൊ-
ണ്ടും കമച്ചാർത്തിഭാരോ-
ത്സന്നാനോടിച്ച ശിഷ്യാൻ ഗളഭുവി സുരഭേ-
ർഗ്ഗാഢബന്ധാഗ്രപാണീൻ
തന്നേ തച്ചും കമച്ചും വപുഷി ഞെട്ടഞെട്ടെ-
ന്നതീവും മുഷ്ടികൊണ്ടേ
നന്നത്രേ വേർപെടുപ്പാൻ പലവഴി പലതും
വ്യാപരിച്ചാരമോനകൾ. 30

സുധീസ് പുക്രോധ പുരാ സ്വപത്നീ-
വധാത്സ പുത്രേണ സുശിക്ഷിതാത്മാ

രിക്കുന്നവരെ അടിച്ചോടിക്കുക'' എന്നു മുനി ശിഷ്യന്മാരോടു പറഞ്ഞു.

ശ്ലോകം 30—അനന്തരം—മുനി പറഞ്ഞ സമയം. തണ്ടു—ദണ്ഡ്, വടി. കശകൾ—ചാട്ടകൾ. കമച്ചു—അടിച്ചു, തല്ലി. ശിഷ്യാൻ—ശിഷ്യന്മാരെ. ആർത്തി...ത്സന്നാൻ—ആർത്തിഭാരംകൊണ്ട് ഉത്സന്നന്മാരാക്കി. ആർത്തി—ദുഃഖം, വേദന. ഭാരം—അധികം (വഹിക്കവാൻ കഴിയാത്ത) പുതപ്പ്. ഉത്സന്നന്മാർ—ക്ഷീണിച്ചവർ. ഓടിച്ചു-ഓടിച്ച് അകലെയാക്കി. വടിയും ചാട്ടയുംകൊണ്ടടിച്ചു മുനിശിഷ്യന്മാരെ ദുസ്സഹമായ വേദനയ്ക്കു പാത്രമാക്കി അകലെ ഓടിച്ചിട്ട്. സുരഭേ ഗളഭുവി ഗാഢബന്ധാഗ്രപാണീൻ—കാമധേനുവിന്റെ കഴുത്തിൽ കൈയിന്റെ അറ്റംകൊണ്ടു മുറുകെ കെട്ടിപ്പിടിച്ചിരിക്കുന്നവർ, കൈയിന്റെ അറ്റംകൊണ്ടു പശുവിന്റെ കഴുത്തിൽ മുറുകെ പിടിച്ചിരിക്കുന്നവർ. ഈ പദം ശിഷ്യാൻ എന്ന പദത്തിന്റെ വിശേഷണം. വപുഷി—ശരീരത്തിൽ. ഞെട്ടഞെട്ടെ...മുഷ്ടികൊണ്ടേ—ഞെട്ടഞെട്ടെ എന്ന ശബ്ദം ഉണ്ടാകത്തക്കവിധം. കൈകൊണ്ടു തച്ചും കമച്ചും—താഡനംചെയ്തും, ശക്തിയായി അടിച്ചും. നന്നത്രേ—നന്നാകുംവണ്ണം. നന്നായി. വേർപെടുപ്പാൻ—പശുവിനെ വേർപെടുത്തിക്കൊണ്ടുവരുന്നതിന്. പലവഴി—അനേകംപ്രകാരം. പലതും—അനേകംപേർ. അനേകം—പലതരത്തിൽ. വ്യാപരിച്ചാർ—വ്യാപരിച്ചു, പ്രവർത്തിച്ചു. പശുവിനെ കെട്ടിൽനിന്നു വേർപെടുത്തി രക്ഷിക്കുന്നതിനു പലതും പലതരം പ്രവർത്തിച്ചു.

ശ്ലോകം 31—പുരാ...ശിക്ഷിതാത്മാ—പണ്ടു തന്റെ പുത്രനാൽ ശിക്ഷിതാത്മാവായി. പാഠം (തത്ത്വം) പഠിപ്പിക്കപ്പെട്ടവനായി സുധീഃ-നിർമ്മലബുദ്ധിയായിരിക്കുന്ന സഃ—ആ മുനി, ജമദഗ്നി. ന

അതിപ്രഹാരപ്രവിശീർണ്ണഗാത്രോ
ഗതാസുരുർവ്യാം ന്യപതന്മുനീന്ദ്രഃ. 31

നിപാതിതേ ദിവ്യമുനൗ ഭടൗഘാ
നിബദ്ധ്യ പാശൈരപചകൃഷുഃ സ്വ ധേനും

ചുക്രോധ—ക്രോധിച്ചില്ല, കോപിച്ചില്ല. മഹർഷിക്ക വേണമെങ്കിൽ മന്ത്രിയേയും ഭടന്മാരെയും ശപിച്ചു ഭസ്മമാക്കാം. എന്നാൽ രാഗദ്വേഷാദികളെ വിട്ട നിർമ്മലമായ ഹൃദയത്തോടുകൂടിയവനായിരുന്നു കൊണ്ട് അദ്ദേഹം അങ്ങിനെ ചെയ്തില്ല. പണ്ട് പ്രഥമകോപത്തിന്റെ വശംവദനായി രേണുകയെ വധിക്കണമെന്ന പരശുരാമനോട പറഞ്ഞപ്പോൾ സംശയംകൂടാതെ രാമൻ അങ്ങിനെ ചെയ്തു. പിന്നീട മുനിക്ക പശ്ചാത്താപം വന്നു. ഇനി കോപിക്കുകയോ ഇപ്രകാരം ചെയ്യുവാൻ ഇടയാകുകയോ ഇല്ലെന്ന നിശ്ചയിച്ച ശാന്തത കൈക്കൊണ്ടു. അതാണ മന്ത്രിയേയും ഭടന്മാരേയും കോപിച്ച ശപിക്കാതെയിരുന്നത്. മുനീന്ദ്രഃ—മഹർഷിശ്രേഷ്ഠനായ ജമദഗ്നി. അതി...ഗാത്രഃ—അധികമായ താഡനം ഏറ്റു ശരീരം പിളർന്ന. പ്രവിശീർണ്ണം-പ്രവിശീരണംചെയ്യപ്പെട്ട, തകർന്ന. ഗതാസു—ജീവൻ പോയവനായി, മരിച്ച. ഉർവ്യാം—ഭൂമിയിൽ, മണ്ണിൽ. ന്യപതൻ—നിപതിച്ചു, വീണു. മഹർഷി മന്ത്രിമാരുടേയും ഭടന്മാരുടേയും അധികമായ അടിയേറ്റു ശരീരം മുറിഞ്ഞു പിളർന്ന മരിച്ചുവീണു. അതികഠിനമായ അടിയേറ്റു ശരീരം മുറിഞ്ഞു പിളർന്ന മരിക്കുമെന്ന നില വന്നപ്പോഴും കോപിക്കുകയോ ശപിക്കുകയോ ചെയ്യാതെ ശാന്തനായിരുന്ന മുനിയുടെ മാഹാത്മ്യം അത്ഭുതം എന്നേ കാണേണ്ടതുള്ളു. ഇപ്രകാരമുള്ള മഹാപുരുഷന്മാരെ ഭാരതത്തിലല്ലാതെ എവിടെക്കാണും?

സ ച ശക്തസ്തപസാ
സംഹർത്തുമപി രക്ഷിതും
ജഗത്സർവ്വം ക്ഷയം തസ്യ
ചിന്തയന്ന പ്രചുക്രുധേ
സ പൂർവ്വം ക്രോധനോത്യർത്ഥം
മാതുർവധാത് പ്രസാദിതഃ
രാമേണോഗ്രതപോ നിത്യം
ശാന്ത ഏവ മഹാതപാഃ

(ബ്രഹ്മാ—മൂലം) എന്നു നോക്കുക.

ശ്ലോകം 32—ഭടൗഘാഃ—ഭടന്മാരുടെ കൂട്ടങ്ങൾ, ഭടന്മാർ കൂട്ടംകൂടി. ദിവ്യമുനൗ നിപാതിതേ—ദിവ്യനായ മുനി മരിച്ചുവീണപ്പോൾ. നിപാതിതൻ—നിപതിപ്പിക്കപ്പെട്ടവൻ. 'ദിവ്യ'പദം ഭടന്മാർക്ക മുനിയെ ഭയമുണ്ടായിരുന്നു എന്നും 'നിപാതിത'പദം അദ്ദേഹം വീണതോടു

പ്രഭാവിനീ സാ സുരഭിസ്തദാ തൈ-
സ്തദുപോഢകോപാ സുതരാം വ്യരൗത്സീൽ 32

ക്രോധാദുൽകൃത്യ പാശാന്മുഖരഖരൈരു-
ത്തുംഗശൃംഗാഗ്രഘാതൈ-
ര്യോധാൻ വിദ്രാവയന്തീ ഝടിതി പരിവൃതാൻ
ഘോര 'ഹുംബാ' നിനാദാ
നാസാഗ്രന്യസ്തഹസ്താംഗുലിഷു സകലലോ-
കേഷു പശ്യത്സു വിദ്യു-
ദ്ഭ്രാന്തക്ഷോഭം വളർത്തുജ്ജ്വലവിപുലവപു-
ർവ്യോമവീഥീം പ്രപേദേ. 33

ഇഷ്ടി അല്ല തീർന്നു എന്നും ധ്വനിപ്പിക്കുന്നു. ധേനും—പശുവിനെ, പാശൈഃ നിബദ്ധ്യ ചർമ്മരജ്ജുകയറുകൾകൊണ്ടു കെട്ടിവലിച്ചു. പ്രഭാവിനീ സാ സുരഭിഃ—പ്രഭാവശാലിനിയായ ആ കാമധേനു. പ്രഭാവം—ശക്തിവിശേഷം, വിചാരിക്കുന്ന കാര്യം ഉടനെ നടത്തുന്നതിനുള്ള ശക്തി. തൈഃ തദാ ഉപോഢകോപാ—അവരാൽ അപ്പോൾ ഉൽപാദിതകോപയായിട്ട്, അവരുടെ പ്രവൃത്തികൊണ്ടു കോപിച്ചു. സുതരാം—ഏററവും. വ്യരൗത്സീൽ—തടഞ്ഞു, അവരെ രോധിച്ചു. 31, 32—എന്നീ പദ്യങ്ങളിൽ വൃത്തം ഉപേന്ദ്രവജ്ര. ഇന്ദ്രവജ്ര, ഉപേന്ദ്രവജ്ര, ഇവയുടെ സങ്കരമായ ഉപജാതി എന്നീ മൂന്നു വൃത്തങ്ങളെയും ഒരേ വൃത്തമായി വ്യവഹരിക്കാറുണ്ട്. ''തഥാപി അവിദൂരവിപ്രകർഷാൽ ത്രിഷ്ടുബേകവൃത്തത്വവ്യവഹാരഃ'' (അപ്പയ്യദീക്ഷിതർ. യാദവാഭ്യുദയം വ്യാഖ്യാനം.) എന്നു കാണുക.

ശ്ലോകം 34—പശു എതിരാളികളെ എതിർത്ത സമ്പ്രദായം പറയുന്നു. ക്രോധാൽ—കോപം ഹേതുവായിട്ട്. പാശാൻ ഉൽകൃത്യ—കയറുകളെല്ലാം മുറിച്ചു, മുറിച്ചു കളഞ്ഞു. പരിവൃതാൻ യോധാൻ—ചുറ്റും നില്ക്കുന്ന ഭടന്മാരെ. മുഖര...ഘാതൈഃ—മുഖരങ്ങളും (ശബ്ദിക്കുന്നവ) ഖരങ്ങളും (കട്ടപ്പുള്ളവ) ആയ കുളമ്പുകളും ഉയർന്ന കൊമ്പുകളുടെ അഗ്രവും (അററവും) കൊണ്ടുള്ള ആഘാതങ്ങളാൽ, കുളമ്പുകൾകൊണ്ടു ചവുട്ടിയും കൊമ്പിന്റെ അറ്റംകൊണ്ട് അടിച്ചും കുത്തിയും. ഝടിതി—വേഗം. വിദ്രാവയന്തീ—ഓടിക്കുന്നവളായി, ഓടിച്ചു. ഘോര...നിനാദാ—ഭയങ്കരമായ 'ഹുംബാ' ശബ്ദം പുറപ്പെടുവിച്ചും ഭടന്മാരെ എതിർത്തു വേഗത്തിൽ ഓടിച്ചു എന്നു ഭാവം. സകലലോകേഷു നാസാഗ്രന്യസ്തഹസ്താംഗുലിഷു പശ്യത്സു—എല്ലാ ജനങ്ങളും മൂക്കത്തു കൈവച്ചു നോക്കിക്കൊണ്ടിരിക്കുമ്പോൾ, ജനങ്ങൾ എല്ലാം അതു കണ്ടു മൂക്കത്തു

തതോ നിരാശോ ഭയശോകശാലീ
ഗൃഹീതവത്സോ നൃപമേത്യ മന്ത്രീ
മൃതിം മുനീന്ദ്രസ്യ ഗതിഞ്ച ധേനോ-
ര്യഥാതഥം പ്രാഞ്ജലിരാബഭാഷേ. 34

ഈവണ്ണം കർണ്ണരന്ധ്രേ കനൽചൊരിയുമവ-
സ്ഥാന്തരം കേട്ടനേരം
ദേവൻ കാർത്തവീര്യന്നതിഗഹനമതേ-
രന്തരാത്മാ നടുങ്ങീ

കൈവെച്ച് 'കഷ്ടം!' 'കഷ്ടം!' എന്ന അഭിപ്രായത്തെ പ്രകാശിപ്പിച്ചുകൊണ്ട് നില്ക്കുന്ന സമയം. വിശ്വ...വളർത്തി—ലോകസമൂഹത്തിനെല്ലാം ക്ഷോഭം വളർത്തി, ലോകങ്ങൾക്ക് അധികം ഇളക്കമുണ്ടാക്കി. ബലവിപുലവപുഃ—ബലത്തോടുകൂടിയതും വിപുലവും ആയ ശരീരത്തോടുകൂടിയവരും, കരുത്തുള്ളതും തടിച്ചതും ആയ ശരീരമുള്ളവരും, ധേനു. വ്യോമവീഥിം—ആകാശവീഥിയെ. പ്രപേദേ—പ്രപദിച്ചു, പ്രാപിച്ചു, ധേനു ഭടന്മാരെ എതിരിട്ട് ഓടിച്ചതിനുശേഷം ആകാശത്തിൽക്കൂടെ സ്വർഗ്ഗത്തിലേക്ക് പോയി.

ശ്ലോകം 35—തതഃ—ധേനു പോയതിനുശേഷം. നിരാശഃ—ആഗ്രഹം സാധിക്കാതെ വന്നവനും, ഭയശോകശാലീ—മേലിൽ സംഭവിക്കുന്ന ആപത്തു വിചാരിച്ചു ഭയവും സങ്കടവും നേരിട്ടവനും, ഭയവിഷാദങ്ങളോടുകൂടിയവനും ആയ മന്ത്രി ചന്ദ്രഗുപ്തൻ. ഗൃഹീതവത്സഃ—കാമധേനുവിന്റെ കുട്ടിയെ കൈക്കലാക്കിക്കൊണ്ട്. നൃപം ഏത്യ—രാജാവിനെ പ്രാപിച്ച്, രാജാവിന്റെ അടുക്കൽച്ചെന്ന്. പ്രാഞ്ജലിഃ—കൈകൾ കൂപ്പി തൊഴുതുകൊണ്ട്. മുനീന്ദ്രസ്യ മൃതിം—ജമദഗ്നി മരിച്ചതിനെയും ധേനോഃ ഗതിം ച—ധേനുവിന്റെ പോക്കിനെയുംകുറിച്ച്. യഥാതഥം—ഉണ്ടായതുപോലെ. ആബഭാഷേ—ഭാഷിച്ചു, പറഞ്ഞു.

ശ്ലോകം 35—മന്ത്രിയുടെ വാക്ക് കേട്ടപ്പോൾ രാജാവിനുണ്ടായ വ്യാകുലതയെ പ്രതിപാദിക്കുന്നു. അതിഗഹനമതേഃ—ഏറ്റവും അഗാധമായ ബുദ്ധിയോടുകൂടിയവനും. മേലിൽ സംഭവിക്കുന്ന ആപത്തിനെപ്പറ്റി വിചാരിച്ചറിയുവാൻ രാജാവിനു ബുദ്ധിശക്തിയുണ്ടെന്ന് ഈ പദം വ്യഞ്ജിപ്പിക്കുന്നു. ദേവൻ—ദേവനെപ്പോലെയുള്ളവൻ, ദിവ്യൻ. ആ കാർത്തവീര്യന്—ആ കാർത്തവീര്യമഹാരാജാവിന്. കർണ്ണരന്ധ്രേ...വസ്ഥാന്തരം—കർണ്ണരന്ധ്രങ്ങളിൽ തീക്കനൽ വർഷിച്ചാൽ എന്നപോലെ ദുഃഖമുണ്ടാക്കുന്ന സ്ഥിതിഭേദത്തെപ്പറ്റി.

സോയം തീവ്രാധിശക്ത്യാ ചുടുചുടെ നെടുവീർ-
പ്പിട്ടു ബാഷ്പാവൃതാക്ഷോ
ദൈവാജ്ഞപ്പം ഭവിക്കെന്നുദിതധൃതി യയൗ
സാനുഗോ രാജധാനീം. 35

ഗദ്യം 2. തദനു ച ജമദഗ്നിമേനം നിജം വല്ലഭം മല്ലഭൂപാലയോധാഹൃതപ്രാണമച്ചോ പടർന്നുമച്ചോരയും

രന്ധ്രം—ഉള്ള. കനൽ—തീക്കനൽ. സന്താപാധിക്യദ്യോതകം. ഇവ്വണ്ണം—ഇപ്രകാരം. കേട്ടനേരം—കേട്ടപ്പോൾ. അന്തരാത്മാ—അന്തരാത്മാവ്, അന്തർഭാഗത്തുള്ള ആത്മാവ്, ഹൃദയാന്തർഭാഗം. നടുങ്ങീ—ഞെട്ടി. അന്തരാത്മാവിനു ഞെട്ടൽ (കലുക്കം) ഉണ്ടായി. 'നടുങ്ങീ' ഈ പദം അർത്ഥപുഷ്ടിയുള്ളതും സന്ദർഭോചിതവുമായിരിക്കുന്നു. മന്ത്രി പറഞ്ഞ വർത്തമാനം കേട്ടപ്പോൾ, ധീരനായ കാർത്തവീര്യന്റെ ഹൃദയത്തിന് ഒരു ഞെട്ടല് സംഭവിച്ചു. സ അയം—ആ ഈ രാജാവ്. തീവ്രാധിശക്ത്യാ—കഠിനമായ മനോവിഷാദത്തിന്റെ ശക്തികൊണ്ട്. ചുടുചുടെ നെടുവീർപ്പിട്ട്—ചൂടോടുകൂടി തുടരെത്തുടരെ, ചൂടുള്ളതാകത്തക്കവണ്ണം, നെടുവീർപ്പിട്ടിട്ട്. ബാഷ്പാവൃതാക്ഷഃ—നീർവന്നു നിറഞ്ഞ കണ്ണോടുകൂടിയവനായി, കണ്ണിൽ ബാഷ്പം നിറഞ്ഞു. ദൈവാജ്ഞപ്പം ഭവിക്കെന്ന—ഈശ്വരൻ ആജ്ഞാപിക്കുന്നതു (വിധിഹിതം) നടക്കട്ടെ എന്നു പറഞ്ഞു. ഉദിതധൃതി—ധൈര്യം കൈക്കൊണ്ടു. സാനുഗഃ—അനുഗന്മാരോടുകൂടി. രാജധാനീം—തന്റെ രാജധാനിയിലേക്ക്. യയൗ—യാനംചെയ്തു, പോയി. മന്ത്രിയുടെ വാക്കുകേട്ട രാജാവിനു കഠിനമായ അസ്വസ്ഥതയുണ്ടായി. 'ഈശ്വരനിശ്ചയം നടക്കട്ടെ' എന്നു പറഞ്ഞു. പിന്നീട് എല്ലാവരും ചേർന്നു രാജധാനിയിലേക്കു പോയി.

ശ്രുത്വൈതത് സകലം രാജാ
ജമദഗ്നിവധാദികം
ഉദ്വിഗ്നചേതാസ്സുഭൃശം
ചിന്തയാമാസ നൈകധാ

(ബ്രഹ്മാണ്ഡ—മൂലം) എന്നു നോക്കുക. ഈ പദ്യത്തിൽ രാജാവിന്റെ മനോവ്യാകുലതയെ പ്രകാശിപ്പിക്കുന്ന തൃതീയപാദം അകൃത്രിമവും മനോഹരവുമായിട്ടുണ്ട്. എന്നാൽ 'അതിഗഹനതരേന്തരാത്മാ നടുങ്ങീ' എന്ന ഗ്രന്ഥകാരന്റെ വാക്യത്തിന്റെ ഭാവപുഷ്ടിയൊന്നു വേറെയാണ്. 'അന്തരാത്മാ നടുങ്ങീ' എന്ന് ഒരു മലയാളിക്ക് അല്ലാതെ ആർക്കു പ്രയോഗിക്കുവാൻ കഴിയും?

ഗദ്യം 2—തദനു ച—അനന്തരം. നിജം വല്ലഭം എന്നും ജമദഗ്നിം—തന്റെ ഭർത്താവായിരിക്കുന്ന ഈ ജമദഗ്നിയെ. മല്ല...പ്രാണം—രാജ

കൂടി മേന്മേലണിഞ്ഞൂഴിപ്പുരണ്ടേഷ്വ ശയാനം ഭയേനാകുലാ താപസൈസ്സാകമാസാദ്യ സാ രേണുകാ മാറിൽ വീണാവ തെല്ലാം തൊഴിക്കുന്ന നേരത്തു വിപ്രേണ സഖ്യാ സമം തത്ര മുൽപാട്ടുവന്നാസ്ഥിതം ദുഃഖഭാരാവനമ്രം നിജം പുത്രകം കണ്ടു പണ്ടേതിലേററം തഴച്ചോരു ശോകാതിരേകേണ, "ഹാഹന്ത മജ്ജീവനാലംബമേ! വത്സ! നീകേൾക്ക നിൻ താതമേനം ബലാൽ കൊന്നൊടുക്കി മഹാപാപി ഹാ! ഹൈഹയാധീശനയ്യോ! ഹതാ ദുർഗ്ഗാ ഞാ"നിതെന്നങ്ങുറു

ടേന്മാരാൽ പ്രാണൻ അപഹരിക്കപ്പെട്ടവനം(വധിക്കപ്പെട്ടവൻ). അച്ചോ!–അനുകമ്പാധിക്യദ്യോതകം. ആശ്ചര്യം, അനുകമ്പ, സന്തോഷം മുതലായ വികാരങ്ങളെ അധികമായി ദ്യോതിപ്പിക്കുന്നിടത്തു ഈ ശൈലി ഉപയോഗിക്കുന്നു. ചമ്പൂകാരന്മാക്ക് ഏററവും പ്രിയമുള്ള ഒന്നാണ് ഈ പദം. പടുത്ത...ശയാനം–പടുത്തുന്നതായ അച്ചോരയും ശരീരത്തിൽ പുരണ്ടു ഭൂമിയിൽ (നിലത്തു) കിടക്കുന്നവനം. പടുത്തുക–പരക്കെ വീഴിക്കുക. ആയ വല്ലഭം എന്ന പദത്തിന്റെ വിശേഷണം. സാ രേണുകാ–മുനിപത്നിയായ ആ രേണുക. ഭയേന ആകുലാ–ഭയംകൊണ്ടു പീഡിതയായിട്ട്, ഭയസംഭ്രമവിഷാദങ്ങളോടുകൂടി. താപസൈഃ സാകം ആസാദ്യ–മുനികളോടുകൂടി പ്രാപിച്ചിട്ട്. ജമദഗ്നി മരിച്ചു ചോരയുമണിഞ്ഞു കിടക്കുന്ന സ്ഥലത്തു മററു മുനികളോടുകൂടി ചെന്നിട്ട്. മാറിൽ...നേരത്തു്–മാറത്തു് (മൃതശരീരത്തിന്റെ) വീണു മാറത്തടിച്ചു കരയുന്ന സമയം. തത്ര–അവിടെ. വിപ്രേണ സഖ്യാ സമം–ബ്രാഹ്മണനായ ഇഷ്ടനോടുകൂടി, അകൃതവ്രണനമൊരുമിച്ച്. മുല്പാട്ട...കണ്ടു–മുൻപിൽ വന്നു സ്ഥിതിചെയ്യുവനം ദുഃഖാധിക്യംകൊണ്ടു് അവനമ്രനം ആയ തന്റെ മകനെ (പരശുരാമനെ) കണ്ടിട്ട്. അവനമ്രൻ–കുനിഞ്ഞവൻ, ഭാരംകൊണ്ടെന്നപോലെ താഴ്ന്നവൻ. പണ്ടേതി...രേകേണ–മുൻപിലത്തെക്കാറം വർദ്ധിച്ച സങ്കടാധിക്യംകൊണ്ടു്. "ഹാ ഹന്ത...ദുർഗ്ഗാ ഞാൻ"–രേണുകയുടെ വിലാപം. മജ്ജീവനാലംബമേ–എന്റെ ജീവിതത്തിന് ആശ്രയമായിരിക്കുന്നവനേ! നീയല്ലേ എനിക്ക് ആശ്രയമായിട്ടുള്ളു. വത്സ!–ഉണ്ണീ! വാത്സല്യാധിക്യദ്യോതകം. നീ കേൾക്ക–നീ കേട്ടാലും. മഹാപാപി ഹൈഹയാധീശൻ–മഹാപാപിയായ കാർത്തവീര്യാർജ്ജുനൻ.

ബ്രഹ്മഹാ മദ്യപസ്സ്തേനഃ
സ്സ്വൈവ ഗുരുതല്പഗഃ
ഏതേ മഹാപാതകിനോ
യശ്ച തൈസ്സഹ സഞ്ചരൻ.

വ്വേഴുവട്ടം കനം കണ്ണുനീർവാർത്തു മാറത്തലച്ചും മിളച്ചാപ
ലം ഭൂതലേ വീണുരുണ്ടും തൊഴിക്കുന്നതാലോക്യ രാമോപി
വാസ്തും പ്രകോപാനലജ്വാല നിഷ്പീതദുസ്താരഖേദോല്ലു
രോ ''മാതരാകർണ്ണയാകർണ്ണയാസ്മൽ പ്രതിജ്ഞാമിമാമത്ര
വട്ടം മദഗ്രേ സതീ ഭർത്തൃശോകാകുലാ നീ കരാഭ്യാമുരോഭ്യാമു
രസ്താഡയന്തീ കരഞ്ഞീടിനാൾ സത്യമിങ്ങെത്രവട്ടം ക്രതോ
ന്മഥലീതാഡനം ചാല നാലാഴിചൂഴും മഹീമണ്ഡലേ ച

എന്നു സ്മൃതി. ബ്രാഹ്മണനെ വധിക്കുന്നവൻ, മദ്യപാനം ചെയ്യുന്നവൻ, കളവുചെയ്യുന്നവൻ, ഗുരുതല്പത്തെ പ്രാപിക്കുന്നവൻ (ഗുരുവിന്റെ ഭാര്യയോടു ചേർന്നു രമിക്കുന്നവൻ), ഇവരോടുകൂടി സംസർഗ്ഗം ചെയ്യുന്നവൻ എന്നിവരാണു മഹാപാപികൾ. മന്ത്രി ചെയ്തതു രാജാവിനുവേണ്ടി ആകയാൽ ഇവിടെ രാജാവിനെ മഹാപാപിയായി ഗണിച്ചിരിക്കുന്നു. നിൻതാതം എന്നും—നിന്റെ പിതാവായ ഈ മുനിയെ. ബലാൽ—ശക്തി ഹേതുവായിട്ട്. കൊന്നൊടുക്കി—കൊന്നു, ജീവിതം അവസാനിപ്പിച്ചു. ദുർഭഗാ ഞാൻ ഹതാ—ദുർഭഗയായ ഞാൻ ഹതയായി. ദുർഭഗാ—ഭാഗ്യംകെട്ടവൾ, ഹതാ—ഹനിക്കപ്പെട്ടവൾ, വിധവ, മൃതപ്രായം. എന്നഞ്ഞു—എന്നു പറഞ്ഞു. മുവ്വേഴുവട്ടം...അലച്ചും—ഇരുപത്തിയൊന്നുതവണ, കണ്ണുനീർ ചൊരിഞ്ഞു കൈകൊണ്ടു മാറത്തടിച്ചും. മിളച്ചാപലം—ചാപല്യത്തോടുകൂടി, അസ്വസ്ഥതയോടേ. ഭൂതലേ...താലോക്യ—നിലത്തുവീണ് ഉരുണ്ടു മാറത്തടിക്കുന്നതു കണ്ടിട്ട്. ആലോക്യ—ആലോകനംചെയ്തിട്ട്, കണ്ടിട്ട്. രാമഃ അപി—രാമനും. വാസ്തും...ഖേദോല്ലുരഃ—വർദ്ധിക്കുന്നതായ കോപാഗ്നിജ്വാല കൊണ്ടു നിഷ്പീതമായ ദുസ്താരഖേദോല്ലുരത്തോടു കൂടിയവൻ. പ്രകോപാനലജ്വാല-പ്രകോപമാകുന്ന അഗ്നിയുടെ ജ്വാല. നിഷ്പീതം-പാനം ചെയ്യപ്പെട്ടതു്, നശിപ്പിച്ചതു്. ദുസ്താരഖേദോല്ലുരം—ദുസ്താരമായ ഖേദോല്ലുരം. ദുസ്താരം—കരയില്ലാത്തതു്, അതിരില്ലാത്തതു്. ഖേദോല്ലുരം—ദുഃഖസമൂഹം, കോപം വർദ്ധിച്ചപ്പോൾ ദുഃഖം ഇല്ലാത്തവനായി ത്തീർന്നു. മാതഃ ഇമാം അസ്മൽ പ്രതിജ്ഞാം ആകർണ്ണയ ആകർണ്ണയ—അമ്മേ! ഈ എന്റെ പ്രതിജ്ഞയെ (ശപഥത്തെ) കേട്ടാലും കേട്ടാലും. ആകർണ്ണയ—ആകർണ്ണനംചെയ്താലും. ആകർണ്ണനംചെയ്യുക—കേൾക്കുക. തീർച്ചയായും കേൾക്കണം എന്ന ആശയത്തെ ദ്യോതിപ്പിക്കുന്നതിനാണ് 'ആകർണ്ണയ' എന്നു രണ്ടുതവണ ഉപയോഗിച്ചതു്. മദഗ്രേ—എന്റെ അടുക്കൽ. സതീ—ചാരിത്ര്യശുദ്ധിയോടുകൂടിയവളായ നീ. പതിവ്രത. ഭർത്തൃശോകാകുലാ—ഭർത്തൃമരണംകൊണ്ടു സങ്കടപ്പെട്ട്. എത്രവട്ടം—എത്രതവണ. ഉരോഭ്യാം കരാഭ്യാം ഉരഃ താഡയന്തീ—രണ്ടു കൈകൾകൊണ്ടും മാറത്തു താഡയന്തിയായി (താഡിച്ചു, അടിച്ചു).

ന്നാഴി ക്ഷത്രിയസ്ത്രീജനം നവ്യവൈധവ്യമുൾക്കൊണ്ടു കേ
ണീടുമാറിന്നു മഹാദേവശിഷ്യഃ കരിഷ്യാമി ഞാനി''ത്ഥമാ
ഭാഷ്യ മാനീ ചതുർഭിസ്സമം ഭ്രാതൃഭിസ്താതമപ്പോളെടുത്താശ്ര
മാഭ്യന്തരേ കൊണ്ടുപോയ് സംസ്കരിപ്പാൻതുടങ്ങുന്ന
നേരം പിതുർജ്ജീവനം ഭാവിസംസൂത്രയന്തീമനാകാരിണീം
കാഞ്ചിദാകർണ്ണ്യ വാണീം സമാശ്വസ്തചേതാ നിവാതേ
ശവാംഗം നിധായാസ്ഥയാ പാർത്തിരുന്നീടിനാൻ. വി

കരഞ്ഞീടിനാറം-കരഞ്ഞു. സത്യം-സത്യമായി (സത്യംചെയ്തു) പറയുന്നു. അത്രവട്ടം-അത്രയുംതവണ. നാലാഴി...കരിഷ്യാമി-നാലു കടലുകളും ചുററുന്ന ഭൂമിയിലെ രാജാക്കന്മാരുടെ ഭാര്യമാർ പുതിയ വൈധവ്യഭാവത്തോടു കൂടിയവരായി. കൃതോരഃസ്ഥലീതാഡനം-മാറത്തടിച്ചുകൊണ്ട്. കേണീടുമാറു-കരയത്തക്കവിധം മഹാദേവശിഷ്യനായ ഞാൻ ചെയ്യുന്നുണ്ട്. എത്രതവണ നീ കൈകൊണ്ടു മാറത്തടിച്ചു കരഞ്ഞുവോ അത്രയുംതവണ ലോകത്തിലെ ക്ഷത്രിയന്മാരെ വധിച്ച് അവരുടെ ഭാര്യമാരെ വിധവകളാക്കി അവർ മാറത്തടിച്ചു കരയേണ്ടതായ സ്ഥിതി ഞാൻ വരുത്തും, നിശ്ചയം. മഹാദേവശിഷ്യഃ എന്ന പദം പ്രതിജ്ഞ നിർവ്വഹിക്കുന്നതിനുള്ള ശക്തിയേയും നിശ്ചയത്തേയും ധ്വനിപ്പിക്കുന്നു. മാനീ ഇത്ഥം ആഭാഷ്യ-മാനിയായിരിക്കുന്ന രാമൻ ഇപ്രകാരം പറഞ്ഞിട്ട്. ചതുർഭിഃ ഭ്രാതൃഭിഃ സമം-നാലു സഹോദരന്മാരോടുംകൂടി. അപ്പോറം-ആ സമയം. താതം-പിതാവിനെ. പിതാവിന്റെ മൃതദേഹത്തെ. എടുത്തു...നേരം-എടുത്ത് ആശ്രമത്തിനകത്തുകൊണ്ടുപോയി സംസ്കരിക്കുന്നതിന് ഒരുമ്പെട്ടപ്പോറം. പിതുഃ ഭാവിജീവനം സംസൂത്രയന്തീം അനാകാരിണീം കാഞ്ചിത് വാണീം-പിതാവിന്റെ ഭാവിജീവനത്തെ സൂചിപ്പിക്കുന്നതായ ഒരു അശരീരിവാക്കിനെ, ജമദഗ്നിക്കു വീണ്ടും ജീവൻ ഉണ്ടാകും എന്നിങ്ങനെ ഒരു അശരീരിവാക്കിനെ, അനാകാരിണീ-ആകാരം (ശരീരം) ഇല്ലാത്തതു്, അശരീരിവാക്ക്. ആകർണ്ണ്യ-കേട്ടിട്ട്. സമാശ്വസ്തചേതാഃ-സമാശ്വസ്തമായ ചേതസ്സോടു കൂടിയവനായി. മനസ്സിൽ ആശ്വാസം ഉണ്ടായി. നിവാതേ ശവാംഗം-ശവശരീരം നിവാതസ്ഥലത്തിങ്കൽ. നിവാതം-കാററില്ലാത്ത സ്ഥലം. ''നിവാതനിഷ്കമ്പതയാ വിഭാതി'' എന്നു രഘു. (സ. 13.) നിധായ-വച്ചിട്ട്. ആസ്ഥയാ-ആസ്ഥയോടുകൂടി. പാർത്തിരുന്നീടിനാൻ-കാത്ത് ഇരുന്നു.

തതോ നീത്വാ പിതുർദ്ദേഹ-
മാശ്രമാഭ്യന്തരം മുനേ!
ശായയിത്വാ നിവാതേ ഉ
പരിതസ്ഥൗപാവിശൻ

രവിലവിടെ ദൈവയോഗാല്ലെഴുന്നള്ളി ദാനവാചാര്യനാ
കർണ്ണിതാശേഷവൃത്തോ നിരൂപിച്ചു നേരേ മൃതസ്യാശു
സഞ്ജീവിനീമാത്മവിദ്യാം പ്രയോഗിച്ചു....യോഗീശ്വ
രോസൗ സമുജ്ജീവയൻ മെല്ലമെല്ലേ സമാശ്വാസ്യ സർവ്വാൻ

(ബ്രഹ്മാ—മൂലം) എന്നു കാണുക. ദൈവയോഗാൽ–ദൈവനിശ്ചയം ഹേതുവായിട്ട്. വിരവിൽ–വേഗം. ദാനവാചാര്യൻ–അസുരന്മാരുടെ ഗുരുവായ ശുക്രമഹർഷി. ആകർണ്ണിതാശേഷവൃത്തഃ–എല്ലാ വർത്തമാനങ്ങളും കേട്ടറിഞ്ഞു. നിരൂപിച്ചു–എല്ലാ കാര്യങ്ങളെയുംകുറിച്ച് ആലോചിച്ച്. മൃതസ്യ–മരിച്ചവന്. മരിച്ചുകിടക്കുന്ന ശവത്തിൽ. ആശു ആത്മവിദ്യാം സഞ്ജീവിനീം പ്രയോഗിച്ചു–വേഗത്തിൽ തന്റെ വിദ്യയായ മൃതസഞ്ജീവിനിയെ പ്രയോഗിച്ചു. സഞ്ജീവിനി–മൃതസഞ്ജീവിനി. മരിച്ചവരെ ജീവിപ്പിക്കുന്നത്. അസൗ യോഗീശ്വരഃ–ഈ പദം മഹായോഗിയായതുകൊണ്ടാണ് ശുക്രാചാര്യന് ഈ കാര്യം സാധിച്ചത് എന്നു വ്യഞ്ജിപ്പിക്കുന്നു.

തച്ഛ്രുത്വാ സ ഭൃഗുശ്രേഷ്ഠഃ
ജലമാദായ മന്ത്രവിത്
സഞ്ജീവിന്യാ വിദ്യയാ തം
സിഷേച പ്രോച്ചരന്നിദം
യദ്യസ്യ തപസോ വീര്യം
മമാപി ശുഭമസ്തി ചേൽ
തേനാസൗ ജീവതാച്ഛീഘ്രം
പ്രസുപ്ത ഇവ ചോത്ഥിതഃ
ഏവമുക്തേ ശുഭേ വാക്യേ
ഭൃഗുണാ സാധുകാരിണാ
സമുത്തസ്ഥാവഥാർച്ചീകഃ
സാക്ഷാദ്ഗുരുരിവാപരഃ

(ബ്രഹ്മാ—മൂലം) എന്നു കാണുക. ഈ ഭാഗത്തിന്റെ ഭാഷ:

മൃതസഞ്ജീവിനിയാം വിദ്യകൊണ്ടതിദ്രുതം
മൃതനാം ജമദഗ്നിതന്നെയും ജീവിപ്പിച്ചാൻ

മൂലവും ഭാഷയും തമ്മിൽ എത്രയു വ്യത്യാസമുണ്ടെന്ന് ഇവിടെ കാണേണ്ടതാകുന്നു. ബ്രഹ്മാണ്ഡപുരാണം മൂലത്തിനും ഭാഷയ്ക്കും തമ്മിൽ പൊതുവെ ഈ വ്യത്യാസം ഉണ്ടെന്നു കാണാം. മഹാഭാരതം ആശ്വമേധികപർവ്വത്തിൽ (അ–69) ഭഗവാൻ ശ്രീകൃഷ്ണൻ മൃതനായ പരീക്ഷിത്തിനെ ജീവിപ്പിക്കുന്ന പ്രകൃതം ഇവിടെ സ്മരിക്കുന്നതു നന്നായിരിക്കും. ''ഏഷ സഞ്ജീവയാമ്യേനം പശ്യതാം സർവ്വദേഹിനാം'' എന്നുമുതൽ, ''ശനൈശ്ശനൈർമഹാരാജ പ്രാസ്പന്ദത സചേ

പ്രസാദേന പോയോരനേരത്തകാണ്ഡേ ദിവോ വന്നിറ
ങ്ങും മഹാധേനുവും വത്സവിശ്ലേഷഖിന്നാന്തദീയവ്യ
ഥാൎദ്ദ്രയമാനങ്ങൾ താതം വിലോക്യ ക്ഷതക്ഷാരസേകായി
തോദഗ്രകോപോദയസ്സാഹസീ താനുണൎത്തീടിനാൻ. "നാ
ഥ കേൾക്കേണമസ്മൽ ഗിരം താത ചേതോവിഷാദം ധ
രിച്ചേനശേഷം ക്ഷണംപാൎക്ക ഞാൻ ചെന്നു മാഹിഷ്മ
തീരാജധാന്യാമണഞ്ഞാഹവേ ദൃപ്തം ഹൈഹയാധീശ്വ
രൻ തന്നെയും വൻപടച്ചാൎത്തുമൊന്നിച്ചു കൊന്നമ്മഹാധേ
നുവത്സം ബലാദാഹരിച്ചിങ്ങുകൊണ്ടുതരുന്നുണ്ടിതെന്നും
മദാചാൎയ്യനാമമ്പിളിക്കല്ലണിഞ്ഞീടുമത്തൻപിരാൻ

തനു" എന്നുവരെ പദ്യങ്ങൾ നോക്കുക. സൎവ്വാൻ മെല്ലമെല്ലെ സമാശ്വാസ്യ പ്രസാദേന പോയോരനേരത്ത്—എല്ലാവരേയും ഉപര്യുപരി (മേന്മേൽ) ആശ്വാസം ജനിപ്പിച്ചു മനസ്സുതെളിഞ്ഞു പോയ സമയത്ത്. ജമദഗ്നിക്കു ജീവനുണ്ടായി കണ്ടപ്പോൾ എല്ലാവരും അധികം ആശ്വസിക്കുകയും സന്തോഷിക്കുകയും ചെയ്തു. അകാണ്ഡേ—വിചാരിക്കാതെയിരുന്ന സമയത്ത്. അനവസരത്തിൽ. ദിവഃ—(പഞ്ചമി) ആകാശത്തിൽനിന്നു വന്നിറങ്ങും—വന്ന് ആശ്രമത്തിൽ ഇറങ്ങിയ വത്സവിശ്ലേഷഖിന്നാം മഹാധേനുവും—കുട്ടിയുടെ വേർപാടുകൊണ്ടു ദുഃഖിതയായ കാമധേനുവിനേയും. തദീയ...വിലോക്യ—അതിന്റെ സങ്കടം കണ്ടു ദുഃഖിതനായ പിതാവിനേയും കണ്ടിട്ട്. വിലോക്യ—വിലോകനം ചെയ്തിട്ട്, (കണ്ട്). ക്ഷതക്ഷാര...സാഹസീ—മുറിവു ക്ഷാരം കൊണ്ടു നനച്ചാൽ വേദനയെന്നപോലെ വൎദ്ധിച്ച കോപം ഉണ്ടായി. പിതാവിന്റെ സങ്കടം കണ്ടപ്പോൾ മുൻപു കാൎത്തവീൎയ്യാൎജ്ജുനനോട് ഉണ്ടായിരുന്ന കോപം മുറിവിൽ ക്ഷാരംവച്ചാൽ എന്നപോലെ വൎദ്ധിച്ചു. സാഹസീ—സാഹസംചെയ്യുന്നതിനൊരുമ്പെട്ട. ഉണൎത്തീടിനാൻ—പറഞ്ഞു. നാഥ താത—നാഥനായിരിക്കുന്ന പിതാവേ! അസ്മൽ ഗിരം—ഞങ്ങൾ പറയുന്ന വാക്കിനെ. കേൾക്കേണം—കേട്ടാലും. ചേതോവിഷാദം ധരിച്ചേൻ അശേഷം—മനസ്സിലുള്ള ദുഃഖം മുഴുവൻ ഞാൻ അറിഞ്ഞു. ക്ഷണം പാൎക്ക—അല്പസമയം ക്ഷമിച്ചിരുന്നാലും. ഞാൻ മാഹിഷ്മതീരാജധാന്യാം ചെന്ന് അണഞ്ഞു—ഞാൻ കാൎത്തവീൎയ്യാൎജ്ജുനന്റെ മാഹിഷ്മതീരാജധാനിയിൽ ചെന്നുചേൎന്ന്. അവിടെ എത്തി. ആഹവേ—യുദ്ധത്തിൽ. ദൃപ്തം—ദുരഹങ്കാരിയായ, അഹങ്കാരംമൂത്ത. ഹൈഹയാ...കൊന്നു—കാൎത്തവീൎയ്യാൎജ്ജുനനെയും സൈന്യങ്ങളെയും ഒരുമിച്ചു കൊന്ന്. അമ്മഹാ...തരുന്നുണ്ട്—കാമധേനുവിന്റെ കുട്ടിയെ ബലാൽക്കാരേണ അപഹരിച്ച് ഇവിടെ കൊണ്ടു

ച്ചേവടിപ്പൂമ്പൊടിച്ചാർത്തു തന്നാണ നിർണ്ണീയതാ"മെന്നി വണ്ണം സമാഭാഷ്യ ഘോരം കഠോരം കരേ ധാരയൻ വിപ്ര വര്യാന്വിതോ മാനശാലീ പുറപ്പെട്ടു മാർഗ്ഗാന്തരാളേ സ്മൃതിപ്രക്രിയാനീതമപ്പാർഷദം പാർവ്വതീശസ്യ നൽസ്യന്ദനേഷ്വാസസൂതാദിഭിസ്സാകമെത്തി കൃതാർത്ഥാന്തരാത്മാ പുരോദ്യാനമാസാദ്യ സദ്യസ്സഹായം മഹീദേവമാഹൂയ ചൊല്ലീടിനാൻ. "പ്രിയസഖ! വിഗതാഭിശങ്കം പുരാഭ്യന്തരേ ചെന്നു നീ വൈകിയാതെ മഹാരാജനാം കാർത്തവീര്യാർജ്ജുനൻ തന്നൊടേവം പറഞ്ഞിട്ടു നിശ്ശേഷ വി

വന്നു തരാം. മദാചാര്യ...നിർണ്ണീയതാം–ഉറപ്പിനവേണ്ടി ആണയിട്ടു പറയുന്നതാണ് ഈ ഭാഗം. എന്റെ ഗുരുനാഥനും ചന്ദ്രകലേ ധരിക്കുന്നവനുമായ ശ്രീപരമേശ്വരന്റെ പാദപത്മപരാഗങ്ങളാണേ ഞാൻ ഈ പറഞ്ഞതു സത്യമെന്നു വിശ്വസിച്ചാലും. ആണ–ആണേ. ആണ് –ഈ വാക്കു മറ്റുന്നതല്ല. സമാഭാഷ്യ–സമാഭാഷണം ചെയ്തിട്ട്, പറഞ്ഞിട്ട്. ഘോരം...ധാരയൻ–ഭയങ്കരമായ മഴു കൈയിൽ എടുത്തു പിടിച്ച്. ധാരയൻ–ധരിക്കുന്നവൻ. ധരിക്കുക, വഹിക്കുക. മാനശാലീ–മാനശാലിയായ രാമൻ. വിപ്രവര്യാന്വിതഃ–ബ്രാഹ്മണശ്രേഷ്ഠനായ അകൃതവ്രണനോടുകൂടി. മാർഗ്ഗാന്തരാളേ–വഴിക്കിടയിൽ. അന്തരാളം–അന്തർഭാഗം. സ്മൃതിപ്രക്രിയാനീതം പാർവ്വതീശസ്യ അപ്പാർഷദം–സ്മരണംചെയ്തു സമീപത്തുവരുത്തിയ, ശിവന്റെ ആ പാർഷദനോടും. സ്മൃതിപ്രക്രിയാ–സ്മരണപ്രവൃത്തി. ആനീതൻ–ആനയിക്കപ്പെട്ടവൻ, സ്മരിച്ചസമയത്തു് അടുത്തുവന്നവൻ. പാർഷദൻ–ശിവഭൃത്യം. "പ്രമഥാഃ സ്യുഃ പാരിഷദാഃ" എന്നു് അമരം. യോഗികൾക്ക് ഒരാളിന്റെ വിചാരം അറിയുന്നതിനും സാധിക്കും. അതു് ഒരു യോഗസിദ്ധിയാണു്. നൽസ്യന്ദന...ന്തരാത്മാ–നല്ല തേരോടും ആവനാഴിയോടും സൂതൻ മുതലായവരോടുംകൂടി വന്നിട്ടു്, മനസ്സിൽ കൃതാർത്ഥതയോടുകൂടി. മഹോദരൻ തേരു്, ആവനാഴിയെന്നിവയും മററു വേണ്ടുന്ന വസ്തുക്കളും കൊണ്ടുവന്നു കൊടുത്തു. അവ വാങ്ങിയിട്ടു പരശുരാമൻ കൃതാർത്ഥനായി. സദ്യഃ–അപ്പോൾത്തന്നെ. പുരോദ്യാനം ആസാദ്യ–മാഹിഷ്മതീനഗരത്തിലുള്ള ഉദ്യാനത്തിൽ ചെന്നു. സഹായം–സഹായംചെയ്യുന്നവനായ, ഇഷ്ടനായ മഹീദേവം–ബ്രാഹ്മണനെ. ആഹൂയ–ആഹ്വാനംചെയ്തു്, വിളിച്ചു്. ചൊല്ലീടിനാൻ–പറഞ്ഞു. പ്രിയസഖ–പ്രിയസ്നേഹിതാ. നീ–അങ്ങു്. വൈകിയാതെ–താമസത്തിനിടവരുത്താതെ. വിഗതാഭിശങ്കം–യാതൊരു സംശയവുംകൂടാതെ. പുരാഭ്യന്തരേ–നഗരത്തിനകത്തുചെന്നു്. മഹാ...

ഷോദയക്ഷേമസംഹാരദാക്ഷിണ്യദീക്ഷാം കുറികൊണ്ട
സാക്ഷാൽ പ്രധാനസ്യ ദാക്ഷായണീശസ്യ വിഖ്യാതനാം
ധർമ്മപുത്രോ ജഗജ്ജൈത്രസാരോ മുനിർ ഭാർഗ്ഗവസ്താതഹിം
സാഭിദ്രുതോ രണാർത്ഥീ ഗൃഹാരാമഭൂമൗ മഹാസാഹസീ
പാർത്തുനിൽക്കുന്നിതെന്നാൽ, വിരഞ്ഞാത്തബന്ധുക്കളും
കേൾപ്പെടച്ചാർത്തൊന്നിച്ച വേഗാൽ പുറപ്പെട്ടവാജ്ഞാത
മാനശ്രീയാ ദേഹി മേ യുദ്ധമല്ലായ്കിലഭ്രാതൃദാരാത്മജാമാ

പറഞ്ഞിട്ട്-മഹാരാജാവായ കാർത്തവീര്യാർജ്ജുനനോട് ഇപ്രകാരം പറയുക. നിശ്ശേഷ...ദീക്ഷാം-സകല ലോകങ്ങളുടെയും സൃഷ്ടിയും, സ്ഥിതിയും, സംഹാരവും ചെയ്യുന്നതിൽ ദാക്ഷിണ്യത്തോടുകൂടി ദീക്ഷിച്ചിരിക്കുന്നവനായി. ഉദയം--സൃഷ്ടി, ഉല്പത്തി. ക്ഷേമം--രക്ഷ. ദീക്ഷ-വ്രതം. പ്രധാനസ്യ ദാക്ഷായണീശസ്യ-മുഖ്യനായിരിക്കുന്ന ശിവന്റെ. ദാക്ഷായണീശൻ-ദാക്ഷായണിയുടെ ഭർത്താവ്. ശിവന്റെയും പാർവ്വതിയുടെയും ധർമ്മപുത്രനാണു ഞാൻ എന്നു ദ്യോതിപ്പിക്കുന്നതിനാണ് ദാക്ഷായണീപദം പ്രയോഗിച്ചതു്. ദാക്ഷായണി-മുൻജന്മത്തിൽ ദക്ഷന്റെ പുത്രിയായി ജനിച്ചവൾ.

''സതീ ദക്ഷസ്യാദൗ കില സകലമാതസ്ത്വമഭവ-
സ്തദോഷം തം ഹിത്വാ തദനു ഗിരിരാജസ്യ ദുഹിതാ''

എന്നു കാണുക. വിഖ്യാതനാം ധർമ്മപുത്രഃ-പേർപുകഴ്ന്നവനായ ശിഷ്യൻ. ഗുരുവിനു ശിഷ്യൻ ധർമ്മമനുസരിച്ച് പുത്രനാകുന്നു.

ജനിതാ ചോപനേതാ ച
യസ്തു വിദ്യാം പ്രയച്ഛതി
അന്നദാതാ ഭയത്രാതാ
പഞ്ചൈതേ പിതരഃ സ്മൃതാഃ

എന്നു കാണുക. ജഗജ്ജൈത്രസാരഃ ഭാർഗ്ഗവഃ മുനിഃ-ലോകങ്ങളെ ജയിക്കുന്നതിനുതക്ക ബലത്തോടുകൂടിയവനും ഭൃഗുവംശത്തിൽ ജനിച്ചവനും ആയ. മുനി-പരശുരാമൻ. ഭാർഗ്ഗവമുനി-ഭാർഗ്ഗവമഹർഷി, രാമൻ. താതഹിംസാഭിദ്രുതഃ-പിതാവിനെ വധിച്ചതുനിമിത്തം പരിഭവത്തോടുകൂടിയവനായി, വിരോധം കൈക്കൊണ്ട്. രണാർത്ഥീ-രണാർത്ഥിയായി, യുദ്ധംചെയ്യുന്നതിന് ആഗ്രഹിച്ച്. ഗൃഹാരാമഭൂമൗ-ഗൃഹത്തിനടുത്തുള്ള ഉദ്യാനത്തിൽ. മഹാസാഹസീ-വലിയ സാഹസം ചെയ്യുന്നവൻ, വീണ്ടുവിചാരംകൂടാതെ അക്രമം പ്രവർത്തിക്കുന്നവനായി. പാർത്തുനില്ക്കുന്നു-പാർക്കുന്നു, വന്നു നിന്നു നോക്കിക്കൊണ്ടിരിക്കുന്നു. മാനശ്രീയാ-മാനൈശ്വര്യങ്ങളോടുകൂടി. മാനം-അഭിമാനം. മേ യുദ്ധം ദേഹി-എനിക്കു യുദ്ധത്തെ ദാനംചെയ്താലും, എന്നോടു യുദ്ധംചെയ്താ

ത്യഭൃത്യൈസ്സമം വന്നു കീഴെച്ചെയ്തതിന്നൊക്കെ വല്ലായ്മയും ചൊല്ലി ഗോവത്സവും നൽകി നത്വാ സുഖേനൈവ പൊയ്ക്കൊൾക, പക്ഷങ്ങളീരണ്ടുമെന്നിപ്പടക്കോപ്പുമായ്ക്കോട്ട യിൽ പുക്കടെച്ചങ്ങിരിക്കെന്നതത്രേ നിരൂപിച്ചു കല്പിച്ച തെന്നും വരുന്നാകിലൊന്നും ധരിക്കേണമുൾത്തിങ്ങുമസ്ത്രാനലജ്വാലകൊണ്ടൊക്കെയും ചുട്ടുപൊട്ടിച്ചു കാലാരികാലാനലപ്ലുഷ്ടമാം മുപ്പുരത്തിന്നു വന്നോരവസ്ഥാന്തരം ദർപ്പകാരാതിശിഷ്യൻ വരുത്തീടുമെന്നീപ്രകാരം നിയുക്തേന മുല്പാട്ടുചെന്ന മഹീദേവനാൽ വർണ്ണിതം ഭാർഗ്ഗവപ്രൗഢ വാക്യം ചെവിക്കൊണ്ടു വാഴ്ചും പ്രകോപാന്ധചിത്തോ

ലും. ദേഹി–(ക്രിയ)ദാനംചെയ്യാവും, തരിക. അല്ലായ്കിൽ–യുദ്ധത്തിന് ഒരുക്കമില്ലെങ്കിൽ. ഭ്രാതൃ...സമം–സഹോദരന്മാർ, ദാരങ്ങൾ(ഭാര്യമാർ), പുത്രന്മാർ, മന്ത്രിമാർ, ഭൃത്യന്മാർ എന്നിവരോടുകൂടി. വന്നു–എന്റെ അടുക്കൽ വന്ന്. കീഴെച്ചെ...ചൊല്ലി–കീഴിൽ ചെയ്ത പ്രവൃത്തികളെല്ലാം തെറ്റുപറഞ്ഞ്. വല്ലായ്മ–വല്ലായ്മ, നേരെയുള്ളതല്ലായ്മ, തെറ്റ്. ഗോവത്സവും നല്കി–പശുക്കിടാവിനെയും തന്ന്. നത്വാ–എന്നെ നമസ്കരിച്ചു വണങ്ങി. സുഖേന പൊയ്ക്കൊൾക–സുഖമായി പോയാലും, പിന്നീട് നിനക്ക് ഉപദ്രവം ഒന്നും ഉണ്ടാകുന്നതല്ല. പക്ഷ...മെന്നി–യുദ്ധത്തിനു പുറപ്പെടുക, പശുക്കുട്ടിയെ തരിക, ഈ രണ്ട് അഭിപ്രായങ്ങളിൽ ഒന്നും ചെയ്യാതെ. പടക്കോപ്പ...വരുന്നാകിൽ–സൈന്യങ്ങളോടും (യുദ്ധത്തിനുള്ള) കോപ്പുകളോടുംകൂടി കോട്ടകളുടെ വാതിലടച്ച് ഇരിക്കുന്നതിനാണ് നീ നിശ്ചയിച്ചതെന്നു വരികിൽ, ഒന്നും ധരിക്കേണം–നീ ഒരു കാര്യംകൂടി അറിയണം, ഒന്നുകൂടി പറയാം. അസ്ത്രാനലജ്വാല–അസ്ത്രസമൂഹമാകുന്ന തീയിന്റെ ജ്വാല. ഒക്കെയും ചുട്ടുപൊട്ടിച്ചു–നിന്റെ നഗരം മുഴുവൻ ചുട്ടു ചാരമാക്കി. കാലാരി–കാലന്റെ ശത്രു, ശിവൻ. കാലാനലൻ–കാലാഗ്നി. ഒന്നുകൊണ്ടും എതിർത്തുനില്ക്കാൻ കഴിയാത്ത അഗ്നി. പ്ലുഷ്ടം–പൊരിച്ചത്. അവസ്ഥാന്തരം–അവസ്ഥാഭേദം, അതുപോലെയുള്ള സ്ഥിതി. ദർപ്പകാരാതിശിഷ്യൻ–ദർപ്പകാരാതിയുടെ ശിഷ്യൻ. ദർപ്പകൻ, കാമദേവൻ. അരാതി–ശത്രു. ശിഷ്യൻ–ശിഷ്യനായ ഞാൻ. വരുത്തീടും–വരുത്തിവയ്ക്കും. നിയുക്തേന മഹീദേവനാൽ–നിയോഗിക്കപ്പെട്ടവനായ ബ്രാഹ്മണനാൽ. വർണ്ണിതം–വർണ്ണിച്ച്(വിസ്തരിച്ച്) പറഞ്ഞത്. ഭാർഗ്ഗവപ്രൗഢവാക്യം–പരശുരാമന്റെ അർത്ഥഗംഭീരമായ വാക്ക്. ചെവിക്കൊണ്ടു–കേട്ട്. പ്രകോപാന്ധചിത്തഃ ധരിത്രീശ

ധരിത്രീശ്വരൻ ദൂത നീ കേളറിഞ്ഞേതനശേഷം ക്ഷണേ
നൈവ മുല്ലാട്ടുപാഗത്യ ശസ്ത്രാസ്ത്രവർഷങ്ങളെക്കൊണ്ടു
ദർപ്പാന്ധനാം മുനേരാജികർമ്മാഗ്രഹം പോക്കിവെയ്ക്കുന്ന
തുണ്ടിന്നുതന്നേ ദ്രുതം പോക നീയെന്നു മാനിച്ചയച്ചേനമ
മ്ലാനമാനംപെട്ടും സേന നീളപ്പുറേ ചാതുരംഗം പടക്കോ
പ്പിളക്കി കൂട്ടക്കെന്നു സംഗ്രാമഭേരീമടിപ്പിച്ചു വീരം മഹാ
മന്ത്രിണം ക്ഷത്രദേവം വിളിച്ചാസ്ഥയാ ഭൂമിപാലൈ
രസംഖ്യാതസേനാന്വിതൈസ്സാർദ്ധമാത്താനകാവം പട
ക്കായ് നിയോഗിച്ചയച്ചീടിനാൻ. തദനു ച സഹസാ
ഹസ്യതാന്വിതേ കോടിസൂര്യപ്രകാശേ രഥേ സന്നിഷണ്ണം

രൻ-കോപാധിക്യംകൊണ്ടു മനസ്സ് ഇളകിയവനായ രാജാവു്. അന്ധം-കാര്യാകാര്യങ്ങളെ തിരിച്ചറിയുവാൻ കഴിയാത്തതു്, വിവേകമില്ലാത്തതു്. ദൂത നീ കേൾ-ഹേ ദൂതാ നീ കേൾക്കുക. ക്ഷണേന ഏവ-വേഗത്തിൽത്തന്നെ, ക്ഷണസമയത്തിനിടയ്ക്കു്. ഉപാഗത്യ-ഉപാഗമിച്ചിട്ടു്, വന്നിട്ടു്. ശസ്ത്രാ...വെയ്ക്കുന്നുണ്ടു-ശസ്ത്രങ്ങളും(ആയുധങ്ങളും) അസ്ത്രങ്ങളും ഇടതൂർന്ന മഴപോലെ പൊഴിച്ചു്. അഹങ്കാരംകൊണ്ടു കാര്യവിവരമില്ലാതെയായിത്തീർന്ന മുനിയുടെ(രാമന്റെ) യുദ്ധത്തിനുള്ള ആഗ്രഹം ഞാൻ നശിപ്പിക്കുന്നുണ്ടു്. ആജികർമ്മം-യുദ്ധപ്രവൃത്തി. ദർപ്പാന്ധൻ-അഹങ്കാരത്തിന്റെ തള്ളൽകൊണ്ടല്ലെങ്കിൽ ഇവിടെ വന്നു് എന്നെ പോരിനു വിളിക്കുകയില്ല എന്നു ഭാവം. പോക്കുക-കളയുക, നശിപ്പിക്കുക. എന്നും അയച്ചു-ഈ ദൂതനെ പറഞ്ഞയച്ചു. അമ്ലാനമാനം-മ്ലാനതയില്ലാത്ത മാനം. മ്ലാനത-മങ്ങൽ, ക്ഷീണം. മാനം-ബഹുമതി. പടക്കോപ്പു്-യുദ്ധത്തിനുള്ള കോപ്പു്, സാധനങ്ങളുടെ കൂട്ടം. സംഗ്രാമഭേരീ-യുദ്ധത്തിനുള്ള ഭേരിയെ(പെരുമ്പറയെ). വീരമഹാമന്ത്രിണം ക്ഷത്രദേവം വിളിച്ചു-യുദ്ധവീരനും സമർത്ഥനായ മന്ത്രിയും ആയ ക്ഷത്രദേവനെ അടുക്കൽ വിളിച്ചു. ക്ഷത്രദേവൻ-മന്ത്രിയുടെപേർ. അസംഖ്യാതസേനാന്വിതൈർഭൂമിപാലൈഃസാർദ്ധം-കണക്കില്ലാത്തസേനകളോടുകൂടിയ രാജാക്കന്മാരും ഒന്നിച്ചു്. ആത്താനകാവം-ആനകാവം കൈക്കൊണ്ടു്. ആനകാവം-പ്രണവം. 'ആനകഃ പ്രണവേ ച' എന്നു് അമരം. തദനു ച-അതിനുശേഷം. ച നിരർത്ഥപദം. സഹസ്രസാഹസ്യതാന്വിതേ-സഹസ്രസാഹൻ എന്ന പേരായ തേരാളിയോടുകൂടിയതു്. കോടി...രഥേ-കോടി സൂര്യന്മാർ ഒന്നിച്ചു ചേർന്നാൽ എത്ര കാന്തിയുണ്ടാകുമോ അത്രയും ശോഭയോടുകൂടി പ്രകാശിക്കുന്ന തേരിൽ. കോടി-അസംഖ്യതാദ്യോതകം. സന്നിഷണ്ണം-വഴിപോലെ നിഷദിക്കുന്നവനും(ദ്വിതീയ)നിഷദിക്കുക(സ്ഥിതിചെ

നിറംപൂണ്ട പോർവില്ലു നന്നായ്ക്കുലച്ചാത്ത ബാണാഗ്ര
പാണീ മഹാരത്നവർമ്മോജ്ജ്വലം ബദ്ധതൂണീരമാനദ്ധ
ഗോധാംഗുലിത്രം മുനിം ഭാർഗ്ഗവം വാണ്ണുരുൾകോപവൈ
ശ്വാനരജ്വാലമാലാകരാളാനനം ക്ഷത്രദേവേന സദ്യോ
നിയുക്താ ധരിത്രീശ്വരാ ഭൂരിസേനാന്വിതാഃ തത്ര നാനായു
ധൈരർദ്ദയന്തസ്സമന്താദമന്ദാനരാവം ചൂഴന്നീടിനാർ, കേ
ചി കൂട്ടനുകെട്ടോണ്ടണഞ്ഞു പരേ ഹന്ത കമ്പോന്തരനത്തെ
തെറിഞ്ഞീടിനാർ കേചന പ്രാസശക്തി ക്ഷുരപ്രാസഭി

ഋക). ആത്തബാണാഗ്രപാണിഃ—കൈയിൽ അമ്പു ധരിച്ചിരിക്കുന്ന
വനം. അഗ്രപാണി—കൈയിന്റെ അറ്റം. മഹാ...ജ്ജ്വലം—മഹത്തായ
രത്നംകൊണ്ടുള്ള വർമ്മംകൊണ്ടു തിളങ്ങുന്നവനം. രത്നവർമ്മം—രത്നം
കൊണ്ടുള്ള വർമ്മം, സ്വർണ്ണച്ചട്ട. ഉജ്ജ്വലം—അധികം പ്രകാശിക്കുന്നതു്,
തിളങ്ങുന്നതു്. 'ഗാംഗേയം രുക്മകർബ്ബുരം' എന്നു് അമരം. ബദ്ധതൂ
ണീരഃ—ആവനാഴി ബന്ധിച്ചിരിക്കുന്നവനം, ആവനാഴിയോടുകൂടി
യവൻ. ആനദ്ധഗോധാംഗുലിത്രഃ—ഗോധാചർമ്മംകൊണ്ടുള്ള അംഗുലി
ത്രാണത്തെ കെട്ടിയിട്ടു്, അംഗുലികളിൽ ഗോധയുടെ തോലുകൊണ്ടു
ള്ള അംഗുലിത്രാണമിട്ടിട്ടു്. അംഗുലികൾ ശരങ്ങൾ എടുത്തു പ്രയോഗി
ക്കുമ്പോൾ കേടുവരാതെയിരിക്കുന്നതിനു യോദ്ധാക്കൾ അംഗുലിത്രം
ധരിക്കുക പതിവാണു്.

''ബദ്ധഗോധാംഗുലിത്രാണൌ
ഖഡ്ഗവന്തൌ മഹാദ്യുതീ''

(വാല്മീകിരാമായണം. സ. 22.) എന്നു കാണുക. 'ഗോധാചർമ്മകൃതം
അംഗുലിത്രാണം' എന്നും, 'ഗോധാഹസ്തത്രാണം ഇതി കശ്ചിൽ,'
'അംഗുലിത്രാണസ്യ പൗനരുക്ത്യാവത്തേന്ദുച്ചിന്ത്യം' എന്നും (തില
കം) വ്യാഖ്യാനം കാണുന്നു. ഗോധാപദത്തിനു ഹസ്തത്രാണം എന്നു
ചിലരുടെ പക്ഷം. മുനിം ഭാർഗ്ഗവം—മുനിയായ ഭാർഗ്ഗവനെ. വാണ്ണരുൾ
കോപ...നനം—ഉള്ളിൽ വർദ്ധിക്കുന്ന കോപമാകുന്ന അഗ്നിയുടെ ജ്വാ
ലകൾ വ്യാപിച്ചു ഭയങ്കരമായ മുഖത്തോടുകൂടിയവൻ, കോപം അ
ധികമായിട്ടു ഭയം തോന്നിക്കുന്ന മുഖത്തോടുകൂടിയവൻ. ക്ഷത്രദേ
വേന—മന്ത്രിയായ് ക്ഷത്രദേവനാൽ. സദ്യഃ നിയുക്താഃ—പെട്ടെന്നു
നിയോഗിക്കപ്പെട്ടവർ. ഭൂരിസേനാന്വിതാഃ—അധികം സൈന്യ
ത്തോടുകൂടിയവർ ആയ ധരിത്രീശ്വരർ-രാജാക്കന്മാർ. തത്ര നാനാ
യുധൈഃ അർദ്ദയന്തഃ—അവിടെ ബഹുവിധങ്ങളായ ആയുധങ്ങൾ ഉപ
യോഗിച്ചു പീഡിപ്പിച്ചുകൊണ്ടു്. അമന്ദാനരാവം—കടുത്തതായ ശ്രീ
വത്തോടുകൂടി. ചൂഴന്നീടിനാർ—രാമനെ വളഞ്ഞു. അമന്ദാനരാവം—

സ്സംമുഖീനാസ്തഥാ കേപി വൻപോട്ട വൻപാറ കൈകളെക്കൊ
ണ്ടു പരേ ദൃപ്തരൂപം തക്ഷം മുദ്ഗരശ്രേണികൊണ്ടും പ്ര
കോപാകുലം വെണ്മഴുകൊണ്ടെറിഞ്ഞും മദാൽ ക്ഷണോ
ദക്ഷിണാഗ്രേസരോ മാനശാലീ ധനുർജ്ജ്യാലതാമൊന്നി
പ്പിച്ചു സിംഹസ്വനാൽ പൂരിതാശാമുഖോ നീലമേഘാൽ
കരം നീളമേവിപ്പയോവിന്ദുവൃന്ദം പൊഴിക്കുന്നപോ
ലെ തഴയ്ക്കുന്ന ധാരാള ഭൂപാവലീശസ്ത്രജാതം നിഷംഗദ്വ
യോദ്വാന്തബാണം പാടേ സമുത്സാദയൻ ഭടാൻ കൂടാതെ

എന്ന പദത്തെ രാമന്റെ വിശേഷണമായും (ദ്വിതീയ) ഗ്രഹിക്കാം. ഉഗ്രപ്രതാപനായ രാമനെന്നർത്ഥം. കേ അപി—ചിലർ. പരേ—അന്യന്മാർ. അനന്തൈഃ കുന്തൈഃ—അവസാനമില്ലാത്ത കുന്തങ്ങൾകൊണ്ട്. എറിഞ്ഞീടിനാർ—എറിഞ്ഞു. പ്രാസ...സംമുഖീനാഃ—കുന്തം, വേല്, കട്ടത്തില, വാള് എന്നീ ആയുധങ്ങൾ എടുത്തുകൊണ്ടു നേരിട്ടുനില്ക്കുന്ന. കേചന—ചിലർ. തഥാ—അപ്രകാരം. മുദ്ഗരശ്രേണി—പരിഘങ്ങളുടെ. മുദ്ഗരം—ഉലക്ക. മദാദ്—മദം ഹേതുവായിട്ട്, ഗർവ്വത്താൽ. ക്ഷണേ—വേഗം. ദക്ഷിണാഗ്രേസരഃ—സമർത്ഥന്മാരിൽ മുമ്പൻ. ധനുർജ്യാലതാം—വില്ലിന്റെ ഞാണാകുന്ന വല്ലിയെ, വള്ളിപോലെയുള്ള ഞാണ്. ഒന്നിപ്പിച്ചു—ചേർത്ത്. സിംഹ . മുഖഃ—സിംഹത്തിന്റെ അലർച്ചപോലെയുള്ള ശബ്ദംകൊണ്ടു ദിക്കുകളെ നിറച്ചു. ദിക്കൊക്കെ നിറയത്തക്കവണ്ണം ഉച്ചത്തിൽ ശബ്ദിച്ചു. നീല...പോലെ—നീലമേഘങ്ങൾ നീളത്തിൽച്ചേർന്ന ജലബിന്ദുക്കളുടെ കൂട്ടത്തെ വർഷിക്കുന്നതുപോലെ. ഉപമ. ഭൂപാവലീ...ജാതം—രാജസമൂഹത്തിന്റെ ആയുധങ്ങളുടെ. ജാതം—സമൂഹം. 'ജാതം ജനിസമൂഹയോഃ' എന്നു ശാശ്വതം. 'നിശ്ശേഷവിശ്രാണിതകോശജാതം' (രഘു. സ. 5.) എന്നു കാണുക. നിഷംഗ...ബാണം—നിഷംഗദ്വയത്തിങ്കൽനിന്ന് ഉദ്വാന്തമായ ബാണം. നിഷംഗം—ആവനാഴി. ഉദ്വാന്തം—ഉദ്വമിക്കപ്പെട്ടത്, പുറപ്പെട്ടത്, ബഹിഷ്ക്കരിച്ചത്. പാടേ—യഥേഷ്ടം, തോന്നിയതുപോലെ. ഭടാൻ—ഭടന്മാരെ. സമുത്സാദയൻ—ക്ഷീണിപ്പിക്കുന്നവനായി, അവശന്മാരാക്കി. ശൗര്യോഗ്രധാമാ—ശൗര്യംകൊണ്ട് ഉഗ്രമായ (കഠിനമായ) ധാമാവോടുകൂടിയവൻ. ധാമാവ്—തേജസ്സ്. മൃധേ—യുദ്ധത്തിൽ. 'മൃധമാസ്കന്ദനം സംഖ്യം' (അമരം). സാരഥിപ്രേര്യമാണേന അർക്കാഭാസാ രഥേന—സാരഥി കൊണ്ടുവന്നതും സൂര്യനെപ്പോലെ പ്രകാശിക്കുന്നതുമായ രഥംകൊണ്ട്. ഭ്രമൻ—ചുററുന്നവനായി, ചുററി, രഥം ഓടിച്ചു. ഭൂസുരേണ അന്വിതഃ—ഇഷ്ടനായ ബ്രാഹ്മണനോടുകൂടി. ഭാസുരാലാതചക്രം—ശോഭിക്കുന്നതായ അലാത (തീക്കൊള്ളി) ചക്രം. ഉൽഫുല്ല...ദേദീപ്യമാനഃ—കരകവിഞ്ഞ തേജസ്സുകൊണ്ട് അധികം

രൌദ്ര്യോത്സേകയാതാ രഥഗനാഗതുരംഗാ ദ്രുതമേ സാരഥിപ്രേ
ര്യമാണേന നീളെ ഭ്രമൻ നാലുദിക്കിങ്കലും ഭ്രമ്യമാണോ
നപി തോ ഭാസ്വരാലാതചക്രം കണക്കെ കണക്കേന്നിയേ
വാസ്സുതൻ്റുജ്ജ്വലത്തേജോവിശേഷേണ ദേദീപ്യമാനോ വി
മാനാധിരൂഢൈരശേഷാമരൈരിന്ദ്രമന്ദാത്ഭുതാനന്ദകൗതൂ
ഹലാൽ ശിരഃകമ്പനം ചെയ്തു സംഭാവ്യമാനാപദാനക്ര
മോദഗ്രമൊന്നിച്ചു പോരാടുമാ വീരയോധാനമേയാസ്ത്ര
ചിത്രാനലേ നിർദ്ദഹൻ കൊന്നൊടുക്കുന്നനേരം കടുത്തൊന്നു
കോപേന വന്നാഹവംതേടുമക്ഷത്രദേവസ്യ സൂതം തുരം
ഗൈസ്സമം നിഗ്രഹിച്ചഗ്രതോ ചെല്ലുമക്ഷുല്ലഭല്ലേന വില്ലും

തിളങ്ങുന്നവനായി. ഉൽക്കൂലം–കൂലം (കര) കവിഞ്ഞത്, അതിരില്ലാത്തത്. വിമാനാ...രൈന്ദ്രൈഃ–വിമാനത്തിൽ കയറിയിരിക്കുന്ന ദേവന്മാരാലും ഇന്ദ്രനാലും എല്ലാവരാലും. വിമാനാധിരൂഢന്മാർ–വിമാനത്തിൽ കയറി ആകാശത്തിൽ സ്ഥിതിചെയ്യുന്നവർ. അമന്ദാ...കൗതൂഹലാൽ ശക്തിമത്തായ സന്തോഷവും അത്ഭുതവും ഹേതുവായി. ആനന്ദം–ഉള്ളിൽ തട്ടിയുണ്ടാകുന്നത്. കൗതൂഹലം–കണ്ണിന് (സ്ഥൂലേന്ദ്രിയങ്ങൾക്ക്) സംഭവിക്കുന്ന സന്തോഷം. ശിരഃകമ്പനം ചെയ്തു–തലകുലുക്കി. ശ്ലാഘാധിക്യദ്യോതകം. സംഭാവ്യ...മഗ്രം–മഹത്തായ അപദാനക്രമങ്ങളുടെ ആധിക്യത്തെ ബഹുമാനിച്ചുകൊണ്ട്. സംഭാവ്യമാനം–ബഹുമാനിക്കുന്നത്. അപദാനം–വീരപ്രവൃത്തി, പരാക്രമം. ക്രമം–മുറ, അടുക്ക്. വീരയോധാൻ–വീരന്മാരായ ഭടന്മാരെ. അമേയാ...നിർദ്ദഹൻ–അളവില്ലാതെയുള്ള അസ്ത്രങ്ങളാകുന്ന വിചിത്രമായ തീയിൽ. ചിത്രം–വിചിത്രം, സാധാരണമല്ലാത്തത്. നിർദ്ദഹൻ–ദഹിപ്പിക്കുന്നവൻ, ചുടുന്നവൻ. എതിരാളികളെ അസ്ത്രപ്രയോഗംകൊണ്ടു നശിപ്പിച്ചു. കടുത്ത...സൂതം–പെട്ടെന്നു കോപിച്ചുവന്നു യുദ്ധത്തിൽ ഏർപ്പെട്ട ക്ഷത്രദേവന്റെ തേരാളിയെ. തുരംഗൈഃസമം നിഗ്രഹിച്ചു–കുതിരകളോടുകൂടി വധിച്ചു. അഗ്രതഃ–സമീപത്തിൽ. അക്ഷുല്ലഭല്ലേന–അക്ഷുല്ലമായ ഭല്ലംകൊണ്ട്. അക്ഷുല്ലം–നിസ്സാരമല്ലാത്തത്. ഭല്ലം–അസ്ത്രം. ആതതായിത്വം–ആതതായിയുടെ സ്ഥിതി. ആതതായി–ഹിംസ മുതലായ പാപകർമ്മങ്ങൾ ചെയ്യുന്നവൻ.

''അഗ്നിദോ ഗരദശ്ചൈവ
ശസ്ത്രപാണി വധോദ്യതഃ
ക്ഷേത്രദാരഹരശ്ചൈവ
ഷഡേതേ ഹ്യാതതായിനഃ.''

കുറിച്ചാത്തതായിതേ മുൾക്കൊണ്ടു് ഞെത്തീട്ടേനം മഹാമ
ന്ത്രിണം മൂന്നു ബാണേന മാറത്തു സന്താപയൻ പ്രേതരാ
ജ്യാധികാരായ പെട്ടെന്നു സന്ദിശ്യ ദിഗ്ഭിത്തിവൃദ്ധപ്രവൃ
ദ്ധപ്രതിധ്വാനമാം വീരശംഖം മുദാ പൂരയൻ ഘോരസം
ഖ്യാങ്കണേ വീരലക്ഷ്മ്യാ സമാലിംഗിതോ ഭംഗിക്കൈക്കൊ
ണ്ടെഴുന്നള്ളി നിന്നീടിനാൻ.

കാലേ തസ്മിൻ മഹാമന്ത്രിയുമരിയ നൃപ
  പ്രൗഢരും വാഹിനീനാം
മാലാമിസ്സാകമപ്പോൾ മദനരിപു മഹാ—
  ശിഷ്യദിവ്യാസ്ത്രജാലേ

എന്നു കാണുക. ഏനം മഹാമന്ത്രിണം—ഈ മഹാമന്ത്രിയെ, മന്ത്രിമുഖ്യനെ. മൂന്നു ബാണേന—മൂന്നു ബാണങ്ങളും അയച്ചു്. സന്താപയൻ—സന്താപയനായിട്ടു്, ദുഃഖമുണ്ടാക്കിയിട്ടു്, പീഡിപ്പിച്ചു. പെട്ടെന്നു—വേഗം. പ്രേതരാ...സന്ദിശ്യ—പരേതന്മാരുടെ രാജ്യത്തിനു (പ്രേതന്മാരുടെ—പിതൃക്കളുടെ—ലോകത്തിനു) അധികാരിയാക്കിവിട്ടിട്ടു് (കൊന്നിട്ടു്, പരലോകത്തിലയച്ചിട്ടു്). സന്ദിശ്യ—സന്ദേശിച്ചു, പറഞ്ഞയച്ചു. ദിഗ്ഭിത്തി...പൂരയൻ—ദിക്കുകളാകുന്ന ഭിത്തികളിൽ വളരെയധികം പ്രതിശബ്ദം ജനിപ്പിക്കുന്നതായ വീരശംഖത്തെ മുഴക്കിക്കൊണ്ടു്. വീരശംഖം—യുദ്ധവീരന്മാർ ഉപയോഗിക്കുന്ന ശംഖം, വിജയശംഖത്തിന്റെ ശബ്ദംകൊണ്ടു ദിക്കുകൾ നിറച്ചു. ഘോരസംഖ്യാങ്കണേ—ഭയങ്കരമായ പോർക്കളത്തിൽ. അങ്കണം—മിറ്റം. വീരലക്ഷ്മ്യാ സമാലിംഗിതഃ—വീരലക്ഷ്മിയാൽ ആശ്ലേഷിക്കപ്പെട്ടവനായി, വിജയം ലഭിച്ച വീരനായിട്ടു്. ഭംഗി കൈക്കൊണ്ടു്—ഭംഗിയായി. എഴുന്നള്ളിനിന്നീടിനാൻ—എഴുന്നള്ളി, ഉപചാരവാക്കു്.

ഈ ദീർഘമായ ഗദ്യത്തിൽ പരശുരാമൻ ആശ്രമത്തിൽവന്നു പിതൃവധം അറിയുന്നതു മുതല്ക്കു് കാർത്തവീര്യാർജ്ജുനന്റെ മന്ത്രിയുടെ വധംവരെയുള്ള കഥാംശങ്ങൾ പ്രതിപാദിച്ചിരിക്കുന്നു.

ശ്ലോകം 36—തസ്മിൻകാലേ—ആ കാലത്തിങ്കൽ. മഹാ...പ്രൗഢരും—വീരനായ മന്ത്രിയും രാജശ്രേഷ്ഠന്മാരും. വാഹിനീ...സാകം—സൈന്യങ്ങളുടെ കൂട്ടത്തോടുകൂടി. മദനരിപു...ജാലേ കാലാഗ്നൗ—പരശുരാമന്റെ ദിവ്യാസ്ത്രസമൂഹമാകുന്ന കാലാഗ്നിയിൽ. മദനരിപു മഹാശിഷ്യൻ—മദനരിപുവിന്റെ മഹാനായ ശിഷ്യൻ, ശ്രീപരമേശ്വരന്റെ ശിഷ്യനായ പരശുരാമൻ. ദിവ്യാസ്ത്രങ്ങൾ—ദിവ്യങ്ങളായ (പ്രഭാവബലം തികഞ്ഞ) അസ്ത്രങ്ങൾ, ശൈവാഗ്നേയവൈഷ്ണവാദി

കാലാഗ്നൗ വീണു പാരേ ശലഭവിതതിപോ–
ലെ പൊരിഞ്ഞോരുനേരം
മേലേ ചിന്താനുബന്ധം മനതളിരിൽ മുള–
ച്ചു മഹീപാലമൗലേഃ. 36

ഇച്ചേലെന്തായതൊന്നു ശിവ! ശിവ! ബഹുധാ
സാവധാനം നിനച്ചാൽ
നിശ്ചേതും നാലമുള്ളിൽ പ്രസരതി പരമാ–
ശ്ചര്യമെന്നൊന്നുതന്നെ
അശ്രാന്തം ബ്രഹ്മതേജോമഹിമ നിയതമെ–
ന്നല്ല വെക്കാമതിന്നു–
ണ്ടച്ചോ ചേരായ്മ വാരാ രണശിരസി ഭുജാ
വിക്രമം താപസാനാം. 37

കരം. കാലാഗ്നി–ഒന്നുകൊണ്ടും തടയപ്പെടുവാൻ കഴിയാത്ത അഗ്നി, നശിപ്പിക്കുന്ന ഭയങ്കരമായ അഗ്നി. ശലഭവിതതി–ഇയ്യാമ്പാററയുടെ കൂട്ടം. ശലഭം–നിസ്സാരതാദ്യോതകം. പൊരിഞ്ഞു–കത്തിയെരിഞ്ഞു. മഹീപാലമൗലേഃ മനതളിരിൽ–മഹാരാജാവിന്റെ (കാർത്തവീര്യന്റെ) മനസ്സിൽ. മേലേ–മേലിൽ വേണ്ടതിനെപ്പററി. ചിന്താനുബന്ധം–വിചാരം. മുളച്ചു–ഉണ്ടായി. മന്ത്രിയും രാജാക്കന്മാരും സൈന്യങ്ങളും നശിച്ചപ്പോൾ കാർത്തവീര്യാർജ്ജുനന്റെ മനസ്സിൽ വലിയ വിചാരം ഉണ്ടായി. കാര്യത്തിന്റെ അവസാനം നല്ല പന്തിയാകുകയില്ലെന്നു വിചാരിച്ചു.

ശ്ലോകം 37—പൂർവ്വപദ്യത്തിൽ സൂചിപ്പിച്ചതായ കാർത്തവീര്യാർജ്ജുനന്റെ വിചാരത്തെ പ്രതിപാദിക്കുന്നു. ചേലു–ഭംഗി. ബഹുധാ–അനേകംപ്രകാരം. ഉള്ളിൽ നിശ്ചേതും ന അലം–മനസ്സിൽ നിശ്ചയിക്കാവുന്നതല്ല. ന അലം–മതിയാകുകയില്ല. പരമാശ്ചര്യംഎന്ന് ഒന്നുതന്നെ പ്രസരതി–പരമാശ്ചര്യം എന്ന് ഒന്നു മാത്രം പ്രസരിക്കുന്നു. പ്രസരതി–(ക്രിയ) പ്രസരിക്കുന്നു, വ്യാപിക്കുന്നു. അത്യാശ്ചര്യം എന്ന് ഒന്നു മാത്രം മനസ്സിൽ വ്യാപിക്കുന്നു. മറെറാന്നുമില്ല. അശ്രാന്തം...വയ്ക്കാം–ബ്രഹ്മതേജസ്സിന്റെ മാഹാത്മ്യം ക്ഷീണിക്കാത്തതു് (ക്ഷയിക്കാത്തതു്) എന്നു വിചാരിക്കാം, നിശ്ചയം. അച്ചോ അതിന്നു ചേരായ്മയുണ്ട്–ആശ്ചര്യം! അങ്ങനെ വിചാരിക്കുന്നതിനും ചേർച്ചയില്ല. താപസാനാം–മുനികൾക്ക്, രണശിരസി–പോർക്കളത്തിൽ. ശിരസി–പ്രധാന സ്ഥലത്തു്. ഭുജാവിക്രമം–ബാഹുപരാക്രമം, ഇപ്ര

ഉന്നിച്ചോളം മഹാ വിസ്മയമിതു സമരേ
 കൊന്നൊടുക്കീട്ടൊരുത്തൻ
തന്നേ സ്വതദ്വിതീയോ ബലഭരസഹിതാൻ
 ക്ഷത്രസംഘാനസംഖ്യാൻ
മന്യേ മന്നിങ്കലക്കേവലമുനിസുതന-
 ല്ലേഷ ദുർദ്ധർഷധാമാ
ധന്വീ സാമാന്യരത്നത്തിനു കിമപി വരാ
 കൗസ്തുഭത്തിൻ പ്രഭാവം. 38

മന്നിൽ ചൊല്ലാൻവലാവും മുനിവരനിധനം
 കൊണ്ടു ദുഷ്കീർത്തി മുൻപേ—
തന്നേ വാമേന ധാത്രാ ജഗതി നിയതമാ—
 കല്പമാകല്പിതാ മേ

കാരം ഒരു കൈക്കരുത്ത്. വരാ—വരുന്നതല്ല. ബ്രഹ്മതേജസ്സു വലിയതും ക്ഷത്രം തട്ടാത്തതുംതന്നെ എന്നു നിശ്ചയിക്കാം. എന്നാൽ എന്താശ്ചര്യം! ഇപ്രകാരം ഒരു ബാഹുപരാക്രമം, തപസ്സും വ്രതങ്ങളുമായി കാട്ടിൽ കഴിഞ്ഞുകൂടുന്ന മുനികൾക്ക് എങ്ങനെ വരും? വരുന്നതല്ല, ഇതു് ഒരു ചേരാത്ത കാര്യം തന്നെ.

ശ്ലോകം 38—ഇതു് ഉന്നിച്ചോളം മഹാവിസ്മയം—ഇതു വിചാരിച്ചിടത്തോളം അത്യത്ഭുതംതന്നെ. സമരേ—യുദ്ധത്തിൽ. സ്വതദ്വിതീയഃ ഒരുത്തൻ തന്നേ—സ്വതനല്ലാതെ വേറെയൊരാളും സഹായത്തിനില്ലാതെ, ഒരുവൻ തന്നെ (തനിച്ച്), രണ്ടാമനായി സ്വതൻ മാത്രമുള്ളവൻ. അസംഖ്യാൻ ബലഭരസഹിതാൻ ക്ഷത്രസംഘാൻ—കണക്കില്ലാതെ സൈന്യങ്ങളോടുകൂടിയ രാജസമൂഹങ്ങളെ. കൊന്നൊടുക്കീട്ടു—കൊന്നു നശിപ്പിച്ചു. മന്നിങ്കൽ—ഭൂമിയിൽ. ദുർദ്ധർഷധാമാ—അന്യന് അടുക്കുവാൻ കഴിയാത്ത പ്രഭാവത്തോടുകൂടിയ. ധന്വീ—ധനുസ്സോടുകൂടിയ, യോദ്ധാവായ. ഏഷ-ഇവൻ. കേവലമുനിസുതനല്ല—കേവലം സാധാരണക്കാരനായ മുനിബാലനല്ല. മന്യേ—എന്നു ഞാൻ വിചാരിക്കുന്നു. കൗസ്തുഭത്തിൻ പ്രഭാവം—പാല്ക്കടലിൽനിന്നുണ്ടായ കൗസ്തുഭത്തിന്റെ മാഹാത്മ്യം. കിമപി—അല്പവും. സാമാന്യരത്നത്തിനു്—സാധാരണമായ ഒരു മണിക്കു്. വരാ-വരുന്നതല്ല. നിശ്ചയം.

ശ്ലോകം 39—മുനിവരനിധനംകൊണ്ടു്—മുനിശ്രേഷ്ഠനായ ജമദഗ്നിയുടെ വധത്തിനാൽ, വാമേന ധാത്രാ—എതിരായി നില്ക്കുന്ന ദൈവത്തിനാൽ, ദൈവവൈപരീത്യത്താൽ, ഭാഗ്യദോഷംകൊണ്ടു്,

ഇന്നിപ്പോൾ ചെന്നു സസൈന്യസ്സഹ വിമതമതും
നിഗ്രഹിച്ചാലുമെന്നു-
ന്നന്നാവാൻ വേല കിട്ടും വസതി കൊടിയ പാ-
പേ ചിരാദന്ധകൂപേ 39

മുൽപ്പാടുണ്ടായ വിപ്രപ്രമഥന വിധികൊ-
ണ്ടും ജഗച്ചക്രവാളേ
കെൽപോടെങ്ങും പരന്നീടിന വിപുലയശോ-
ഹാനികൊണ്ടും വിശേഷാൽ
ഉൾപ്പൂവിങ്കൽ തഴച്ചപ്പൊഴുമെഴുമനുതാ-
പത്തിലൊട്ടൊന്നിതുണ്ടോ
ധിക് പാപം ജാതസംഗാഹവമരണവി-
ഷാദം നമുക്കിദ്ദശായാം. 40

മുൻപേതന്നെ ജഗതി ദുഷ്കീർത്തി-മുൻപേതന്നെ ലോകത്തിൽ ദുര്യശസ്സ്. മേ-എനിക്ക്. ആകല്പം-കല്പകാലംവരെ. ആകല്പിതാ-ആകല്പിതയായി. ഏവം എനിക്കു മുനിവധംകൊണ്ടു മുൻപുതന്നെ ലോകാവസാനംവരെ ദുഷ്കീർത്തി ജനിപ്പിച്ചു. സൈന്യൈഃ സഹ-സൈന്യങ്ങളോടുകൂടി. ഇപ്പോഴം ചെന്നു-ഇപ്പോഴും പോയി. വിമതം അമും-ശത്രുവായ ഇവനെ. നിഗ്രഹിച്ചാലും-കൊന്നാലും. എന്നും നന്നാവാൻ വേല-എന്നും നന്മയുണ്ടാകുന്നതിനു പണിയുണ്ട്. നന്നാകുകയില്ല. കൊടിയ പാപേ അന്ധകൂപേ-ഭയങ്കരപാപമായ ഇരുളടഞ്ഞ കിണററിൽ, കുഴിയിൽ. ചിരാത്-വളരെക്കാലം. വസതി-വാസം, താമസം. കിട്ടും-ലഭിക്കും. അഗാധമായ അന്ധകൂപത്തിൽ വളരെക്കാലം എനിക്കു വസിക്കേണ്ടതായി വരും.

ശ്ലോകം 40—മുല്പാടുണ്ടായ...ഹാനികൊണ്ടും-മുൻപു ബ്രാഹ്മണനെ വധിച്ചതുകൊണ്ടും ലോകത്തിലെങ്ങും പരന്ന മഹത്തായ യശസ്സിന്റെ ഹാനി(നാശം)കൊണ്ടും. പ്രമഥനം-വധം. ജഗച്ചക്രവാളേ-ലോകത്തിന്റെ അന്തർഭാഗത്തിൽ. വിശേഷാൽ-വിശേഷേണ. എപ്പോഴും ഉൾപ്പൂവിങ്കൽ തഴച്ച എഴും അനുതാപത്തിൽ ഒട്ടൊന്നിതു് ഉണ്ടോ- എത്ര സമൃദ്ധവും മനസ്സിൽ വർദ്ധിച്ചു സ്ഥിതിചെയ്യുന്ന പശ്ചാത്താപത്തിന്റെ എട്ടിൽ ഒരു അംശം ഉണ്ടോ? അനുതാപം-പശ്ചാത്താപം, മുൻപു ചെയ്ത കാര്യത്തെക്കുറിച്ചുള്ള സങ്കടം. 'പശ്ചാത്താപോനുതാപശ്ച' എന്നു് അമരം. പാപം ധിക്-പാപം ധിക്കതന്നെ. നമുക്ക് ഇദ്ദശായാം-നമുക്ക് ഈ സന്ദർഭത്തിൽ. ജാതസംഗാഹവ മരണ

സദ്വൃത്തേ സത്യനിഷ്ഠേ സകലനിഗമശാ-
സ്ത്രപ്രവീണേപി വിപ്രേ
നിസ്ത്രിംശം കൊല്ലുവാനായുദ്യതമവനിൽ വധേ-
ച്ഛാ പരം മർത്ത്യധർമ്മം
ഇത്യേവം പ്രാക്തനോക്തസ്മൃതിവചനമുപാ-
ശ്രിത്യ യോദ്ധും യതിഷ്യേ
യുദ്ധേ മൃത്യുർജ്ജയോ വാ ഭവതി ഭുജഭൃതാ-
മീശ്വരാധീനമെല്ലാം. 41

വിഷാദം—പരാജയം വന്ന യുദ്ധത്തിൽ മരിച്ചാലുള്ള സങ്കടം. പോരിൽ തോററു മരിച്ചാലുണ്ടാകുന്ന ദുഃഖം. ബ്രാഹ്മണവധം, യശോനാശം എന്നിവകൊണ്ടു ഞാൻ അനുഭവിക്കുന്ന പശ്ചാത്താപത്തിന്റെ എട്ടിൽ ഒരു ഭാഗംപോലും ഉണ്ടാകുകയില്ല. അത്രയ്ക്കു വലിയതാണ് എന്റെ വിഷാദം. കാർത്തവീര്യാർജ്ജുനൻ ഏററവും ഉത്തമനായ ഒരു രാജാവാണെന്ന് ഈ ഭാഗം തെളിയിക്കുന്നു.

ശ്ലോകം 41—സദ്വൃത്തേ...വിപ്രേ അപി—സദാചാരശീലനും സത്യത്തിൽ നിഷ്ഠയുള്ളവനും വേദം, ശാസ്ത്രം, സാഹിത്യം മുതലായവയിൽ അറിവേറിയവനും (അവയിൽ നിപുണനും) ആയ ബ്രാഹ്മണനായാലും, യോഗ്യത തികഞ്ഞ ബ്രാഹ്മണനെങ്കിലും. നിസ്ത്രിംശം...മവനിൽ—മടികൂടാതെ കൊല്ലുന്നതിനു വരുന്നവനിൽ, ഇങ്ങോട്ടു വധിക്കുവാൻ വന്നാൽ. സദ്വൃത്തേ—എന്നു തുടങ്ങിയ (സപ്തമീവിഭക്തി)പദങ്ങൾ അവനിൽ എന്നതിന്റെ വിശേഷണങ്ങൾ. പഴയ ഭാഷാപദ്യങ്ങളിൽ ഈ മാതിരി പ്രയോഗങ്ങൾ സുലഭമാണ്. വധേച്ഛാ പരം മർത്ത്യധർമ്മം—വധേച്ഛ മുഖ്യമായ മനുഷ്യധർമ്മമാണ്. അങ്ങനെ വരുന്നവനെ കൊല്ലുകയാണു മനുഷ്യരുടെ ധർമ്മം. അവനെ വധിക്കുന്നതുകൊണ്ടു ധർമ്മത്തിനു ഹാനി വരുന്നതല്ല. ഇത്യേവം...മുപാശ്രിത്യ—ഇപ്രകാരം മുൻപുള്ള ആചാര്യന്മാർ ഉപദേശിച്ചിരിക്കുന്ന ആപ്തവാക്യത്തെ ആശ്രയിച്ച്. പ്രാക്തനോക്തം—പഴയവരായ യാജ്ഞവല്ക്യൻ മുതലായ ആചാര്യന്മാരാൽ ഉക്തം. ഉക്തം—ഉപദേശിക്കപ്പെട്ടത്. ഉപാശ്രിത്യ—(അവ്യ)ആശ്രയിച്ച്, അതിനെ പ്രമാണമായി കരുതി. യോദ്ധും—(അവ്യ)യുദ്ധംചെയ്യുന്നതിനായി, യതിഷ്യേ—യത്നിക്കുന്നുണ്ട്, ഉദ്യമിക്കുന്നു(ക്രിയ). ഞാൻ പൊരുതുവാൻ ഒരുമ്പെടുന്നു. ഭുജഭൃതാം—രാജാക്കന്മാർക്ക്, വീര്യശാലികൾക്ക്. യുദ്ധേ—യുദ്ധത്തിൽ. മൃത്യുഃ ജയഃ വാ—മരണമോ ജയമോ, തോൽവിയോ ജയമോ. ഭവതി—ഉണ്ടാകുന്നു. എല്ലാം ഈശ്വരാധീനം—മരണവിജയാദികൾ സർവ്വം.

ഇത്ഥം കല്പിച്ചുറച്ചന്നരപതി മതിമാ-
 ന്മാനനീയേ മുഹൂർത്തേ
യുദ്ധം കർത്തും പ്രതസ്ഥേ ഗുരുജനകൃതനീ-
 രാജനോ രാജധാന്യാഃ
ചിത്രം വാച്യാവതോ വാൽതലമുഴുവനില-
 ക്കം പിടിച്ചുദ്ധതോദ്യ-
ന്നിദ്ധ്വാനം ചാതുരംഗം പട ഝടിതി പുറ-
 പ്പെട്ടു കൂടിത്തുടങ്ങി. 42

ഈശ്വരാധീനം—ജഗന്നിയന്താവായ ഈശ്വരന്റെ അധീനമാണ്, ഈശ്വരഹിതം അനുസരിച്ചു നടക്കുന്നതാണ്.

ഈശസ്യ ഹി വശേ ലോകോ
യോഷാ ദാരുമയീ യഥാ

(മഹാഭാഗവതം) എന്നു കാണുക. മരപ്പാവ, അതിനെ കൈവശം വച്ചുസൂക്ഷിക്കുന്നവന്റെ എന്നപോലെ ലോകം ഈശ്വരന്റെ അധീനത്തിലാകുന്നു, ഈശ്വരൻ യഥേഷ്ടം ലോകത്തെക്കൊണ്ടു ചേഷ്ടിപ്പിക്കുന്നു.

ശ്ലോകം 42—മതിമാൻ—ബുദ്ധിശാലി, കാര്യാകാര്യങ്ങളെ ചിന്തിച്ചറിയുവാൻ കഴിയുന്നവൻ. അന്നരപതി—ആ രാജാവ്, കാർത്തവീര്യാർജ്ജുനൻ. ഇത്ഥം കല്പിച്ചു ഉറച്ചു—ഇപ്രകാരം വിചാരിച്ചു നിശ്ചയിച്ചു. മാനനീയേ മുഹൂർത്തേ—യോഗ്യമായ മുഹൂർത്തത്തിൽ, ജ്യോതിശ്ശാസ്ത്രജ്ഞന്മാർ ഉപദേശിച്ച സമയം. മാനനീയം—മാനിക്കേണ്ടതു്, വിശിഷ്ടം. ഗുരുജനകൃതനീരാജനഃ—ആചാര്യന്മാരാൽ നീരാജനം ചെയ്യപ്പെട്ടവനായി. നീരാജനം—നീരാജനപ്രവൃത്തി, തിരി ഉഴിഞ്ഞുവാങ്ങുന്നതു്. ഇതു് ഒരു മംഗളകർമ്മമാണ്. 'നീരാജനാഖ്യേ ശാന്തികർമ്മണി' എന്നു മല്ലിനാഥൻ. യുദ്ധത്തിനു പുറപ്പെടുന്നവർക്കു നീരാജനം വിജയസിദ്ധിക്കുള്ള ഒരു മംഗളകർമ്മമാണ്.

തസ്മൈ സമ്യഗ്ഘുതോ വഹ്നി-
ർവ്വാജി നീരാജനാവിധൗ

(രഘു. സ. 4) എന്നും 'തരാജ നീരാജനയാ സ രാജഘഃ' (നൈഷധീയം സ. 1) എന്നും കാണുക. രാജധാന്യാഃ—രാജധാനിയിൽനിന്നു്. യുദ്ധം കർത്തും പ്രതസ്ഥേ—യുദ്ധംചെയ്യുന്നതിനായി പുറപ്പെട്ടു, യുദ്ധത്തിനു് ഇറങ്ങി. ചിത്രം വാച്യാവതോ?—അപ്പോഴുണ്ടായ സ്ഥിതി അത്ഭുതം! അതു വർണ്ണിക്കാവുന്നതല്ല. ഝടിതി—വേഗത്തിൽ. ചാതുരംഗം പട—ചതുരംഗപ്പട. വാൽതല...പിടിച്ചു—വാലുമുതൽ തലവരെ,

യൂഥം പാദേ രഥാനാം ധൃതപരികരമെൻ
    തോഴ! മൂവഞ്ചു ലക്ഷം
മീതേ മീതേ ശതാംഗദ്വിഗുണമൊരു ബലം
    ദാരുണം വാരണാനാം
പോർത്തേട്ടം നാഗസൈന്യത്രിഗുണമുരുഗുണം
    ഘോടകച്ചാർത്തതിൻകാൾ
മേദിന്യാമഞ്ചിരട്ടിച്ചതുള്ളമരിയ കാ-
    ലാളുമാകെപ്പരന്നു. 43

വാർത്തേട്ടം ബൃംഹിതൈരുദ്ധതജയകരിണാം
    വാജിഹേഷാവിശേഷൈ—

മുഴുവനും, എല്ലാ ഭാഗവും. അടിമുതൽ മുടിവരെ എന്നതിന് ഒരു പുതിയ പച്ചമലയാളപദമാണ് 'വാൽത്തല'. ഉളകുംപിടിച്ച്—ഇളകിയും. ഉദ്ധതോ...ദ്ധ്വാന—അത്യുച്ചത്തിൽ ശബ്ദഘോഷം ഉണ്ടാക്കിയും. നിദധ്വാനം—ശബ്ദം. പുറപ്പെട്ടു...ത്തുടങ്ങി—പുറപ്പെട്ട് ഒന്നിച്ചുകൂടിത്തുടങ്ങി. ഉച്ചത്തിൽ ശബ്ദം പുറപ്പെടുവിച്ചുകൊണ്ട് സൈന്യം മുഴുവനും പുറപ്പെട്ടു.

ശ്ലോകം 43—എൻ തോഴ!—എന്റെ സ്നേഹിതാ (സ്നേഹിതനോട് പറയുന്നവിധത്തിലാണ് ഭാഷാചമ്പുക്കളിൽ കഥ പറയുന്നതെന്ന് ഇവിടെ ഓർമ്മിക്കുന്നതു നന്നായിരിക്കും). ധൃതപരികരം രഥാനാം യൂഥം മൂവഞ്ചു ലക്ഷം—വേണ്ട കോപ്പുകളും സർവ്വവും ധരിച്ചിരിക്കുന്നതായ രഥങ്ങളുടെ സമൂഹം പതിനഞ്ചുലക്ഷം. മീതേമീതേ—മേല്ക്കുമേൽ. ദാരുണം വാരണാനാം ബലം—ഭയങ്കരമായ ഗജങ്ങളുടെ ബലം(സൈന്യം). ശതാംഗദ്വിഗുണം—ശതാംഗങ്ങളുടെ ഇരട്ടി, മുപ്പതുലക്ഷം. ശതാംഗം—അനേകം അംഗങ്ങളുള്ളത്, തേര്. പോർ...ത്രിഗുണം—യുദ്ധത്തിന് ഒരുമ്പെട്ട രാജാവിന്റെ സൈന്യത്തിന്റെ മൂന്നിരട്ടി. ഉരുഗുണം ഘോടകച്ചാർത്ത്—ഗതിവേഗാദികം തികഞ്ഞ കുതിരയുടെ കൂട്ടം. മേദിന്യാം—ഭൂമിയിൽ. അതിൻകാളും—അതിനേക്കാളും. ഇതു ക്ലിഷ്ടമായ പദപ്രയോഗമാണ്. അഞ്ചിരട്ടി...കാലാള്—അഞ്ചിരട്ടി വലിപ്പംവരുന്ന കാലാൾപ്പടയും. ആകെ—എല്ലാം. പരന്നു—യുദ്ധത്തിനായി ചെന്നു നിരന്നു, വ്യാപിച്ചു.

ശ്ലോകം 44—ഉദ്ധത...കരിണാം—മദം ഇളകിയവയും യുദ്ധത്തിൽ ജയിക്കുന്നവയുമായ ആനകളുടെ. ബൃംഹിതൈഃ—അലർച്ചകൊണ്ടും. വാജി...വിശേഷൈഃ—കുതിരകളുടെ ഹേഷാശബ്ദത്തിന്റെ വിശിഷ്ട

ര്യോധാനാം സിംഹനാദൈരപി രഥപടലീ–
നേമിഘോഷങ്ങൾകൊണ്ടും
വ്രാതൈർവ്വന്ദിസ്തുതീനാമലറിന ബഹുവാ–
ദ്യപ്രണാദങ്ങൾകൊണ്ടും
മീതേ മീതേ മുഴങ്ങീ ശിവ! ശിവ! സകലം
പത്മജന്മാണ്ഡഭാണ്ഡം. 44

ആകല്പ്രോല്ലാസി പൊന്നിൻകടകളുപരിപ–
ച്ചത്തഴപ്പന്തിയമ്മാ!
ഭാഗേ കുത്രാപി മുത്തുക്കുടകൾ കൊടികൾ കൊ–
റ്റക്കുടച്ചാർത്തനേകം
നാഗാനാം കർണ്ണവൃന്ദങ്ങളൊടിടയുമൊരോ
താലവൃന്തങ്ങളും പോ–
ന്നാകക്കാണായിതപ്പോളിടയിട മണിദ–
ണ്ഡോജ്ജ്വലം ചാമരൗഘം. 45

ത്യ(ഭംഗി)കൊണ്ടും. ഹേഷ-കുതിരകളുടെ ശബ്ദം. യോധാനാം സിംഹനാദൈഃ-ഭടന്മാരുടെ സിംഹനാദങ്ങൾകൊണ്ടും (അധികം ഉച്ചത്തിലുള്ള ശബ്ദഘോഷം). അപി-അത്രയുമല്ല. രഥ...ഘോഷങ്ങൾകൊണ്ടും-രഥസമൂഹത്തിന്റെ നേമികൾ (ഉരുളുന്ന ചക്രത്തിന്റെ പുറവട്ടകൾ) ഉരുളുമ്പോൾ സംഭവിക്കുന്ന ശബ്ദംകൊണ്ടും. വന്ദിസ്തുതീനാം വ്രാതൈഃ-വന്ദികളുടെ സ്തുതിഗാനങ്ങളുടെ കൂട്ടംകൊണ്ടും. വന്ദികൾ-സ്തുതിപാഠകന്മാർ, സ്തോത്രംചെയ്യുന്നവർ. വ്രാതം-കൂട്ടം. അലറിന...കൊണ്ടും-ഉച്ചത്തിൽ ശബ്ദം പുറപ്പെടുവിക്കുന്ന അനേകതരം വാദ്യങ്ങളുടെ ഒച്ചകൊണ്ടും. പടഹം മുതലായവയുടെ ഒച്ച. പ്രണാദം-ശബ്ദം. ശിവശിവ-അത്ഭുതം, അത്ഭുതം. സകലം-സകലമായ, സർവ്വവും. പദ്മജന്മാണ്ഡഭാണ്ഡം-ബ്രഹ്മാണ്ഡമാകുന്ന ഭാണ്ഡം. പത്മജന്മാണ്ഡം-ബ്രഹ്മാണ്ഡം. മീതെമീതേ-മേല്ക്കുമേൽ. മുഴങ്ങീ-മുഴക്കം കൈക്കൊണ്ടു. സൈന്യശബ്ദം ലോകത്തിൽ മുഴുവനും മുഴങ്ങി.

ശ്ലോകം 45—ആകല്പ്രോ...കടകൾ-മനോഹരമായി ശോഭിക്കുന്ന പൊന്നിൻകടകൾ. ഉപരി-മേൽഭാഗത്ത്. പച്ചത്തഴപ്പന്തി-പച്ചനിറത്തിലുള്ള തഴകളുടെ കൂട്ടം. അമ്മാ-ആശ്ചര്യദ്യോതകം. കുത്ര അപി ഭാഗേ-ഏതോ ഒരിടത്ത്. കൊറ്റക്കുട-രാജാവിന്റെ കുട. വെൺകൊറ്റക്കുട. നാഗാനാം...താലവൃന്തങ്ങളും-ആനകളുടെ ചെവി

അന്നേരം വ്യോമയാനങ്ങളിലമരജനം
 വന്നു മീതേ നിറഞ്ഞു
മുന്നം മുന്നം വരുന്നോരഭിനവസമരാ—
 ലോകനാനന്ദലോലം
ജന്യേ വീരാൻ വരീതും നിധനമുപഗതാൻ
 വൃന്ദവും മേൽക്കുമേലേ
നന്നായ് കോപ്പിട്ടു പുക്കു നഭസി സകൗതുകം
 നാകനാരീജനാനാം. 46

പൃഥ്വീമൈന്ദ്രൈര്യൂഥനാഥൈരപി ച പരിവൃതോ
 രാജപുത്രൈരമാത്യൈ—

കളോടു തുല്യങ്ങളായ ആലവട്ടങ്ങളും. ഇന്ദുക—സാദൃശ്യദ്യോതകം. മണിദണ്ഡോജ്ജ്വലം—മണിദണ്ഡങ്ങൾകൊണ്ടു തിളങ്ങുന്നതു്. മണിദണ്ഡങ്ങൾ—മണികൊണ്ടുള്ള ദണ്ഡങ്ങൾ (പിടികൾ) ചാമരൗഘം—ചാമരക്കൂട്ടം. അപ്പോൾ ആകെ കാണായിതു്—ഇവയെല്ലാം അപ്പോൾ അവിടെ കണ്ടു.

ശ്ലോകം 46—അന്നേരം—കാർത്തവീര്യാർജ്ജുനൻ യുദ്ധത്തിനു പുറപ്പെട്ട സമയം. അമരജനം—ദേവന്മാർ. വ്യോമയാനങ്ങളിൽ—വിമാനങ്ങളിൽ. വന്നു—യുദ്ധം കാണ്മാൻ വന്നു. മീതേ—ആകാശത്തിൽ. നിറഞ്ഞു—തിങ്ങിക്കൂടി. മുന്നം മുന്നം വരുന്നോർ—ആദ്യമാദ്യം വരുന്നവർ. അഭിനവ...ലോലം—പുതിയ യുദ്ധം കാണുന്നതിനുള്ള സന്തോഷംകൊണ്ടു മനസ്സിളകി, യുദ്ധം കാണ്മാൻ അതികൗതുകത്തോടുകൂടി. ''ലോലശ്ചലസതൃഷ്ണയോഃ'' എന്നു് അമരം. ലോലം—ഇളകുന്നതു്. നഭസി—ആകാശത്തു്. നാകനാരീജനാനാം വൃന്ദവും—ദേവസ്ത്രീകളുടെ കൂട്ടവും. നാരി—എന്ന പദത്തിനു കേവലം സ്ത്രീ എന്നു് ഇവിടെ അർത്ഥം. മനുഷ്യസ്ത്രീ എന്നു് അർത്ഥമില്ല. ''യക്ഷഗന്ധർവ്വാദികളുമപ്സരോനാരിമാരും'' (ബ്രഹ്മാ—കിളി.) ഇത്യാദി പ്രയോഗങ്ങൾ നോക്കുക. സകൗതുകം—സന്തോഷത്തോടുകൂടി. ജന്യേ നിധനമുപഗതാൻ വീരാൻ വരീതും—യുദ്ധത്തിൽ മരിക്കുന്ന വീരപുരുഷന്മാരെ വരിക്കുന്നതിനു്. ജന്യം—യുദ്ധം. നിധനം—മരണം. ഉപഗതന്മാർ—പ്രാപ്തന്മാർ. വരീതും—കല്യാണം കഴിക്കുന്നതിനു്. നന്നായ് കോപ്പിട്ടു—ഭംഗിയായി അലങ്കാരാദികൾ ധരിച്ചു. മേല്ക്കുമേലേ—മേന്മേൽ. പുക്കു—വന്നുചേർന്നു. ദേവന്മാരും ദേവസ്ത്രീകളും ആകാശത്തു വന്നുനിറഞ്ഞു.

ശ്ലോകം 47—കാർത്തവീര്യാർജ്ജുനന്റെ പുറപ്പാടു വർണ്ണിക്കുന്നു. യൂഥനാഥൈഃ—കൂട്ടങ്ങൾക്കു നായകന്മാരായ. ''സജാതീയൈഃ കുലം

ഉദ്ദാമാന്നായിരംകൈകളിലനുകലയ-
ന്നായുധൗഘാനമോഘാൻ
പ്രത്യക്ഷം ദീപ്രരത്നാഭരണപരികരോ
ജൈത്രഭേരീമടിപ്പി-
ച്ചുദ്യത്തിഗ്മാംശുധാമാ പടനടുവിലെഴുന്ന-
ള്ളീടിനാനത്ഭുതാത്മാ. 47

വില്ലിൻ കൂട്ടം കലർച്ചാൻ പവഴിനിര തൊടു-
ത്താൻ കൃപാണാനെറിഞ്ഞാ-
നുല്ലാസം പൂണ്ടു ചിത്രപ്പരിചകളുമിള-
ക്കീടിനാനെന്നുവേണ്ടാ

യുധം'' എന്നു അമരം. രാജപുത്രൈഃ-രാജകുമാരന്മാരാലും. അമാത്യൈഃ അപി-മന്ത്രിമാരാലും. പരിവൃതഃ-പരിവൃതനായി (ചുററപ്പെട്ടു). ഉദ്ദാമാൻ അമോഘാൻ ആയുധൗഘാൻ-ഭയങ്കരങ്ങളും പ്രയോഗിച്ചാൽ വിഫലമാകാത്തവയുമായ ആയുധക്കൂട്ടങ്ങളെ. ആയിരം... കലയൻ-ആയിരം കൈകളിലും ധരിച്ചും, കൈയുകളിൽ ഓരോന്നിലും ഉഗ്രമായ ഓരോ ആയുധം ധരിച്ചും. അനുകലയൻ-ചേർത്തിരിക്കുന്നവൻ. പ്രത്യക്ഷം-സ്പഷ്ടമായി. ദീപ്ര...പരികരഃ-പ്രകാശിക്കുന്ന രത്നാഭരണപരികരങ്ങളോടുകൂടിയവനും. പരികരം-കൂട്ടം. അടിപ്പിച്ചു-താക്കിച്ചു.

''ഭവേൽ പരികരോ വ്രാതേ
പര്യങ്കപരിവാരയോഃ
പ്രഗാഢഗാത്രികാബന്ധേ
വിവേകാരംഭയോരപി.''

എന്നു വിശ്വം. പരികരശബ്ദത്തിനു ഇവിടെ കൂട്ടം എന്നു അർത്ഥം ഇണങ്ങുന്നു. ഉദ്യത്തിഗ്മാംശുധാമാ-കത്തുന്ന സൂര്യനെപ്പോലെ പ്രകാശിക്കുന്നവൻ, അതിപ്രകാശമുള്ളവൻ. അത്ഭുതാത്മാ-അത്ഭുതകരമായ ശരീരപ്രകൃതിയോടു (ആത്മശക്തിയോടു) എന്നും അർത്ഥം ഗ്രഹിക്കാം. പടനടുവിലെഴുന്നള്ളീടിനാൻ-സൈന്യങ്ങളുടെ നടുവിൽ വന്നു ചേന്നു. കാർത്തവീര്യാർജ്ജുനന്റെ പുറപ്പാടിനെപ്പററിയുള്ള വർണ്ണനം രസകരമായിരിക്കുന്നു.

ശ്ലോകം 48—പവഴി-അമ്പു്. കൃപാണാൻ-വാളുകളെ. കല്യാഭോഗം-കല്യമായ ആഭോഗം. ആഭോഗം-പൂർണ്ണത. കനകമണിരഥേ-സ്വർണ്ണവും രത്നവും കൊണ്ടു നിർമ്മിച്ചിരിക്കുന്ന തേരിൽ. സിംഹ...

കല്യാരഭോഗം കരേറിക്കനകമണിരഥേ
സിംഹനാദാതിഭീമൈ-
രുല്ലോലജ്യാനിനാദൈരഖിലമിടകലു-
ഷ്ക്കീടിനാൻ ദിഗ്വിഭാഗം. 48

യുഗാന്തമിശ്രീഭവദബ്ധിവാംഭോ-
നികാശസേനാരവപൂരിതാശഃ
ഭൃഗുപ്രവീരാഭിമുഖഃ പ്രതസ്ഥേ
മഹാഹവാർത്ഥീ സ മഹീമഹേന്ദ്രഃ. 49

ഗദ്യം 3. തസ്മിൻ കാലേ വിസ്മയനീയ പരാക്രമശക്ത്യാ നിഹതസമസ്തക്ഷത്രിയസേനാ ചോരപ്പുഴകളിൽ മുങ്ങിപ്പൊങ്ങിയുമോളമിട്ടും കുളികളിച്ചും പാണികടന്ന നിറച്ചുകുടിച്ചും പച്ചയിറച്ചി തലച്ചോറെന്നിവ പാ

നിനാദൈഃ—സിംഹത്തിന്റെ അലർച്ചയെക്കാൾ അധികം വലിയതായ ഞാണിന്റെ ശബ്ദങ്ങൾകൊണ്ട്. ഉല്ലോലജ്യാ—ഇളകുന്ന ഞാണ്. ദിഗ്വിഭാഗം അഖിലം—എല്ലാ ദിക്കുകളെയും, എട്ടു ദിക്കും. ഇടകലുഷ്ക്കീടിനാൻ—കലുഷി, ഇരുളാക്കി.

ശ്ലോകം 49—മഹാഹവാർത്ഥീ സ മഹീമഹേന്ദ്രഃ. മഹത്തായ യുദ്ധം ആഗ്രഹിച്ച് ആ കാർത്തവീര്യമഹാരാജാവ്. യുഗാന്തപൂരിതാശഃ—പ്രളയകാലത്ത് ഒന്നായിച്ചേരുന്ന സമുദ്രങ്ങളിലെ ജലത്തിനു തുല്യമായ (അവസാനമില്ലാത്തതായ) സൈന്യത്തിന്റെ ഭയങ്കരമായ ശബ്ദംകൊണ്ടു ദിക്കുകൾ നിറച്ചിട്ട്. പൂരിതാശഃ—പൂരിതങ്ങളായ ആശകളോടുകൂടിയവൻ. പൂരിതങ്ങൾ—നിറയപ്പെട്ടവ. ആശകൾ—ദിക്കുകൾ. ഭൃഗുപ്രവീരാഭിമുഖഃ—ഭൃഗുപ്രവരന് അഭിമുഖമായിട്ട്, പരശുരാമന്റെ നേരെ. പ്രതസ്ഥേ—പ്രസ്ഥാനംചെയ്തു, പുറപ്പെട്ടു. യുഗാന്തം—യുഗങ്ങളുടെ അവസാനം. യുഗങ്ങൾ—ചതുർയുഗങ്ങൾ, കല്പകാലം. നികാശം—സമം. മിശ്രീഭവത്—ഇടചേർന്നു, കൂടിക്കലർന്നു.

ഗദ്യം 3—തസ്മിൻകാലേ—ആ കാലത്തിങ്കൽ, ആ സമയം. വിസ്മയനീയ....ശക്ത്യാ—വിസ്മയയോഗ്യമായ പരാക്രമത്തിന്റെ ബലംകൊണ്ട്. വിസ്മയനീയം—വിസ്മയത്തിന് അർഹം, വിസ്മയം ഉണ്ടാക്കുന്നതു്. നിഹത....പ്പുഴകളിൽ—യുദ്ധത്തിൽ കൊന്ന എല്ലാ ക്ഷത്രിയസൈന്യങ്ങളുടെയും ചോരയാകുന്ന പുഴയിൽ, പുഴ പോലെ ഒഴുകുന്ന ചോര. കണക്കില്ലാതെ ക്ഷത്രിയരെ വധിച്ചു എന്നു ഭാവം. നിഹ

ടേ തിന്നം വികൃതഭയങ്കരമേകിറും കാട്ടിക്കയ്യും കൊട്ടി കിലപി ചിരിച്ചും കൂത്തും പാട്ടും പലവു തുടർന്നും മേളം കോലിന കുളിഭൂതപിശാചഗണാനാം കേളികലവികൾ കണ്ടു രസിച്ചൊരു തല്പിൽക്കനകമണിത്തേർ തന്നേല്ലൊ നയകേതനയഷ്ടിരുപാലംബ്യാസ്ഥിതമാത്തശരാസനകാണ്ഡമകാണ്ഡ ഖണ്ഡപരശ്വധശിഷ്യമധൃഷ്യം സഹസാ സാഞ്ജലിബന്ധമുണർത്തീ സാഹസികം ബത സഹസാഹോയം കാണാ യുഷ്മത്തുല്യാരെന്തിഹ രോദോവിവരം കീഴ്മേൽ മുട്ടിപ്പൊങ്ങീട്ടുന്നൊരു ധൂളീപടലം നിയതമറിഞ്ഞേൻ ത്രിഭുവനവിജയി ശൗര്യക്കട്ടെ പരാക്രമശേവധി

തം—നിഹനിക്കപ്പെട്ടതു്, വധിച്ചതു്. പാണി...കടിച്ചും—കൈക്കൈളു നിറച്ചു കടിച്ചും. വികൃതഭയങ്കരം—വികൃതവും ഭയങ്കരവും. വികൃതം—വിരൂപം. ഭയങ്കരം—കണ്ടാൽ പേടിയുണ്ടാക്കുന്നതു്. ഏകിറു്—പല്ലു്, ദംഷ്ട്ര. പലവു—പല തവണ. ഇതു ചമ്പൂകാരന്മാർക്കു പ്രത്യേകം പ്രീതിയുള്ള പദമാണു്. കുളി...ഗണാനാം—കുളികരം, ഭൂതങ്ങരം, പിശാചുക്കരം എന്നിവയുടെ കൂട്ടങ്ങളുടെ, ഈ കൂട്ടം കൂടി- കുളി മുതലായവ പിശാചുക്കളുടെ വകഭേദങ്ങരം. 'കുളി' എന്നതിനു 'കളികരം' എന്നു പാഠാന്തരം. (ഭാഷാചമ്പുക്കരം—പുറം 303.) തല്പ—സമയം. 'നിഹതസമസ്ത' എന്നു മുതൽ 'തല്പ' എന്നുവരെ ഭാഗം പിശാചുക്കളുടെ രക്തപാനം, കേളി എന്നിവയെ വർണ്ണിക്കുന്നു. കവിസങ്കേതപ്രകാരം പിശാചലീല യുദ്ധവർണ്ണനത്തിന്റെ ഒരംശം ആകുന്നു. കേതനയഷ്ടി—കൊടിമരം. ഉപാലംബ്യാസ്ഥിതം—ആശ്രയിച്ചു സ്ഥിതനായി. ഉപാലംബ്യ—ആശ്രയിച്ചു്. ആത്തശരാസനം—ശരാസനം എടുത്തവൻ, വില്ലോടു കൂടിയവൻ. ശരാസനം—വില്ലു്. 'ശരാസനകോദണ്ഡകാർമ്മുകം' എന്നു് അമരം. കാണ്ഡം—ശരം. ഖണ്ഡപരശ്വധശിഷ്യം—ശ്രീപരമേശ്വരന്റെ ശിഷ്യൻ, പരശുരാമൻ. ഖണ്ഡപരശ്വധൻ—ഖണ്ഡപരശു, ശിവൻ. ''ഭൂതേശഃ ഖണ്ഡപരശുഃ'' എന്നു് അമരം. അധൃഷ്യൻ—അന്യനു തോല്പിക്കുവാൻ കഴിയാത്തവൻ, ധൃഷ്യനല്ലാത്തവൻ. ധൃഷ്യൻ—ധർഷണയോഗ്യൻ. സാഞ്ജലിബന്ധം—അഞ്ജലിബന്ധത്തോടുകൂടി, കൈകൂപ്പിക്കൊണ്ടു്. സാഹസികം—സാഹസികനെ, സാഹസികനോടു്. വീണ്ടുവിചാരം കൂടാതെ പെട്ടെന്നു പ്രവർത്തിക്കുന്നവൻ സാഹസികൻ. അയം സഹസാഹഃ—ഈ സഹസാഹൻ. കാണാ—കണ്ടാലും. രോദോവിവരം—രോദസ്സുകളുടെ വിവരം (രന്ധ്രം). ഭൂമിയും ആകാശവും—ഭൂമിയുടേയും ആകാശത്തിന്റേയും ഇടയ്ക്കുള്ള സ്ഥലം. ധൂളീപടലം—പൊടിക്കൂട്ടം. ത്രിഭുവന...കട്ടെ—മൂന്നു ലോകങ്ങളെയും

കൃതവീര്യാത്മജനാത്മബലതെല്ലസ്സമമാണ്മ നടിച്ചു പടയ്ക്കു പു
റപ്പെട്ടുഴറിവരുന്നു ഹരഹര ശിവശിവ തകിലും മുരജ്ഞും
നകരപെരുമ്പറഡിണ്ഡിമമദ്ദളമെന്നു തുടങ്ങിന വാദ്യക
ദംബം താക്കിപ്പൊങ്ങും നാദാദ്വൈതപ്രസരാടോപേ ചതു
രംഗബലദ്ധ്വാനവിശേഷം ദിശിദിശി മീതേ കേൾക്കാ
കുന്നു. വിസ്മയതൈത്ര്യമഞ്ജനാചലകൾ നടന്നു കണ്ടാക്കെ കു
ഞ്ജരപടലി പുറപ്പെട്ടതു കാൺ വാരിധിതിരകൾ കരേറും
പോലെ വാജിഗണങ്ങൾ കുതിച്ചീടുന്നു. ഗന്ധർവ്വപുരാകാ
രാനഗ്രേ ചന്തത്തിൽ കാൺ മണിരഥസംഘാൻ ചതുരമി
ളക്കം ദീപ്രമഹായുധ തേജസ്സ്ഫുരണവുമൊപ്പമിയന്ന

ജയിച്ചവനും ശൌര്യത്തിനു കട്ടയായിരിക്കുന്നവനും. കട്ട—പ്രസിദ്ധം, കുന്നു കേടുവരാതെയിരിക്കുന്ന വസ്തു. ശൌര്യക്കട്ട—ഇതു രസകരമായ ഒരു പഴയ പദമാകുന്നു. ചമ്പുക്കളിൽ ഈ പദം ഉപയോഗിച്ചു കാണുന്നുണ്ട്. ശൌര്യം—ശൂരതം, വീരപുരുഷന്റെ മനഃസ്ഥിതി. പരാക്രമശേവധി—പരാക്രമത്തിന്റെ ഇരിപ്പിടം. കൃതവീര്യാത്മജൻ—കൃതവീര്യന്റെ മകൻ, കാർത്തവീര്യാർജ്ജുനൻ. ആത്മബലൈഃ സമം—തന്റെ സൈന്യങ്ങളോടുകൂടി. ആൺമ നടിച്ചു—ആണത്തം ഉണ്ടെന്നു ഭാവിച്ച്, ഇല്ലാത്ത പൗരുഷം ഉണ്ടെന്നു ഭാവിച്ചുകൊണ്ട്. ഉഴറി—സംഭ്രമിച്ച്. ഹര ഹര ശിവ ശിവ—ആശ്ചര്യാധിക്യദ്യോതകം, അത്യാശ്ചര്യങ്ങളായ കാര്യങ്ങളെക്കുറിച്ചു പറയുന്ന സന്ദർഭങ്ങളിൽ 'ഹര ഹര ശിവ ശിവ' എന്നു പ്രയോഗിക്കുക ചമ്പുക്കളിൽ സാധാരണമാണ്. ''ഹര ഹര ശിവ ശിവ ചിത്രം ചിത്രം'' (രാ. നൈ. ച.) എന്നു കാണുക. തകിലും...കദംബം—തകില്, മുരജ്ഞ, നകരം, പെരുമ്പറ, ഡിണ്ഡിമം മുതലായ വാദ്യങ്ങളുടെ കൂട്ടം. മുരജ്ഞ—ഈ പേരിൽ പ്രസിദ്ധമായ വാദ്യം. മുരജ്ഞ കൊട്ടിയറിയിക്കുക എന്നും മറ്റും വ്യവഹാരപ്രസിദ്ധമാണ്. ''തകിലും മുരജ്ഞും ചെവി പൊട്ടിക്കുമാർ'' (കാമദഹനം ഭാഷാചമ്പു) എന്നു നോക്കുക. നകരം—നകരാവ്, ആനപ്പുറത്തുവച്ച് അടിക്കുന്ന ഒരുതരം വാദ്യം. നാദാ...ടോപേ—ശബ്ദം ഒന്നു മാത്രമേ എവിടെയും ഉള്ളൂ എന്ന മട്ടിൽ ഉള്ള ധാടിയുണ്ടായി. അദ്വൈതം—ഒന്നു മാത്രമെന്ന സ്ഥിതി, രണ്ടാമതൊന്ന് ഇല്ലാത്തത്. പ്രസരം—വ്യാപിക്കുന്നത്. ചതുരംഗ...വിശേഷം—ചതുരംഗങ്ങളോടു കൂടിയ സൈന്യത്തിന്റെ ശബ്ദഘോഷം. ധ്വാനം—ശബ്ദം. വിശേഷം—വിശേഷമായത്, അസാധാരണം. ദിശിദിശി—ദിക്കുതോറും, എല്ലാ ദിക്കുകളിലും. അഞ്ജനാചലകം—അഞ്ജനക്കുന്നുകൾ. കുഞ്ജരപടലികൾ—ആനക്കൂട്ടങ്ങൾ, ആനക്കൂട്ടങ്ങൾ വരുന്നതു കണ്ടാൽ വലിയ അ

പടച്ചമയം ബലഭംഗിയിൽ തെളിച്ചാലോലോത്തട കാലാൾപ്പടകൾക്കററം കണ്ടീലത്രയുമല്ലേ ചമൂഴം കരുത്തുക ധരണിപതീനാം പ്രൗഢിമതങ്ങും തണ്ടും കുടകളുമാ വലിയ പടക്കൂട്ടത്തിൻ നടുവിൽ കാണൊരു നരവരരത്നം ദീപ്തമഹായുധബാഹുസഹസ്ര വ്യാപ്തദിഗന്തരമുപരിസമുദ്ധൃത കനകച്ഛത്രകദംബച്ഛായാ സന്തതിയുടെ പൊന്നടിയാന്തം കോപംകൊണ്ടു കലങ്ങിമറിഞ്ഞെരി തീപ്പൊരിചിതറിന ലോചനകമലം മണിമയഭൂഷണപരികരശോഭാപരിവേഷോജ്ജ്വലമഖിലോ നിസ്സൃതബാഹുമരീചിസഹസ്രമിവാത്ഭുതതരുണാദിത്യം കീഴില്ലമിന്നും മേലില്ലമൊത്താലിതിനൊരുതരം പടക്കൂട്ടത്തിൽ പുരുഷപ്പാട്ട ഗണിപ്പാനില്ലേ ഗുണസത്തോപി സ്ഥിരചിത്തോ ഭവ ഭുവന

ജനകമനുകരം നടന്ന പരീക്ഷയാണോ എന്ന തോന്നും. വാജിഗണങ്ങൾ—കുതിരക്കൂട്ടം. ഗന്ധർവ്വപുരാകാരാൻ—ഗന്ധർവ്വപുരത്തിന്റെ ആകൃതിയുള്ളവ, ഗന്ധർവ്വന്മാരുടെ നഗരത്തിന്റെ ആകൃതിയുള്ളതു്, ആകാശത്തുള്ള നഗരങ്ങൾ. അഗ്രേ-സമീപത്തു്. മണിരഥസംഘാൻ—രത്നമയങ്ങളായ തേരുകളുടെ കൂട്ടങ്ങളെ. കാൺ—കാണുക. ഈ പദം കവിപ്രയോഗമല്ലെങ്കിലും അത്ര ഗ്രാമ്യമായ ഒന്നല്ല. ദീപ്ര...സ്ഫുരണവും—പ്രകാശിക്കുന്ന വലിയ ആയുധങ്ങളുടെ തേജസ്സിന്റെ തിളക്കം. മഹായുധങ്ങൾ—മഹത്തുക്കളായ ആയുധങ്ങൾ, വലിയ വില്ല്, അമ്പു മുതലായവ. സ്ഫുരണം—പ്രകാശനം. പടച്ചമയം—പടയുടെ ചമയം. ചമയം—ഒരുക്കം, പുറപ്പാടു്. 'ബല' പദത്തിന 'ബത' എന്ന പാഠാന്തരം. (ഭാ. ച. പു. 304.) ധരണിപതീനാം പ്രൗഢിമ—രാജാക്കന്മാരുടെ പ്രൗഢത്വം (സമ്പത്തു്). ദീപ്ത...ദിഗന്തരം—പ്രകാശിക്കുന്ന വലിയ ആയുധങ്ങൾ ധരിച്ചിരിക്കുന്ന ആയിരം കൈകളാൽ വ്യാപ്തങ്ങളായ ദിഗന്തരങ്ങളോടു കൂടിയവൻ. വ്യാപ്തം—പരന്നതു്. ദിഗന്തരം-ദിക്കുകളുടെ അന്തർഭാഗം, ആയിരം കൈകൾ ദിക്കുകളിൽ വ്യാപിച്ചവനായി. ഉപരി...ന്നടിയാന്തം—മേൽഭാഗത്തു പിടിച്ചിരിക്കുന്ന പൊന്നിൻകുടക്കൂട്ടത്തിന്റെ നിഴലിൽക്കൂടി വരുന്നവൻ. സമുദ്ധൃതം—ഉയർത്തിപ്പിടിച്ചിരിക്കുന്നതു്. കനകച്ഛത്രം—പൊന്നിൻകുട. അടിയാന്തം—(ദ്വിതീയ) അടിയന്തരം ചെയ്യുന്നവൻ, വരുന്നവൻ, അഭിമുഖമായി വരുന്നവൻ. മണിമയ...ജ്ജ്വലം—രത്നാഭരണക്കോപ്പിന്റെ കാന്തിയുടെ പരിവേഷംകൊണ്ടു തിളങ്ങുന്നവൻ. പരിവേഷം—തേജസ്സുള്ള വസ്തുക്കളുടെ പുറമേ ചുറ്റും വൃത്താകൃതിയിൽ കാണുന്ന

കടാഹം മുട്ടനിറഞ്ഞു ഭയങ്കരമെത്തും പടവരവിതു കാണ്ണതു തടുപ്പാൻ പരമേശ്വരനും പരിചിലിവണ്ണം പരിചിതസാരഥി പറയും വാക്കുകൾ കേട്ടനന്തരമതിധീരോദ്ധതമവനോടു ചെറുത്തു പറഞ്ഞു ചിരിക്കേ ഹേഹയഭൂപതിപൃതനാചക്രം ഭൃഗുതിലകം പരിവാര്യ ച്ചുഴന്നു.

അന്നേരം വീരപുംസാം മകുടമണി സഖേ!
കാർത്തവീര്യാർജ്ജുനം തം
ധന്യം ജന്യായ ബദ്ധോദ്യമമതിഘനയാ
സേനയാ സാഭിമാനം

ശ്ലോ. അഭിതഃ നിസ്സൃതബാഹുസഹസ്രം—പുറം നിസ്സരിക്കുന്ന ബാഹുമരീചികളുടെ സഹസ്രം. ബാഹുമരീചികൾ—ബാഹുക്കളുടെ മരീചികൾ (ശോഭകൾ). സഹസ്രം—അസംഖ്യതാദ്യോതകം, കണക്കില്ലാത്ത. അത്ഭുതതരുണാദിത്യം ഇവ—അത്ഭുതമായ തരുണാദിത്യനെപ്പോലെ. തരുണാദിത്യൻ—തരുണദശയിലുള്ള ആദിത്യൻ, ഉച്ചയിലെ സൂര്യൻ. കീഴിലും...മേലിലും—മുൻകാലത്തും ഇന്നും ഇനിമേലും. ഗണിപ്പാൻ—വിചാരിക്കുവാൻ. ഗുരുസത്വഃ—വലിയ ആത്മബലമുള്ളവൻ. സ്ഥിരചിത്തഃ—മനസ്സിൽ സ്ഥിരത (ധൈര്യം) ഉള്ളവൻ. ഭവ—ഭവിച്ചാലും, മനസ്സിളകാതെ ധീരനായിട്ടിരുന്നാലും. ഭുവനകടാഹം മുട്ടെ നിറഞ്ഞു—ലോകത്തിൽ മുഴുവൻ നിറഞ്ഞു. ഭുവനകടാഹം—ഭുവനമാകുന്ന കടാഹം, വലിയ വാർപ്പ്, പാത്രവിശേഷം. ഭയങ്കരമെത്തും—ഭയം ജനിപ്പിക്കുന്ന വിധം വന്നുചേരുന്ന. പടവരവ്—പടയുടെ വരവ്. അതിധീരോദ്ധതം—അധികം ധീരനും ഉദ്ധതനും ആയ, അധികം ധൈര്യവും അഭിമാനവും (ഗർവ്വും) ഉള്ള. ഹേഹയ...ചക്രം—കാർത്തവീര്യാർജ്ജുനന്റെ സൈന്യസമൂഹം. പൃതന—സൈന്യം. ഭൃഗുതിലകം—പരശുരാമനെ. പരിവാര്യ—പരിവാരണംചെയ്തു, തടഞ്ഞു. ച്ചുഴന്നു—വളഞ്ഞു. കാർത്തവീര്യാർജ്ജുനന്റെ സൈന്യങ്ങൾ ചെന്നു പരശുരാമനെ തടഞ്ഞു വളഞ്ഞു.

ശ്ലോകം 50—സഖേ!-സ്നേഹിത! അന്നേരം—ആ സമയം. വീരപുംസാം മകുടമണി—വീരന്മാരായ മഹാപുരുഷന്മാരുടെ ശിരോഭൂഷണം, വീരന്മാരിൽ അഗ്രഗണ്യൻ, പരശുരാമൻ. ധന്യം—ശ്രേഷ്ഠനും. ജന്യായ—യുദ്ധത്തിനായിക്കൊണ്ട്. അതിഘനയാ സേനയാ—ഏറ്റവും മഹത്തായ സേനയോടുകൂടി. ബദ്ധോദ്യമം—ഒരുമ്പെട്ടവനും. സാഭിമാനം—അഭിമാനത്തോടുകൂടിയവനും ആയ. തം—ആ. കാർത്തവീര്യം—കാർത്തവീര്യാർജ്ജുനനെ. മുന്നിൽക്കണ്ടു—മുമ്പിൽ കണ്ടിട്ട്. ആത്ത

മുന്നിൽ കണ്ടാത്തമന്യുപ്രസരമസകൃദാ-
സ്ഫാലയൻ കാർമ്മുകജ്യാ-
മെണ്ണേറ്റം ബാണവർഷം ദശദിശകളിലാ-
പൂര്യ പോരിന്നണഞ്ഞു. 50

ഉരപെറുമായുധവർഷം
കരിമുകിൽപോലെ പൊഴിച്ചു വഴിപോലെ
സരഭസമർജ്ജുനസേനാ
പരമമുനീന്ദ്രം പൊതിഞ്ഞിതുരുമാനാ. 51

മീതേമീതേ തറച്ചീടിന വിശിഖമഹാ-
പഞ്ജരാന്നിർഗ്ഗതോസൗ
വാർത്തേട്ടം മേഘപങ്ക്തേരഴകൊടു ഭഗവാൻ
ഭാനുമാനെന്നപോലെ

മന്യുപ്രസരം-കോപാധിക്യത്തോടുകൂടി. കാർമ്മുകജ്യാം-വില്ലിന്റെ ഞാണിനെ. അസകൃൽ ആസ്ഫാലയൻ-ഒന്നിലധികം തവണ ആസ്ഫാലനം ചെയ്തിട്ട്, വലിച്ചിട്ട്. എണ്ണേറ്റം—കണക്കില്ലാതെ, എണ്ണം ഏറുന്ന. എണ്ണു, ഏറ്റം എന്നു രണ്ടു പദങ്ങളാം. എണ്ണു എന്നു പഴയ കൃതികളിൽ പ്രയോഗിക്കാറുണ്ട്. ''എണ്ണേറ്റം ജന്തുവൃന്ദം കൊടിയ നരകകോടീഷു കേഴും ദശായാം'' (രാ. രാ. ച.) എന്നു നോക്കുക. ബാണവർഷം-ബാണവർഷത്തെ, മഴപോലെ ഇടവിടാതെ അമ്പുകൾ പൊഴിക്കുന്ന പ്രവൃത്തി. ദശദിശകളിൽ-പത്തു ദിക്കുകളിലും. ആപൂര്യ-ആപൂരണം ചെയ്തിട്ട്, നിറച്ചിട്ട്. പോരിന്നണഞ്ഞു-യുദ്ധത്തിനായി വന്നു.

ശ്ലോകം 51—ഉരപെറും-പേരുകേട്ട. ആയുധവർഷം-ബഹുവിധങ്ങളായ ആയുധങ്ങളുടെ വർഷത്തെ. കരിമുകിൽപോലെ-കരിമേഘംപോലെ, കറുത്തമേഘം മഴയെന്നപോലെ ആയുധങ്ങൾ. വഴിപോലെ-വേണ്ടവഴിക്ക്, വേണ്ടവിധം. പൊഴിച്ചു-ചൊരിഞ്ഞു. ഉരുമാനാ അർജ്ജുനസേനാ-ഏറ്റവും മാനത്തോടുകൂടി അർജ്ജുനസൈന്യം. പരമമുനീന്ദ്രം-ഏറ്റവും ഉൽകൃഷ്ടനായ പരശുരാമനെ. സരഭസം-വേഗത്തിൽ. പൊതിഞ്ഞിതു-പൊതിഞ്ഞു, ചുററി. സേനകൾ പുറമേ വളഞ്ഞു പരശുരാമനെ അകത്തുപെടുത്തി.

ശ്ലോകം 52—അസൗ-ഈ പരശുരാമൻ. മീതേമീതേ...നിർഗ്ഗതഃ-മേല്ക്കുമേൽ ശരീരത്തിൽ ശക്തിയായി വന്നുകൊള്ളുന്ന അമ്പുകളാകുന്ന കൂട്ടിൽനിന്നു പുറമേ വന്നവനായിട്ട്, എതിരാളികളുടെ ശരസമൂ

യോധാൻ വിദ്ധ്യൻ പൃഷൽകൈരധികലഘുതയാ
ദൂരദുർല്ലക്ഷ്യപാതൈ-
ർവ്യ്യാതന്വൻ വിക്രമം ദാരുണമിഹ ഭുവി വി-
സ്മാപകം വിശ്വഭാജാം. 52

ദൃപ്താനാം സൈനികാനാമുടലിൽ ഞെട്ടഞെട-
ച്ചുന്ന കൊള്ളത്തുടങ്ങീ;
നിസ്സംഖ്യാഃ സ്വർണ്ണപുംഖാഃ പരശുധരമുനീ-
ന്ദ്രസ്യ ശാതാശ്ശരൗഘാഃ;
ചിത്രം വാച്യാവതല്ലേ സമരശിരസി സേ-
നാഭടാസ്തേ സമന്താൽ
പ്രത്യക്ഷം രാമനാത്തായുധമവരവർ ക-
ണ്ടീടിനാരേകമേകം. 53

ഹങ്ങളെ തട്ടിനീക്കി പുറത്തു വന്നു. വാർദ്ദേ..... പോലെ-വെള്ളം നിറഞ്ഞ മേഘസമൂഹത്തിനുള്ളിൽനിന്നു ഭംഗിയായിട്ട് ആദിത്യഭഗവാൻ എന്നപോലെ, ഉപമ. ഭഗവാൻ-സർവ്വൈശ്വര്യശാലി. ഭാനുമാൻ-ആദിത്യൻ. അധികലഘുതയാ-ഏറ്റവും ലഘുവായി, തീരെ പ്രയാസമില്ലാതെ, എളുപ്പത്തിൽ. ദൂരദുർല്ലക്ഷ്യപാതൈഃ പൃഷൽകൈഃ-ദൂരത്തിങ്കൽനിന്നു ദുർല്ലക്ഷ്യപാതങ്ങളായ പൃഷൽകങ്ങളെക്കൊണ്ട്. ദുർല്ലക്ഷ്യം-കാണ്മാൻ കഴിയാത്തത്. പാതം-വീഴ്ച, അതിവേഗത്തിൽ വന്നു വീഴുന്നതുകൊണ്ടു വീഴ്ച കാണ്മാൻ പ്രയാസമുള്ളത്. പൃഷൽകം-ശരം. യോധാൻ-എതിരാളികളായ ഭടന്മാരെ. വിദ്ധ്യൻ-മുറിച്ച്. ഭുവി-ഭൂമിയിൽ. വിശ്വഭാജാം-ജനങ്ങൾക്ക്. വിസ്മാപകം-വിസ്മയത്തെ ഉണ്ടാക്കുന്നതും. ദാരുണം-ഭയങ്കരവുമായ. വിക്രമം-പരാക്രമത്തെ. വ്യാതന്വൻ-ചെയ്തു. അത്ഭുതത്തെയും ഭയത്തെയും ജനിപ്പിക്കത്തക്കവിധം പരാക്രമത്തോടുകൂടി യുദ്ധം ചെയ്തു.

ശ്ലോകം 53—പരശുധരമുനീന്ദ്രസ്യ-പരശുരാമന്റെ. നിസ്സംഖ്യാഃ-അസംഖ്യങ്ങളും. സ്വർണ്ണപുംഖാഃ-സ്വർണ്ണം കെട്ടിച്ച പിടിയോടുകൂടിയവയും. ശാതാഃ-മൂർച്ചയുള്ളവയുമായ. ശരൗഘാഃ-ശരസമൂഹങ്ങൾ. ദൃപ്താനാം സൈനികാനാം-അഹങ്കാരികളായ അർജ്ജുനസൈന്യത്തിലെ ഭടന്മാരുടെ. ഉടലിൽ-ശരീരത്തിൽ. ഞെട്ടഞെട-മുൻപു വ്യാഖ്യാനിച്ചിട്ടുണ്ട്. കൊള്ളത്തുടങ്ങി-കൊണ്ടുതുടങ്ങി. ചിത്രം വാച്യാവതല്ലേ-ആശ്ചര്യം പറയാവുന്നതല്ല. തേ സേനാഭടാഃ-ആ അർജ്ജുനസൈന്യത്തിലെ ഭടന്മാർ, സമരശിരസി-പടയുടെ തലയിൽ, അഗ്രഭാഗത്ത്.

ഒന്നിച്ചും കൂട്ടവില്ലിട്ടതിരഭസവശാ-
ലമ്പു വർഷിച്ചുവർഷി-
ച്ചെണ്ണേറും ചക്രകുന്താദിഭിരധികമെറി-
ഞ്ഞും ക്രുധാ പേ പറഞ്ഞും,
ജന്യേ മുട്ടിച്ചു പോർതേടിന സുഭടവരാ-
നപ്രമേയാനുഭാവോ
മിന്നും ജ്വാലാകരാളൈരനലമയശരൈ-
ർവ്വാരയാമാസ ദൂരാൽ. 54

യുദ്ധേ നിരുദ്ധപ്രസരേ ഭടാനാം
മെത്തും പ്രകോപാരുണദാരുണാക്ഷാഃ
പ്രസ്ഥായ പോരിന്നഥ രാജപുത്രാ-
സ്സുത്രാന്തരേ ഭാർഗ്ഗവമഭ്യധാവൻ. 55

സമന്താൽ-ചുററും. പ്രത്യക്ഷം-സ്പഷ്ടമായി കാണത്തക്കവിധം. ആത്തായുധം രാമം-ആയുധം ധരിച്ചു ഭയങ്കരനായിരിക്കുന്ന രാമനെ. അവരവർ പ്രത്യേകം പ്രത്യേകം കണ്ടീടിനാർ-ഓരോ ഭടനും ഓരോ രാമനെക്കണ്ടു. ഓരോ ഭടനും തന്റെ മുമ്പിൽ ഓരോ രാമൻനിന്നു പടപൊരുതുന്നതായി കണ്ടു(തോന്നി).

ശ്ലോകം 54—ചക്രകുന്താദിഭിഃ-ചക്രം കുന്തം മുതലായവകൊണ്ടു്. ക്രുധാ പേപറഞ്ഞു-കോപത്തോടുകൂടി അസംബന്ധവാക്കുകൾ പറഞ്ഞും. പേ-പേയ്, ഭ്രാന്ത്. ജന്യേ-യുദ്ധത്തിങ്കൽ. മുട്ടിച്ചു-ബുദ്ധിമുട്ടിച്ചു, ഗതിയില്ലാതെയാക്കി. പോർ...വരാൻ-(കർമ്മം) യുദ്ധംചെയ്യുന്നവരും യുദ്ധമുറകളറിയാവുന്നവരും വീരന്മാരും ആയ ഭടന്മാരെ. അപ്രമേയാനുഭാവഃ-അളവില്ലാത്ത പ്രഭാവത്തോടുകൂടിയവൻ, രാമൻ. മിന്നും...കരാളൈഃ-ശോഭിക്കുന്ന ജ്വാലകളെക്കൊണ്ടു ഭയങ്കരങ്ങളും, അനലമയശരൈഃ-തീപോലെയുള്ളവയുമായ ശരങ്ങളെക്കൊണ്ടു്. ദൂരാൽ-ദൂരത്തിൽവച്ചു്. വാരയാമാസ-വാരണംചെയ്തു, തടഞ്ഞു, തടുത്തു.

ശ്ലോകം 55—ഭടാനാം യുദ്ധേ നിരുദ്ധപ്രസരേ-ഭടന്മാരുടെ യുദ്ധം നിരുദ്ധപ്രസരമായപ്പോൾ. നിരുദ്ധം-തടയപ്പെട്ടതു്, തടഞ്ഞതു്. പ്രസരം-വ്യാപ്തി, വലിപ്പം. അഥ-പിന്നീടു്. രാജപുത്രാഃ-രാജകുമാരന്മാർ. മെത്തും...ണാക്ഷാഃ-വർദ്ധിച്ച കോപംകൊണ്ടു ചുവന്നു ഭയങ്കരങ്ങളായ കണ്ണുകളോടുകൂടിയവരായി. കണ്ണു ചുവന്നു, തല്ലാല വിശേഷണം. പോരിന്നു-യുദ്ധത്തിനു്. പ്രസ്ഥായ-പുറപ്പെട്ടിട്ടു്.

തിഷ്ഠ തിഷ്ഠ കിതവേതി വാദിനോ
നഷ്ടശങ്കമഭിഗമ്യ ദൃപ്താഃ
ചുട്ടബാണമയവൃഷ്ടി പെയ്തുപെ-
യ്തഷ്ടദിക്ഷു കലഹം തുടങ്ങിനാർ. 56

ആജികർമ്മവിദധാനമായുധൈ
രാജപുത്രനിവഹം വിദാരയൻ
രാജതേ സ്മ ഭൃഗുവീരനക്ഷണേ
രാജമണ്ഡലകരീന്ദ്രകേസരീ. 57

കൂട്ടത്തിൽകൊണ്ട ക്രൂരമ്പുകൾ കുടൽ ചിതറി-
പ്പൂത്തു ദിക്കും ജയപ്പ്-

തത്രാന്തരേ-അതിനിടയിൽ, അപ്പോൾ. ഭാർഗ്ഗവം-പരശുരാമനെ. അഭ്യധാവൻ-അഭിധാവനംചെയ്തു, രാമന്റെ അടുക്കലേക്ക് ഓടി. (അഭ്യധാവൻ-ക്രിയ, ബഹുവചനം)

ശ്ലോകം 56—രാജകുമാരന്മാരുടെ യുദ്ധത്തെ വർണ്ണിക്കുന്നു. കിതവ!-വഞ്ചക! തിഷ്ഠ തിഷ്ഠ(ക്രിയ ഏകവചനം) നീ ഓടിപ്പോകാതെ നില്ല നില്ല. ഇതി വാദിനഃ-ഇപ്രകാരം വാദികളായി (പറഞ്ഞുകൊണ്ട്). ദൃപ്താഃ-ദുരഹങ്കാരത്തോടുകൂടിയവരായി, അഹങ്കരിച്ച. നഷ്ടശങ്കം-സംശയംകൂടാതെ. അഭിഗമ്യ-നേരേ ചെന്നിട്ട് (അവ്യ). ചുട്ടബാണമയവൃഷ്ടി-ചൂടേറിയ അമ്പുകളുടെ വർഷത്തെ, കൊള്ളുന്ന സ്ഥലം ഭസ്മമാക്കുന്ന അമ്പുകൾ തടവില്ലാതെ. അഷ്ടദിക്ഷു-എട്ടു ദിക്കുകളിലും. പെയ്തു പെയ്തു-വിശ്രമംകൂടാതെ വർഷിച്ചു. കലഹം-കലഹത്തെ. തുടങ്ങിനാർ-തുടങ്ങി.

ശ്ലോകം 57— രാജമണ്ഡലകരീന്ദ്രകേസരീ-രാജസമൂഹമാകുന്ന ആനക്കൂട്ടത്തിന്റെ സിംഹമായിരിക്കുന്ന, രാജാക്കന്മാരുടെ ജന്മശത്രു. ഭൃഗുവീരൻ-ഭൃഗുശ്രേഷ്ഠൻ, പരശുരാമൻ. അക്ഷണേ-ആ സമയത്തുതന്നെ, വേഗം. ആജികർമ്മ-യുദ്ധപ്രവൃത്തിയെ, യുദ്ധത്തെ. വിദധാനം-ചെയ്യുന്ന, രാജപുത്രനിവഹം-രാജകുമാരന്മാരുടെ കൂട്ടത്തെ. ആയുധൈഃ-ആയുധങ്ങളെക്കൊണ്ട്. വിദാരയൻ-വിദാരയന്നായിട്ട് (തല്ക്കാലവിശേഷണം). രാജതേ സ്മ-ശോഭിക്കുകയും ചെയ്തു, ശോഭിച്ചു. രാജപുത്രന്മാരുടെ കൂട്ടത്തെ ആയുധങ്ങൾകൊണ്ടു പിളർന്ന (ശരീരത്തിൽ മുറിവുകൾ ഏല്പിച്ചു).

ശ്ലോകം 58—ക്രൂരമ്പുകൾ-മൂർച്ചയുള്ള ശരങ്ങൾ. കാട്ടംവണ്ണുന്ന-ഓടുന്ന. ഗന്ധമദിപലോകം-മദിച്ച വലിയ ആനകളുടെ അർലച്ച

ട്ടോട്ടംവെച്ചീടുന്ന ഗന്ധദ്വിപവരവിധുതാ-
ക്രന്ദസന്ത്രസ്തലോകം
വാട്ടംതട്ടാത കാലാൾ പടകൾ തലമുറി-
ഞ്ഞൊക്കവേ ദിക്ഷു ചാട്ടം-
ചാട്ടംകൊണ്ടാത്തചിത്രം തുമുലസമരകോ-
ലാഹലം ചൊല്ലുവല്ലേ. 58

വേഗത്തിൽ പോന്ന ചാട്ടങ്ങളവരിമുഖമേ-
ല്ലും നിശാതാർദ്ധചന്ദ്രൈ-
രാകണ്ഠം മുറിഞ്ഞാകലിതധരണി വീ-
ഴുന്ന ഹേഷിപ്രകാണ്ഡം
പ്രാഗത്ഭ്യം പൂണ്ട ബാണാനലശിഖയിലക-
പ്പെട്ടു ചാകും ഭടാളീ-
ഹാകാരാകീർണ്ണമാഹാ! തുമുലസമരകോ-
ലാഹലം വാഴ്ത്തവല്ലേ. 59

(നിലവിളി)കൊണ്ടു ഭയപ്പെട്ട ജനങ്ങളോടുകൂടിയതു്. ജനങ്ങൾ ആനകളുടെ അലർച്ച കേട്ടു ഭയന്നു എന്നു ഭാവം. വാട്ടംതട്ടാതെ-ക്ഷീണം കൂടാതെ. കാലാൾ...ദിക്ഷു-കാലാൾഭടന്മാർ തലമുറിഞ്ഞു നാനാദിക്കുകളിലേക്കും. ദിക്ഷു-(സപ്തമി)എല്ലാ ദിക്കുകളിലേക്കും. ചാട്ടം ചാട്ടം...ചിത്രം-ചാടുന്ന ചാട്ടംകൊണ്ടു് അത്ഭുതത്തോടുകൂടിയതു്. തുമുല...വല്ലേ-സങ്കുലയുദ്ധത്തിന്റെ കോലാഹലം പറയാവുന്നതല്ല തുമുലം-ഭടന്മാർ കൂടിച്ചേർന്നതു്.

ശ്ലോകം 59—നിശിതാർദ്ധചന്ദ്രൈഃ-നിശിതങ്ങളായ അർദ്ധചന്ദ്രങ്ങളെക്കൊണ്ടു് (അർദ്ധചന്ദ്രാകൃതിയിലുള്ള ബാണങ്ങൾ). കണ്ഠം മുറിഞ്ഞു-കഴുത്തു മുറിഞ്ഞു്. ആകലിതധരണി-ഭൂമി ആകലിതമാകുംവിധം. ആകലിതം-വ്യഗ്രതയോടുകൂടിയതു്. ഹേഷിപ്രകാണ്ഡം-വിശിഷ്ടമായ കുതിര. ഹേഷി-ഹേഷയോടുകൂടിയതു്. ഹേഷ-കുതിരയുടെ ശബ്ദം. പ്രകാണ്ഡം-പ്രശസ്തം. 'പ്രകാണ്ഡോ വിടപേ ശസ്തേ' എന്നു വിശ്വം. പ്രാഗത്ഭ്യം-വിദഗ്ദ്ധത. ബാണ...ലകപ്പെട്ട-അമ്പിന്റെ സമൂഹമാകുന്ന അഗ്നിയുടെ ജ്വാലയ്ക്കുള്ളിലായി. ചാകും...ഹാകാരാകീർണ്ണം-മരിക്കുന്ന ഭടജനത്തിന്റെ 'ഹ' 'ഹ' എന്ന ശബ്ദംകൂടി കലർന്നതു്. ആഹാ-ആശ്ചര്യം. തുമുല...വാഴ്ത്തവല്ലേ-സങ്കുലയുദ്ധത്തിന്റെ വൈഭവം വർണ്ണിച്ചുപറയാവുന്നതല്ല.

മദ്ധ്യേ ഭല്ലപ്രഹാരാത് പ്രസഭമിടയുറി-
ഞ്ഞങ്ങുമിങ്ങും തെറിക്കും
മുക്താരത്നാങ്കപത്രാ വിവിധ കളകളാ-
രാവജഘോഷപൂരാണം
മെത്തീടും ധൂളിപാളീകബളിതഗഗനാ-
ഭോഗദിക്ചക്രവാളം
ചിത്രം രാമാർജ്ജുനീയം തുമുലസമരകോ-
ലാഹലം ചൊല്ലവല്ലേ. 60

വൽഗൽഘോടഘടാതരംഗതരളം
ഭ്രാമ്യൽഗജഗ്രാഹമ-
ത്യുഗ്രാടോപരഥാംഗതുംഗമകര-
സ്ഫീതം ജഗൽഭീഷണം

ശ്ലോകം 60—മദ്ധ്യേ-ഇടയ്ക്കു്, നടുവിൽ. ഭല്ലപ്രഹാരാൽ-ഭല്ലങ്ങൾകൊണ്ടുള്ള പ്രഹരത്താൽ. ഭല്ലം-ശരം. പ്രഹാരം-അടി, ഏയ്ത്തു്. പ്രസഭം-ബലാല്ക്കാരമായി. മുക്താ...പത്രം-മുത്തുകളോടുകൂടിയ കടകം. വിവിധ...ഘോഷപൂരണം-ബഹുവിധമായ കളകളശബ്ദത്തിന്റെ ഘോഷത്തോടുകൂടിയതു്. മെത്തീടും...ചക്രവാളം-വർദ്ധിച്ച പൊടിയുടെ കൂട്ടം കബളനംചെയ്ത ആകാശത്തോടും ദിക്കുകളോടും കൂടിയതു്, ആകാശത്തിലും ദിക്കുകളിലും എല്ലാം പൊടിക്കൂട്ടം നിറഞ്ഞ എന്ന ഭാവം. രാമാർജ്ജുനീയം-പരശുരാമന്റെയും കാർത്തവീര്യാർജ്ജുനന്റെയും, അവർ തമ്മിൽ ചെയ്ത.

ശ്ലോകം 61—വൽഗൽ...തരളം-ഇളകുന്ന(ചാടുന്ന) കുതിരക്കൂട്ടമാകുന്ന തിരമാലകൾകൊണ്ടു ക്ഷോഭിച്ചതും. ഘോടം-കുതിര.

''ഘോടകേ പീതിതുരഗ-
തുരംഗാശ്വതുരംഗമാഃ''

എന്നു് അമരം. ഘട-കൂട്ടം. ഭ്രാമ്യൽ ഗജഗ്രാഹം-ചുററിനടക്കുന്ന ആനകളാകുന്ന ഗ്രാഹങ്ങളുള്ളതു്. ഭ്രാമ്യത്തു്-ചുററുന്നതു്, ഭ്രമിക്കുന്നതു്. ഗ്രാഹം-മുതല. ''ഗ്രാഹോവഹാരോനക്രസ്തു.''(അമരം). അത്യുഗ്രാ...സ്ഫീതം-അത്യുഗ്രമായ ആടോപത്തോടുകൂടിയ തേരുകളാകുന്ന മകരങ്ങളെക്കൊണ്ടു വമ്പിച്ചതും. തുംഗം-പൊക്കമുള്ളതു്, വലിയതു്. സ്ഫീതം-വർദ്ധിച്ചതു്. രഥങ്ങളാകുന്ന വലിയ മത്സ്യങ്ങൾ അധികമുള്ളതു്. ജഗൽഭീഷണം-ജഗത്തുക്കൾക്കു ഭയമുണ്ടാക്കുന്നതു്, ലോകഭയങ്കരം. വിഷ്വ...മരിതം-എല്ലാ ദിക്കുകളിലും കാലാൾപ്പടയാകുന്ന

വിഷാണിഗ്രാഹ്യാശ്വപദാതിവാരിഭരിതം
    ദൃപ്യന്മഹാംഭോനിധി-
പ്രഖ്യം വിഗ്രഹഘോരവാതവിധുതം
    തത്സൈന്യചക്രം ബഭൗ. 61

തൽക്ഷണേന ജമദഗ്നിസൂനു ഭുജശക്തി-
    കൊണ്ടു പലവട്ടമായ്
നിഗ്രഹിച്ചു നൃപപുത്രവൃന്ദമൊരുമിച്ചു
    തത്ര തുമുലാഹവേ
സത്കൃതോ വിജയലക്ഷ്മിയാൽ വിഹിതവീര-
    ശംഖപരിപൂരണോ
നില്പതപ്പൊഴുതു കാർത്തവീര്യതനയാ വി-
    നിര്യയുരുദായുധാഃ 62

ജലം നിറഞ്ഞതും, ഭരിതം—ഭരിക്കപ്പെടുന്നതു്. ദൃപ്യ...പ്രഖ്യം—ദൃപ്യത്തായ വലിയ കടലുപോലെയിരിക്കുന്നതു്. വിഗ്രഹ...വിധുതം—യുദ്ധമാകുന്ന കൊടുങ്കാറ്റുകൊണ്ടു് ഇളകിമറിഞ്ഞതു്. വിധുതം—ഇളകുന്നതു്. തത്സൈന്യചക്രം—ആ സൈന്യസമൂഹം. ബഭൗ—ശോഭിച്ചു. അലങ്കാരം രൂപകം. സൈന്യസമൂഹത്തെ കടലായി കല്പിച്ചിരിക്കുന്നു. കുതിര തിരമാല, ആന മുതല, ഝഷം മത്സ്യം, കാലാൾപ്പട ജലം, വിഗ്രഹം കൊടുങ്കാറ്റു്, എന്നിവ കടലിന്റെ അംഗങ്ങളാം. ജഗത്ഭീഷണം സൈന്യത്തിനും കടലിനും ഒരുപോലെ യോജിക്കും.

ശ്ലോകം 62—തൽക്ഷണേന—ക്ഷണസമയംകൊണ്ടു്, അതിവേഗം. തത്ര തുമുലാഹവേ—അവിടെ സങ്കുലയുദ്ധത്തിൽ. ജമദഗ്നിസൂനു—പരശുരാമൻ. ഭുജശക്തി—കൈക്കരുത്തു്. നൃപ...വൃന്ദം—രാജകുമാരസമൂഹത്തെ. പലവട്ടമായ്—അനേകംതവണയായ്. ഒരുമിച്ചു നിഗ്രഹിച്ചു—ഒരുമിച്ചു വധിച്ചു. വിജയലക്ഷ്മിയാൽ സത്കൃതഃ—വിജയശ്രീയാൽ സല്ക്കരിക്കപ്പെട്ടവനായി, വിജയത്തോടു കൂടിയവനായി. വിഹിത...പൂരണഃ—വിജയശംഖം പൂരിപ്പിച്ചുകൊണ്ടു്. വിഹിതം—ചെയ്യപ്പെട്ടതു്. വീരശംഖം—വീരപുരുഷൻ ഉപയോഗിക്കുന്ന ശംഖം. വിജയശംഖം മുഴക്കിക്കൊണ്ടു്. നില്പതപ്പൊഴുതു—നില്ക്കുന്നസമയം. ഉദായുധാഃ—ആയുധങ്ങൾ ഉയർത്തിപ്പിടിച്ചിരിക്കുന്നവരായ. കൈയിൽ ആയുധങ്ങൾ എടുത്തു പൊക്കിപ്പിടിച്ചുകൊണ്ടു്. കാർത്ത...തനയാഃ—കാർത്തവീര്യാർജ്ജുനന്റെ പുത്രന്മാർ. വിനിര്യയുഃ—വിനിര്യാണം ചെയ്തു. പോരിനു വന്നു.

ഐയ്‌വരും വീരാ ജവാദേകമത്യസഹിതാസ്സ-
ഘോരഘനസേനയാ
ദൈവചോദിതധിയസ്സമേത്യ ഭൃഗുപും-
ഗവം മഹിതസംഗരേ
താഢ്യധൃഷ്ടഭുജാബലേന സഹസാ വൃ-
ഷന്ത കൃതസാഹസാ-
സ്തേ വിഭിദ്യ ശരവൃഷ്ടിഭിസ്സപദി മൂടി-
നാർ സരഥസാരഥിം. 63

തൽപ്രയുക്തശരവർഷമാശു ശതശോ നികൃ-
ത്യ ശരസഞ്ചയൈ-
രത്ഭുതാംബുനിധി [illegible] നിശ്-
മാഥ [illegible]

ശ്ലോകം 63—ഐയ്‌വരും...സഹിതാഃ—അഞ്ചുപേരും വേഗത്തിൽ ഒത്തൊരുമിച്ചു കൂടിച്ചേർന്ന്. ഐയ്‌വർ—അഞ്ചുപേർ. ശൂരൻ, ശൂരസേനൻ, ധിഷണൻ, മധു, ജയധ്വജൻ എന്നിവർ.

ശൂരനും പിന്നെ ശൂരസേനനും ധിഷണനും
ശൂരന്മാരാകും മധുവും ജയധ്വജൻതാനും

(ബ്രഹ്മാണ്ഡം—കിളി.) എന്നു കാണുക. ദൈവചോദിതധിയഃ—ദൈവപ്രേരിതമായ ബുദ്ധിയോടു കൂടിയവരായി. ദുർബുദ്ധിയുടെ നിയോഗംകൊണ്ട് യുദ്ധംചെയ്യുന്നതിനു വിചാരിച്ചു. ഈ പദം അവരുടെ നാശം അടുത്തു എന്ന ആശയത്തെ വ്യഞ്ജിപ്പിക്കുന്നു. ഘനസേനയാസഹ ഏവ—വലിയ സൈന്യത്തോടുകൂടിത്തന്നെ. ഘനസേന—വർദ്ധിച്ച സൈന്യം. മഹിതസംഗരേ—മഹിതമായ യുദ്ധത്തിൽ. മഹിതം—വീരപുരുഷന്മാരാൽ മാനിക്കപ്പെടുന്നത്. ഭൃഗുപുംഗവം—ഭൃഗുവംശത്തിൽ ശ്രേഷ്ഠനായ പരശുരാമനെ. സമേത്യ—പ്രാപിച്ചിട്ട്. താഢ്യ...ബലേന—വലിപ്പമുള്ളതും കടുത്തതും ആയ കൈക്കരുത്തുകൊണ്ട് ഉദ്ധൃഷ്ടം—മൂപ്പേറിയത്. കൃതസാഹസാഃ—ചെയ്യപ്പെട്ട സാഹസത്തോടു കൂടിയവരായി, അവിവേകമായി പാപപ്രവൃത്തി ചെയ്യുന്നവരായി. തേ—അവർ. സഹസാ—അപ്പോൾത്തന്നെ, വേഗം. വൃഷന്ത—വളഞ്ഞു. സപദി—വേഗം. ശരവൃഷ്ടിഭിഃ—ശരമഴകൾകൊണ്ട്. സരഥസാരഥിം—രഥത്തെയും തേരാളിയേയും. വിഭിദ്യ—ഭേദിച്ചിട്ട്, പിളർന്ന്. മൂടിനാർ—മൂടി. മൂടത്തക്കവണ്ണം ശരങ്ങൾ പ്രയോഗിച്ചു.

ശ്ലോകം 64—അത്ഭുതാംബുനിധി—അത്ഭുതങ്ങൾക്ക് ഇരിപ്പിടമായിരിക്കുന്നവൻ. രാമൻ. തൽപ്രയു...വർഷം—അവരുടെ ശരമാരി

ക്ഷിപ്രമമ്പുകൾ തറച്ചു ചഞ്ഞു പരിതോ മല-
ജ്ജുകളുവന്തരാ
ദർപ്പവാൻ പ്രബലസിംഹസേനബലനായ-
കൻ പട നടത്തിനാൻ. 64

മാറത്തും നെററിമേലും തെരുതെരുതെര ബാ-
ണങ്ങളേല്പിച്ചു സൂതം
വാരം വാരം വലച്ചും നിശിതവിശിഖവൃ-
ഷ്ട്യാ മുനീന്ദ്രം പൊതിഞ്ഞും
പാരിച്ചോരാഹവാഡംബരസമരമുഖേ-
രംഹസാ സിംഹസേനേ

യെ, അവർ ഇതുവരെ പൊഴിച്ച ശരങ്ങളെ. ആശു—വേഗം. ശരസഞ്ചയൈഃ ശതശഃ നികൃത്യ—ശരസമൂഹങ്ങൾകൊണ്ടു കണക്കില്ലാതെ ഖണ്ഡങ്ങളായി മുറിച്ചിട്ട്. ശതശഃ—അനേകതാധിക്യദ്യോതകം. ''ശതശോഥ സഹസ്രശഃ'' എന്നിങ്ങനെ മഹാഭാരതാദി ഗ്രന്ഥങ്ങളിൽ പ്രയോഗങ്ങൾ സുലഭങ്ങളാണ്. സുഭടോത്തമാൻ-ഭടശ്രേഷ്ഠന്മാരെ. 'സു' 'ഉത്തമ' എന്നീ പദങ്ങൾ ഭടന്മാരുടെ വിശിഷ്ടതാധിക്യത്തെ ദ്യോതിപ്പിക്കുന്നു. യുദ്ധമുറകളെല്ലാം അറിഞ്ഞിരിക്കുന്നവരും പ്രയോഗിക്കുന്നതിനു സാമർത്ഥ്യം ഉള്ളവരും എന്നു ഭാവം. മർമ്മസന്തതിഷു-മർമ്മസ്ഥാനങ്ങളിൽ. മർമ്മം—പീഡയേററാൽ മരണമുണ്ടാകുന്ന സ്ഥാനം. ഹൃദയം മുതലായതു്. നിർമ്മമാഥ—(ക്രിയ) നിർമ്മഥിച്ചു. ഭടന്മാരുടെ മർമ്മങ്ങളെ അമ്പുകൾകൊണ്ടു തകർത്തു. ക്ഷിപ്രം—വേഗം. അമ്പുകൾ തറച്ചു—അമ്പുകൾവന്നു ശക്തിയോടുകൂടി ദേഹത്തിൽ കയറി. ചഞ്ഞു—മറിച്ചു. പരിതഃ...വന്തരാ—ചുററും വീണുമലജ്ജുന്നതിനിടയിൽ. മലജ്ജുക—മലപോലെ നിശ്ചേഷ്ടമാവുക. ദർപ്പവാൻ—അഹങ്കാരത്തോടു കൂടിയവനായ. പ്രബല...നായകൻ—സിംഹസേനൻ എന്നു പേരായ സേനാധിപതി. പടനടത്തിനാൻ—യുദ്ധംചെയ്തു. സിംഹസേനൻ സേനാനായകനായി വന്നു പോർ നടത്തി. 62, 63, 64 എന്നീ പദ്യങ്ങൾ കുസുമമഞ്ജരീവൃത്തം.

ശ്ലോകം 65—വാരം വാരം—വീണ്ടും വീണ്ടും. ഇതു ചമ്പുകർത്താക്കന്മാർക്ക് ഇഷ്ടമേറിയ പദമാണ്. സൂതം—സൂതനെ. വലച്ചും—വിഷമിപ്പിച്ചും. മുനീന്ദ്രം—പരശുരാമനെ. നിശിത...വൃഷ്ട്യാ—മൂർച്ചയേറിയ അമ്പുകൾ പൊഴിച്ചു. 'വിശിഖവൃ—ഷ്ട്യാ' എന്നിടത്തു യതിഭംഗം ദുസ്സഹം. വൃഷ്ടി—മഴ. പൊതിഞ്ഞും—മൂടിയും. സിംഹസേനേ—മഹാവീരനായ സിംഹസേനൻ. (സപ്തമി). രംഹസാ—രംഹസ്സോടുകൂടി,

'ഹാ'രവോ നാകരാജാമജനി ഭൃഗുവരാ-
പായശങ്കാകുലാനാം. 65

ശരപഞ്ജരനിർഗ്ഗതോ രഥേന
ത്വരിതം കൂട്ടിയണഞ്ഞു സിംഹസേനഃ,
വിരവോടു ചകാര വീരലക്ഷ്മ്യാ
പരിരബ്ധശ്ശിതഭല്ലലൂനകണ്ഠം. 66

സുഹൃദം പ്രസമീക്ഷ്യ സിംഹസേനം
നിഹതം നിർഭരകോപലോഹിതാക്ഷൗ
രഥിനാവഥ കാർത്തവീര്യപുത്രൗ
വവ്യധാതേ യുധി ശ്രുതശ്രുതാസനൗ 67

വേഗത്തിൽ. പാരിച്ച-വർദ്ധിച്ച, വലിയതായ (ഭരിച്ച). ആഹവാ...സമഭിസൃതേ-യുദ്ധാഡംബരത്തോടുകൂടി നേരെവന്ന് എതിരിത്തപ്പോൾ, ആഹവാഡംബരം-യുദ്ധത്തിന്റെ വൈഭവം, ആഘോഷം. സമഭിസൃതൻ-നേരെ വന്നവൻ. ഭൃഗുവരാ...കുലാനാം-പരശുരാമന് അപായം വന്നേക്കുമോ എന്ന ശങ്കകൊണ്ടു സങ്കടപ്പെട്ടവരായ നാകരാജാം-ദേവന്മാരുടെ, ആകാശത്തുനിന്നു യുദ്ധം കാണുന്ന ദേവഗന്ധർവ്വാദികളുടെ 'ഹാ'രവഃ-'ഹാ' 'ഹാ' എന്ന ഭയനീയമായ ശബ്ദം. അജനി-(ക്രിയ) ജനിച്ചു, ഉണ്ടായി. പരശുരാമന് ആപത്തു വന്നേക്കുമോ എന്നു ഭയന്ന ദേവന്മാരും ഗന്ധർവ്വന്മാരും എല്ലാം 'ഹാ' 'ഹാ' എന്ന അനുകമ്പാദ്യോതകമായ ശബ്ദം പുറപ്പെടുവിച്ചു.

ശ്ലോകം 66—ശര...നിർഗ്ഗതഃ-ശരസമൂഹമാകുന്ന കൂട്ടിൽനിന്നു ബഹിർഗ്ഗമിച്ചവൻ. രഥേന-രഥത്തോടുകൂടി. നിർഗ്ഗമിക്കുക-പുറമേവരിക. എതിരാളി പ്രയോഗിച്ച ശരസമൂഹത്തിൽനിന്നു രക്ഷനേടിയിട്ട്. ത്വരിതം-വേഗം. സിംഹസേനം-സിംഹസേനനെ. കൂട്ടിയണഞ്ഞു-കൂട്ടത്തക്കവിധം അടുത്തു ചെന്നു, വളരെയടുക്കലെത്തി. ശിത...കണ്ഠം-മൂർച്ചയുള്ള ശരംകൊണ്ടു ലൂനകണ്ഠനാക്കി. ലൂനം-മുറിച്ചതു്. കണ്ഠം-കഴുത്തു്. ചകാര-ചെയ്തു. വീരലക്ഷ്മ്യാ-വീരശ്രീയാൽ, ജയലക്ഷ്മിയാൽ. പരിരബ്ധഃ-പരിരബ്ധനായി, ആശ്ലേഷിക്കപ്പെട്ടു. സിംഹസേനനെ വധിച്ചു യുദ്ധത്തിൽ വിജയം നേടി.

ശ്ലോകം 67—അഥ-പിന്നീടു്. സുഹൃദം സിംഹസേനം-സുഹൃത്തായിരിക്കുന്ന സിംഹസേനനെ. നിഹതം പ്രസമീക്ഷ്യ-നിഹതനായി കണ്ടിട്ടു്, വധിച്ചതായികണ്ടു്, പ്രസമീക്ഷ്യ-(അവ്യ) പ്രസമീക്ഷിച്ചിട്ടു്. രഥിനൗ-രഥങ്ങളിൽക്കയറി, രഥികളായി. കാർത്ത

ബാണാനേല്പിച്ചുമംഗേ ദിശിദിശി ചിതറും-
 വണ്ണമക്ഷുദ്രശസ്ത്ര-
ശ്രേണീമത്യാപതന്തീം മുഹുരിടയിൽ മുറി-
 ച്ചും മുടിച്ചും ധ്വജാഗ്രം
ക്ഷീണാടോപം ക്ഷണാൽ സാരഥിമവശതയാ-
 ചെയ്തുമാശ്ചര്യമേററം
കാണ്മവർക്കുള്ളിൽ വാച്ചിച്ചഴകതിരുവരും
 വ്യാപരിച്ചാരനേകം. 68

സ്വാച്ഛന്ദ്യപാതിഭൃഗുവീരശരൈരത്യുഗ്രൈർ
സാശ്വധ്വജേഷു ദലിതേഷു രഥേഷു വേഗാൽ

വീര്യപുത്രൗ ശൂരശൂരസേനൗ-കാർത്തവീര്യാർജ്ജുനന്റെ പുത്രന്മാരായ ശൂരനും ശൂരസേനനും. നിർഭരകോപലോഹിതാക്ഷൗ-അധികമായ കോപംകൊണ്ടു ലോഹിതങ്ങളായ കണ്ണുകളോടുകൂടിയവരായി. കോപാധിക്യംകൊണ്ടു കണ്ണുകൾ ചുവപ്പിച്ചു. ലോഹിതം-ചുവന്നതു്. യുധി-യുദ്ധത്തിൽ. വവൃധാതേ-വർദ്ധിച്ചു. വർദ്ധിച്ച പരാക്രമത്തോടുകൂടിയവരായിഭവിച്ചു.

ശ്ലോകം 68—അംഗേ ബാണാൻ ഏല്പിച്ചും-ശരീരത്തിൽ അമ്പുകൾ ഏറ്റു കൊള്ളിച്ചും. ദിശി...വണ്ണം-എല്ലാ ദിക്കുകളിലും ചിതറത്തക്കവണ്ണം. അത്യാപതന്തീം...ശ്രേണീം-നേരെ വന്നു വീഴുന്ന വലിയ ആയുധക്കൂട്ടത്തെ. അത്യാപതന്തീ-നേരിട്ടു വന്നു വീഴുന്നതു്. അക്ഷുദ്രം-ക്ഷുദ്രമല്ലാത്തതു്. ശസ്ത്രശ്രേണി-ആയുധസമൂഹം. മുഹുഃ-വീണ്ടും. മുറിച്ചും-ഖണ്ഡിച്ചും. ധ്വജാഗ്രം-കൊടിമരത്തിന്റെ അഗ്രം. (കൊടിമരം). മുടിച്ചും-നശിപ്പിച്ചും. ക്ഷണാൽ-വേഗം. സാരഥിം-തേരാളിയെ. ക്ഷീണാടോപം-ആടോപം നശിച്ചവനാക്കി, വൈഭവം കെട്ടവനാക്കി. അവശതയാ ചെയ്തും-അവശനാക്കിച്ചെയ്തും, അവശതയോടു ചേർത്തു പരവശനാക്കിയും. കാണ്മവർക്കുള്ളിൽ ഏററം ആശ്ചര്യം വാച്ചിച്ചു-കാണുന്നവർക്കു മനസ്സിൽ അത്ഭുതം വർദ്ധിപ്പിച്ചു, കാഴ്ചക്കാരെ വിസ്മയഭരിതന്മാരാക്കിത്തീർത്തു. ഇരുവരും-രാജകുമാരന്മാർ രണ്ടുപേരും. അഴകത്തു് അനേകം വ്യാപരിച്ചാർ-ഭംഗിയായി അനേകം വിധം യുദ്ധത്തിൽ പ്രവർത്തിച്ചു, പല അടവുകളും കാണിച്ചു യുദ്ധം ചെയ്തു.

ശ്ലോകം 69—സ്വാച്ഛന്ദ്യ...ശരൈഃ-തടവില്ലാതെ വന്നു വീഴുന്ന പരശുരാമന്റെ ശരങ്ങളെക്കൊണ്ടു്. സ്വാച്ഛന്ദ്യം-സ്വച്ഛന്ദസ്ഥിതി, തങ്ങളുടെ ഇഷ്ടംപോലെ, തടവില്ലാതെ. സാശ്വധ്വജേഷു-കുതിരക

തേ ഭ്രാതരോ വിതതവിലേകരഥാധിരൂഢാ
വാള്ളാന്ന ഘോരരണമാദധുരാപ്തമാനാഃ. 69

കിം നാമ വിസ്തൃതവചോഭിരതീവഘോരേ
ജന്യേ മഹാസ്ത്രബലകല്പിതഗാഢമോഹാൻ
ഒന്നിച്ച മുൻ പരശുനാപതിതോ നിഹന്തും
ധന്വീ ന്യവർത്തത ജവാദശരീരിവാചാ. 70

തൽക്കാലേ രാജപുത്രപ്രധനമുടനേ
സിംഹസേനസ്യ നാശം
ശക്താനാമാത്മജാനാം പരിഭവമപി പാ—
ടേ ഉച്ചവിക്കൊണ്ടുകാണ്ഡ

ളോടും കൊടിമരങ്ങളോടുംകൂടിയ. ചതുരശ്വരഥൌഘ-നാലു തേരുകളും. ഖിന്നേഷു - ഖിന്നങ്ങളായപ്പോൾ. പരശുരാമശരമേറ്റു നാലു തേരുകളും കുതിരകളോടും കൊടിമരങ്ങളോടുംകൂടി മുറിഞ്ഞു നശിച്ച സമയം. വേഗാൽ-വേഗം, ഒട്ടും താമസിക്കാതെ. ആപ്തമാനാഃ തേ ഭ്രാതരഃ - മാനശാലികളായ ആ ഭ്രാതാക്കന്മാർ, സഹോദരന്മാർ. ഏകരഥാധിരൂഢാഃ-ഒരു രഥത്തിൽ കയറി. വാള്ളാന്ന...രണം - വളർന്ന ഭയങ്കരമായ രണത്തെ. ആദധുഃ - ചെയ്തു (ധരിച്ചു).

ശ്ലോകം 70—വിസ്തൃതവചോഭിഃ കിം നാമ-വളരെ വിസ്തരിച്ചു പറഞ്ഞിട്ട് എന്തു പ്രയോജനം? ഒരു ഫലവുമില്ല. അതീവ...ജന്യേ - ഏററവും ഭയങ്കരമായ യുദ്ധത്തിൽ. അതീവ-(അവ്യ.) ഏററവും. ഒന്നിച്ച - ഒപ്പം. മഹാ...മോഹാൻ-മഹത്തായ അസ്ത്രത്തിന്റെ ബലംകൊണ്ട് ഗാഢമോഹന്മാരായ. ഗാഢമോഹന്മാർ - അധികം ബോധക്ഷയത്തോടുകൂടിയവർ, തീരെ ബോധം ഇല്ലാത്തവർ, പരശുരാമന്റെ അസ്ത്രങ്ങളേറ്റു ബോധം നശിച്ചു വീണവർ. ഇപ്രകാരമുള്ള ആ ഭ്രാതാക്കന്മാരെ. പരശുനാ - മഴുകൊണ്ട്. നിഹന്തും - നിഹനിക്കുന്നതിനായിട്ട്, കൊല്ലുവാൻ. മുൻ-മുന്നിൽ. ആപതിതഃ-ചാടിവീണ. ധന്വീ-വില്ലാളി, രാമൻ. അശരീരിവാചാ-അശരീരിവാക്കു കേട്ടിട്ട്. ജവാൽ-വേഗം. ന്യവർത്തത-അവരുടെ വധത്തിൽനിന്നു നിവർത്തിച്ചു, (പിന്മാറി), അവരെ വധിക്കാതെ വിട്ടു.*

ശ്ലോകം 71. തല്ക്കാലേ-അപ്പോൾ. രാജപുത്രപ്രധനം-രാജകുമാരന്മാരുടെ വധം, രാജപുത്രന്മാരെ കൊന്ന കഥ. സിംഹ...നാശം-സേനാനായകനായ സിംഹസേനന്റെ നാശം. ശക്താനാം...പരിഭ

*അവതാരിക നോക്കുക.

ഉത്ഫുല്ലാമർഷശോകവ്യതികരവിവശോ
ജാമദഗ്ന്യം കടക്ഷ-
ന്നുഗ്രാത്മാ കാർത്തവീര്യാർജ്ജുനനഭിമുഖമാ-
യാതവാനാതതായീ. 71

ബാണാനെയ്തു ഭടാഃ (ഭടാഃ)കേചന; ഝടിതി കൃപാ
ണാനെടുത്തങ്ങിളക്കി
ച്ചേണാർന്നന്യേ; പരേ ഭാർഗ്ഗവമനുമുഹുരാ-
ഹൂതവന്തോ രണാർത്ഥം;
നാനാകുന്തക്ഷുരപ്രാദിഭിരഭയമെറി-
ഞ്ഞു തഥാ കേചിദേകേ
മാനോദഗ്രാ ധനുർജ്ജ്യാധ്വനിഭരിതനിറ-
ച്ചു ജഗച്ചക്രവാളേ. 72

വം അപി–ശക്തന്മാരായ പുത്രന്മാരെ തോല്പിച്ചും. പരേ...കാണ്ഡേ–ഇവരെക്കുറിച്ചെല്ലാം വേറെവിധം കേട്ട് അനവസരത്തിൽ. അകാണ്ഡേ–ഇങ്ങനെ നാശം വരുമെന്ന് വിചാരിക്കാതെയിരിക്കുന്ന നേരം. ഉഗ്രാത്മാ ആതതായീ കാർത്തവീര്യാർജ്ജുനൻ–ഉഗ്രാത്മാവും ആതതായിയുമായ കാർത്തവീര്യാർജ്ജുനൻ. ഉഗ്രാത്മാവ്–ഭയങ്കരൻ. ആതതായി (മുൻപ് അർത്ഥം പറഞ്ഞിട്ടുണ്ട്.) ഉത്ഫുല്ലാ...വിവശഃ–കരകവിഞ്ഞ് (അത്യധികം) അമർഷം, വ്യസനം എന്നിവ ഇടകലർന്നവനായി വിവശനായിട്ട്. അതിരില്ലാതെ വർദ്ധിച്ച അമർഷത്തിനും വിഷാദത്തിനും വശപ്പെട്ടവനായി. കടക്ഷന്–വേഗത്തിൽ. ജാമദഗ്ന്യം–പരശുരാമന്. അഭിമുഖം–അഭിമുഖമായി, നേരെ. ആയാതവാൻ–ആയാതവാനായി, പോയി, പുറപ്പെട്ടു. പരശുരാമന് അഭിമുഖമായി ചെന്നു.

ശ്ലോകം 72—കേചന ഭടാഃ–ചില ഭടന്മാർ. ബാണാൻ–ബാണങ്ങളെ. എയ്തു–പ്രയോഗിച്ചു. അന്യേ–മറ്റു ചിലർ. ഝടിതി–വേഗം. കൃപാണാൻ–വാളുകളെ. എടുത്തു ചേണാർന്ന്–ഭംഗിയായി. അങ്ങിളക്കി–അവിടെയിളക്കി. പരേ–അന്യന്മാർ. രണാർത്ഥം–പോർ ചെയ്യുന്നതിന്. ഭാർഗ്ഗവം–പരശുരാമനെ. അനുമുഹുഃ–കൂടെക്കൂടെ. ആഹൂതവന്തഃ–ആഹൂതവാന്മാരായി. ആഹ്വാനം ചെയ്തു, വിളിച്ചു. തഥാ കേചിത്–അപ്രകാരം വേറെചിലർ. നാനാ...ഭിഃ–ബഹുവിധങ്ങളായ കുന്തം, ക്ഷുരപ്രം (ശരവിശേഷം) മുതലായ ആയുധങ്ങളെക്കൊണ്ട് ഭയമില്ലാതെ തങ്ങളിൽ എറിഞ്ഞു. ഏകേ–വേറെ ചിലർ. ജഗച്ച

ഏറ്റം നേരത്തുതന്നേ സമരശിരസി പെ-
ട്ടെന്നു ക്രൂരമ്പുകൊണ്ടു-
മദ്ധ്യേ ഫാലം തൊടുത്താൻ ഭൃഗുവരനതുകൊ-
ണ്ടാശു മോഹിച്ചു വീണു
സദ്യോ മൂർച്ഛാവസാനേ സ്വയമയമിഷുവ-
ർഷേണ പാരേ പൊതിഞ്ഞാ-
നിത്രൈലോക്യൈകവീരം ഹയരഥസഹിതം
ഹൈഹയം നാമ ധീരം. 73

ഗാഢം കൈക്കൊണ്ടു യുദ്ധേ ചാരുത്രയമൃനി-
പ്രൗഢനാം കാർത്തവീര്യൻ-
താനാം നേരിട്ടു മുട്ടിരണ്ടാരതര ക്രൂര-
സ്ഥിതമമ്പിൻ കടംകരബൈഃ

ക്ഷ്മാവലേ—ലോകത്തിൽ, ഭൂമണ്ഡലത്തിൽ. മാനോദഗ്രം—മാനംകൊണ്ടു് ഉദഗ്രമായ. ഉദഗ്രം—മുഴുത്തു്. ജ്യാനിനാദം—ഞാണിന്റെ ശബ്ദം. ഇണനിറച്ചു—നിറച്ചു. ചിലരുടെ കരുത്തനായ ഞാണൊലി ലോകത്തിൽ എല്ലാ സ്ഥലത്തും നിറഞ്ഞു.

ശ്ലോകം 73—സമരശിരസി—പടയുടെ തലയ്ക്കൽ, യുദ്ധക്കളത്തിൽ പ്രധാനസ്ഥാനത്തു്. ഏറ്റം നേരത്തുതന്നേ—ഏറ്റവും ചേർന്ന സമയത്തു തന്നെ. മദ്ധ്യേ ഫാലം—നെറ്റിയുടെ നടുവിൽ. പെട്ടെന്നു ക്രൂരമ്പുകൊണ്ടു തൊടുത്താൻ—മൂർച്ചയുള്ള അമ്പു പ്രയോഗിച്ചു. നെറ്റിയുടെ നടുവിൽ അമ്പു കൊണ്ടു. ആശു—വേഗത്തിൽ. ഭൃഗുവരൻ—പരശുരാമൻ. അതുകൊണ്ടു—ശരം ഏറ്റതുകൊണ്ടു്. മോഹിച്ചു—ബോധംകെട്ടു. വീണു—നിലത്തു വീണു. മൂർച്ഛാവസാനേ—ബോധക്കേടു തീർന്ന സമയം. സദ്യഃ—പെട്ടെന്നു്. സ്വയം—ഏകനായി, തനിയെ. ഇഷുവർഷേണ—ശരസമൂഹം വർഷിച്ചു. ഇത്രൈലോക്യൈകവീരം—ഈ മൂന്നു ലോകങ്ങളിലും ഏകവീരനും, എതിരില്ലാത്ത മഹാവീരനും. ഹൈഹയം നാമ ധീരം—കാർത്തവീര്യാർജ്ജുനനായ ധീരനെ. ധീരൻ—ഒന്നുകൊണ്ടും മനസ്സിന്നു കുലുക്കമെത്താത്തവൻ. ഹയരഥസഹിതം—കുതിരകളോടും രഥത്തോടുംകൂടി. ഹയം—കുതിര. പൊതിഞ്ഞാൻ—മൂടി. കാർത്തവീര്യാർജ്ജുനനിൽ കണ്ണില്ലാതെ ശരക്കൂട്ടങ്ങളെ വർഷിച്ചു.

ശ്ലോകം 74—കടംകരബൈഃ—കൂട്ടങ്ങളെക്കൊണ്ടു്. നാനാശാൽകാരഘോരൈഃ—നാനാപ്രകാരത്തിലുള്ള 'ശാൽ'കാരത്തിന്റെ ഉച്ചത്തിലുള്ള ശബ്ദംകൊണ്ടു ഭയങ്കരങ്ങളായ. ശാൽകാരം—'ശാൽ' എന്ന ശബ്ദം.

നാനാ ഠാൽക്കാരഘോരൈരതിടഘിലിടിയില-
രന്യോന്യസംഘട്ടരീത്യാ
കാണംകാണംതെറിക്കും മുഖരശിഖികണൈ-
രൊക്കെ മൂടീ ദിഗന്തം. 74

ശാർദ്ദൂലാദ്യൈശ്ചതുർഭിർവിധൃതമഥ തുരം-
ഗൈസ്സതുംഗം ശതാംഗം
ധാത്രീനാഥസ്തദാനീം മുനിവൃഷഭരഥ-
ത്തോടു മുട്ടിച്ചശങ്കം
പേർത്തും വിധ്യൻ പൃഷൽക്കൈരതിജവമടു-
ക്കും വിധൗ ചെറുവാങ്ങി
പ്രോദ്ദീപ്താത്മാ ഭൃഗൂണാമധിപതി സമരം
ഘോരഘോരം വ്യധാസീൽ. 75

അന്യോന്യസംഘട്ടരീത്യാ—തമ്മിൽ ഏറ്റുമുട്ടുന്ന സമ്പ്രദായംകൊണ്ട്. കാണേ...കണൈഃ—സ്പഷ്ടമായി കാണത്തക്കവണ്ണം തെറിക്കുന്ന തീപ്പൊരിയുടെ ശകലങ്ങൾകൊണ്ട്. മുഖരം—ശബ്ദിക്കുന്നതു്. ശിഖികണം—ആയുധങ്ങൾ കൂട്ടിമുട്ടിയുണ്ടാകുന്ന തീപ്പൊരി. കാണെക്കാണെ. ഇതു ചമ്പൂകാരന്മാർക്കു പ്രത്യേകതയുള്ള ഒരു പദമാണ്. വെളിവിൽ കാണത്തക്കവിധം, അധികം സ്പഷ്ടമായി. ദിഗന്തം ഒക്കെ മൂടി—എല്ലാ ദിക്കുകളിലും തീപ്പൊരികൾ നിറഞ്ഞു.

ശ്ലോകം 75—സധാത്രീനാഥഃ തദാനീം—ആ രാജാവ് അപ്പോൾ. ധാത്രീനാഥൻ—ധാത്രിയുടെ നാഥൻ, രാജാവ്. അഥ—പിന്നീട്. ശാർദ്ദൂലാദ്യൈഃ ചതുർഭിഃ തുരംഗൈഃ വിധൃതം തുംഗം ശതാംഗം—ശാർദ്ദൂലാദികൾ നാലുപേരും നയിക്കുന്നതും (ശാർദ്ദൂലൻ മുതലായവർ.) കുതിരകൾ വഹിക്കുന്നതും ഉയർന്നതും ആയ രഥത്തെ. അശങ്കം—സംശയംകൂടാതെ. മുനി...മുട്ടിച്ചു—പരശുരാമന്റെ രഥത്തോടു തൊടിയിച്ചു. അത്രശ്ശ് അടുത്തു. പൃഷൽക്കൈഃ—ശരങ്ങൾ പ്രയോഗിച്ചു. പേർത്തും... വിധൗ—കഠിനമായി മുറിച്ചുകൊണ്ടു വേഗത്തിൽ അടുക്കുന്ന സമയം. വിധ്യൻ—മുറിക്കുന്നവൻ. പ്രോദ്ദീ...മധിപതി—മഹാത്മാവായ പരശുരാമൻ. ഭൃഗൂണാം അധിപതി—ഭൃഗുക്കളുടെ നാഥൻ. ഘോരഘോരം—അതിഘോരമാകുംവണ്ണം, എതിർക്കുന്നതിനു കഴിയാത്തവിധം ശക്തിയോടുകൂടി. സമരം—യുദ്ധത്തെ. വ്യധാസീൽ—(ക്രിയ. ഏകവചനം) ചെയ്തു.

യുദ്ധേ തത്ര ഭയങ്കരവ്യതികരേ
 പൃഥ്വീന്ദ്രബാണൈരല-
മത്യായസ്തമവേക്ഷ്യ ഭാർഗ്ഗവമുനിം
 പര്യാകുലേ സാരഥൗ
ശർവ്വാണ്യാ സഹ ഭക്തബന്ധുർഭഗവാൻ
 പ്രത്യക്ഷമേത്യ സ്വയം
കൈത്താർകൊണ്ടു തലോടി ദേഹമഖിലം
 നിർമ്മൂല്യ ചൊല്ലീടിനാൻ. 76

ദൃപ്തക്ഷത്രശ്രേണീവിനാശോദ്യത വിവശമതേ!
 വത്സ! പോരും വിഷാദം
ചെറ്റെന്നഗ്രേ തുടർന്നാഹവമതിനടും
 ഹൈഹയാനാമധീശം

ശ്ലോകം 76—തത്ര—അവിടെ. യുദ്ധേ—യുദ്ധം. ഭയങ്കരവ്യതികരേ—ഭയങ്കരമായി വന്നപ്പോഴും, യുദ്ധസ്ഥിതി ഭയങ്കരമായി മാറിയപ്പോഴും. സാരഥൗ പര്യാകുലേ—തേരാളി വിഷമിച്ചവനും ആയപ്പോഴും, പൃഥ്വീന്ദ്രബാണങ്ങളേറ്റു അത്യായസ്തം ഭാർഗ്ഗവമുനിം അവേക്ഷ്യ-കാർത്തവീര്യാർജ്ജുനന്റെ ബാണങ്ങളേറ്റു് അധികം ആയാസപ്പെട്ടവനായ പരശുരാമനെ കണ്ടിട്ടു്, പരശുരാമൻ ക്ഷീണിച്ചവശനായതു കണ്ട സമയം. ഭക്തബന്ധുർഭഗവാൻ ശർവ്വാണ്യാ സഹപ്രത്യക്ഷം ഏത്യ-ഭക്തജനങ്ങളുടെ ബന്ധുവായ ശ്രീപരമേശ്വരൻ ശ്രീപാർവ്വതിയോടുകൂടി പ്രത്യക്ഷമായി വന്നു. ബന്ധു—ആപൽകാലത്തു കഷ്ടത നീക്കി രക്ഷിക്കുന്നവൻ—സ്വജനം. ശർവ്വാണി-ശ്രീപാർവ്വതി. 'ശിവാ ഭവാനീ ശർവ്വാണീ' എന്നു് അമരം. ഏത്യ-(അവ്യയം.) പ്രാപിച്ചിട്ടു്. കൈത്താർ...ചൊല്ലീടിനാൻ—പുഷ്പംപോലെ മൃദുവായ കൈകൊണ്ടു പരശുരാമന്റെ ദേഹം തലോടി ബാധകളെല്ലാം നീക്കി. നിർമ്മൂല്യ—നിർമ്മൂലനംചെയ്തു, വേരോടെ നശിപ്പിച്ചു. ചൊല്ലീടിനാൻ—ശിഷ്യവാത്സല്യത്തോടുകൂടി പറഞ്ഞു.

ശ്ലോകം 77—ദൃപ്ത...വത്സ!—ദൃപ്തന്മാരുടെ കൂട്ടത്തെ വധിക്കുന്നതിന്നു് ഒരുമ്പെട്ടിരിക്കുന്നവനും വിവശമതിയും ആയിരിക്കുന്ന വത്സ! വിവശമതേ—തളർച്ചകൊണ്ടു ബുദ്ധിക്കു പരവശതയുള്ളവൻ. ദൃപ്തക്ഷത്രശ്രേണീവിനാശോദ്യത, വിവശമതേ, വത്സ എന്നിവ സംബുദ്ധി. വത്സ!—ഉണ്ണീ! വാത്സല്യാധിക്യദ്യോതകം. വിഷാദം പോരും—വിഷാദിച്ചതു മതി, ഇനി സങ്കടപ്പെടേണ്ട. ചെറ്റെന്നഗ്രേ—

പൃഷ്ഠാഭോഗം വധിച്ചീടുക പുനരിതുകൊ-
ണ്ടെന്ന തൽകർണ്ണമൂലേ
തുഷ്ട്യാ സമ്മന്ത്ര്യ ലോകത്രയഗുരു സഹസാ
പാർവ്വതീശസ്തിരോധാൽ. 77

അന്തർഹിതേ പുരഹരേ തിലകം ഭൃഗൂണാം
മന്ത്രാസ്ത്രപങ്ക്തിയെ മുമോച മഹീമഹേന്ദ്രേ
സന്തോഷമാർന്നിരുവരും പരമാസ്ത്രസംഘൈ-
സ്സന്ത്രാസിതത്രിഭുവനൈ രണമാദധാതാം. 78

വേഗം സമീപത്തു ചെന്നു്. ആഹവജയിനം ഹേഹയാനാം അധീശം–ഇപ്പോൾ ജയിച്ചു നില്ക്കുന്നവനും ഹേഹയവംശക്കാർക്കു നാഥനും ആയ ഈ കാർത്തവീര്യനെ. ഇതൻ–ഇതനെ യുദ്ധംചെയ്യു്. ഇതുകൊണ്ടു–ഞാൻ ഇപ്പോൾ ഉപദേശിക്കുന്ന മന്ത്രംകൊണ്ടു്. പൃഷ്ഠാഭോഗം–വലിച്ച ആഭോഗത്തോടുകൂടുംവണ്ണം. ആഭോഗം–പൂർണ്ണത, തികവു് (ശക്തിത്തികവു്). വധിച്ചീടുക–കൊന്നാലും. എന്നു്–എന്നിപ്രകാരം. തൽകർണ്ണമൂലേ–പരശുരാമന്റെ ചെവിയിൽ. തുഷ്ട്യാ–തുഷ്ടിയോടുകൂടി. തുഷ്ടി–സന്തോഷം. സമ്മന്ത്ര്യ–വഴിപോലെ മന്ത്രിച്ചിട്ടു്. സഹസാ–വേഗം. ലോകത്രയഗുരുഃ പാർവ്വതീശഃ–മൂന്നു ലോകങ്ങൾക്കും ഗുരുവായ ശ്രീപരമേശ്വരൻ. തിരോധാൽ–തിരോധാനംചെയ്തു, മറഞ്ഞു. ശിഷ്യനു മന്ത്രം ഉപദേശിച്ചതിനുശേഷം ഭഗവാൻ മറഞ്ഞു.

ശ്ലോകം 78—പുരഹരേ അന്തർഹിതേ–ശ്രീപരമേശ്വരൻ മറഞ്ഞപ്പോൾ. പുരഹരൻ–ത്രിപുരന്മാരെ നശിപ്പിച്ചവൻ. അന്തർഹിതൻ–അന്തർദ്ധാനം ചെയ്തവൻ, മറഞ്ഞവൻ. ഭൃഗൂണാം തിലകം–ഭൃഗുവംശക്കാർക്കു പൊട്ടായവൻ, ആഭരണമായവൻ, പരശുരാമൻ. മഹീമഹേന്ദ്രേ–കാർത്തവീര്യാർജ്ജുനനിൽ. മഹേന്ദ്രപദം–ഐശ്വര്യാദ്യുൽകൃഷ്ടദ്യോതകം എന്നു കാണേണ്ടതാണു്. മന്ത്രാസ്ത്രപങ്ക്തിയെ–മന്ത്രം ജപിച്ചു സിദ്ധിവരുത്തിയ അസ്ത്രക്കൂട്ടത്തെ. മുമോച–മോചിച്ചു, പ്രയോഗിച്ചു, വിട്ടു. ഇരുവരും–രാമനും അർജ്ജുനനും. സന്തോഷമാർന്നു–സന്തോഷത്തോടെ, സന്ത്രാസിതത്രിഭുവനൈഃ പരമാസ്ത്രസംഘൈഃ–മൂന്നു ലോകങ്ങൾക്കും ഭയം ജനിപ്പിക്കുന്നവയും അത്യുൽകൃഷ്ടങ്ങളും ആയ അസ്ത്രസമൂഹങ്ങളെക്കൊണ്ടു്, അവ ഉപയോഗിച്ചു്. രണം–യുദ്ധത്തെ. ആദധാതാം–(ദ്വിവചനം) ചെയ്തു. രണ്ടുപേരും ദിവ്യാസ്ത്രങ്ങൾ പ്രയോഗിച്ചു ലോകഭയങ്കരമായവിധം യുദ്ധം (ധരിച്ചു) ചെയ്തു.

ദണ്ഡകം 1. ശ്രീഗരുഡാസ്ത്രമഥ നാഗാസ്ത്രവാർഷ്ണി നി വേഗാത്സസർജ്ജ ഭൃഗുവീരൻ; ശ്രീകലത്രമരുണമയമാ കലിതമതിഭയദമാകലിതജഗതി തിമിരാസ്ത്രേ. ശിഖിരൂ പമസ്ത്രവരമകലേ നിരാസ യുധി പകരം പ്രയുജ്യ വരുണാ സ്ത്രം; ശിഖരിമയമു(?പ)രചിതമഖിലമപി ഭുവനതലമി ടതുടരെ വിറയൽതകമതിമഹതി കൊടിയ പവനാസ്ത്രേ. അസ്ത്രം മഹേശ്വരമയം വൈഷ്ണവാസ്ത്രപരിവൃദ്ധൗ തൊട്ട ത്തിതതിഘോരം; അസ്ത്രമഥ ഗജമയമൊരസ്ത്രമുടനഴകി നൊടു ദശവൃഷഭപരിവൃഢകമഹാസ്ത്രം, അസുരാസ്ത്രമാതതമഥ

ദണ്ഡകം 1–പൂർവ്വപദ്യത്തിൽ സൂചിപ്പിച്ച ദിവ്യാസ്ത്രങ്ങളെ പ്രയോ ഗിച്ചുള്ള യുദ്ധത്തെ ഈ ദണ്ഡകത്തിൽ വർണ്ണിക്കുന്നു. ഭൃഗുവീരൻ–പര ശുരാമൻ. നാഗാസ്ത്രവാർഷ്ണിന്–കാർത്തവീര്യാർജ്ജുനൻ പ്രയോഗിച്ച നാഗാസ്ത്രസമൂഹത്തിനു പകരം. ശ്രീഗരുഡാസ്ത്രം–ഗരുഡാസ്ത്രത്തെ. വേഗാൽ–വേഗം. സസർജ്ജ–വിട്ടു, പ്രയോഗിച്ചു. നാഗാസ്ത്രത്തിനു പകരം അതിന്റെ ശക്തിയെ നശിപ്പിക്കുന്ന ഒരു ഗരുഡാസ്ത്രം പ്രയോ ഗിച്ചു. ആകലിതജഗതി തിമിരാസ്ത്രേ–ഇരുട്ടു ജനിപ്പിച്ചു ലോകത്തി നെല്ലാം കഠിനമായ സങ്കടമുണ്ടാക്കുന്ന തിമിരാസ്ത്രത്തെ പ്രയോഗിച്ച പ്പോൾ. ശ്രീകലത്ര...മാകലിതം–ശോഭയോടു കൂടിയ അരുണാ(സൂ ര്യാ)സ്ത്രംകൊണ്ട് അതിനെ എതിർത്തു നശിപ്പിച്ചു. അരുണൻ–സൂ ര്യൻ. (സൂര്യന്റെ തേരാളിയായ അരുണൻ എന്നും അർത്ഥം ഗ്രഹി ക്കാം.) അരുണശബ്ദത്തിനു ചുവപ്പ് എന്ന് അർത്ഥം ഉള്ളതിനാൽ ഉദി ച്ചുയരുന്ന ബാലാർക്കൻ എന്ന് ഈ പദത്തിന് അർത്ഥം ഗ്രഹിക്കുന്നതു യുക്തമായിരിക്കും. ബാലസൂര്യാസ്ത്രം. ശിഖിരൂപം അസ്ത്രവരം–ശി ഖിരൂപമായ മഹാസ്ത്രത്തെ, ആഗ്നേയാസ്ത്രത്തെ. ശിഖി–അഗ്നി. പക രം വരുണാസ്ത്രം പ്രയുജ്യ–പകരം വരുണാസ്ത്രത്തെ പ്രയോഗിച്ചു. യുധി–യുദ്ധത്തിങ്കൽ. അകലേ–അകലത്തു്. നിരാസ–നിരസിച്ചു. വ രുണാസ്ത്രപ്രയോഗംകൊണ്ട് ആഗ്നേയാസ്ത്രത്തെ അകലെയാക്കി. അ ഖില...പവനാസ്ത്രേ–ലോകംമുഴുവൻ അധികമായി വിറയ്ക്കത്തക്ക വിധം മഹത്തും ഭയങ്കരവും ആയ വായവ്യാസ്ത്രം പ്രയോഗിച്ച സമ യം. അതിമഹതി–(സപ്തമി. പവനാസ്ത്രേ എന്ന പദത്തിന്റെ വി ശേഷണം) ഏററവും വലിയതു്. ശിഖരിമയം ഉപരചിതം–പർവ്വതാ സ്ത്രത്തെ പ്രയോഗിച്ചു. ശിഖരി–പർവ്വതം. ഉപരചിതം–അവിടെയുണ്ടാ ക്കി, വായവ്യാസ്ത്രത്തെ പർവ്വതാസ്ത്രംകൊണ്ടു തടുത്തു. അയം...വൃദ്ധൗ–ഇ വൻ (രാമൻ) എതിരാളി പ്രയോഗിച്ച വൈഷ്ണവാസ്ത്രത്തിന്റെ ശക്തി വർദ്ധിച്ചപ്പോൾ. അതിഘോരം മഹേശ്വരം അസ്ത്രം തൊടുത്തിതു–ഏറ്റ

വിധുരാസ്ത്രയോപി ബത സസുരാസുരാസ്സപദി ലോകാഃ
അതുപൊഴുതു മൃഗവരാസ്ത്രമതുലരുചിരഥചരണമയമസൃജദ
തി നിശിതരതമയി(?രി)ലിതവിയമഹാസ്ത്രം. വൈരി
ഞ്ചാസ്ത്രമതിഘോരം തൊടുത്തളവു വാരാൻ ഹൈഹയന
രേന്ദ്രൻ, വൈരിവരശലഭശിഖി വാരയിതുമകൃത ദ്രുവിര
ഞ്ചാത പകരമതുതന്നെ. വരമസ്ത്രമപ്പൊഴുതു വിധിശീർഷ
മുജ്ജ്വലിതഹരിദന്തമർജ്ജുനനുദാസേ, പരിവസിതപു
രഥന വരമിനിയ പരശ്രുതമതരതരിഖി കണാദരിത

വും ഭയങ്കരമായ മഹേശ്വരാസ്ത്രംകൊണ്ടതിനെ എതിർത്തു. മഹേശ്വരം-മഹേശ്വരനെ സംബന്ധിച്ചതു്. ശൈവം. ഗജമയം അസ്ത്രം-ഗജാസ്ത്രം. മൃഗ...മഹാസ്ത്രം-സിംഹാസ്ത്രം. മൃഗപതിവൃഢൻ-മൃഗങ്ങളുടെ രാജാവു്, സിംഹം. ഗജാസ്ത്രശക്തിയെ സിംഹാസ്ത്രംകൊണ്ടു നശിപ്പിച്ചു. ഉദ സ്യ-അകലെയാക്കി. അഥ അസുരാസ്ത്രം ആത്തം-അനന്തരം അസുരാസ്ത്രം എടുത്തു പ്രയോഗിച്ചു. സസുരാഃ ലോകാഃ ത്രയഃ അപി സപദി ബത വിധുരാഃ-സുരന്മാരോടും അസുരന്മാരോടുംകൂടിയ മൂന്നുലോകങ്ങളും ആശ്ചര്യം (കഷ്ടം!) അപ്പോൾ വേഗം വിധുരങ്ങളായി. അസുരാസ്ത്രം പ്രയോഗിച്ചപ്പോൾ മൂന്നു ലോകങ്ങൾക്കും (അവയിലെ ജീവജാലങ്ങൾക്കും) കഠിനമായ സങ്കടമുണ്ടായി. വിധുരാഃ-വിധുരങ്ങൾ, സങ്കടത്തോടുകൂടിയവ. ത്രയഃ അപി-മൂന്നും. അതുലരുചി-നിസ്തുല്യമായ ശോഭയോടുകൂടിയ. രഥചരണമയം-ചക്രസ്വരൂപം. (രഥചരണം-രഥത്തിന്റെ ചരണം, ചക്രം.) അസൃജത്-സൃജിച്ചു, പ്രയോഗിച്ചു. അതിനിശിതം-ഏററവും മൂർച്ചയുള്ളതു്. ഹൈഹയനരേന്ദ്ര-കാർത്തവീര്യാർജ്ജുനൻ. അതിഘോരം വൈരിഞ്ചം അസ്ത്രം തൊടുത്ത ളവു്-അധികം കടുത്തതായ ബ്രഹ്മാസ്ത്രം പ്രയോഗിച്ചപ്പോൾ. വൈരിഞ്ചം-ബ്രഹ്മാവിനെ സംബന്ധിച്ചതു്. വൈരിവരശലഭശിഖി-ബലവാന്മാരായ ശത്രുക്കളാകുന്ന ഇയ്യാംപാററകൾക്കു് അഗ്നിയായിരിക്കുന്നവൻ, എത്ര കരുത്തേറിയ ശത്രുവിനെയും നിഷ്പ്രയാസം നശിപ്പിക്കുന്നവൻ. വാരയിതും-അതിനെ വാരണം ചെയ്യുന്നതിനായി, (തടയുന്നതിനു്). പകരം അതുതന്നെ അകൃത-അതുതന്നെ പ്രയോഗിച്ചു. ബ്രഹ്മാസ്ത്രത്തെ ബ്രഹ്മാസ്ത്രംകൊണ്ടുതന്നെ എതിർത്തു. 'ബ്രഹ്മാസ്ത്രത്തിനു ബ്രഹ്മാസ്ത്രം' എന്ന പഴഞ്ചൊല്ലു പ്രസിദ്ധമാണു്. ബ്രഹ്മാസ്ത്രത്തിനു മററസ്ത്രങ്ങളെക്കാൾ ശക്തി കൂടുതലുണ്ടു്. ബ്രഹ്മാസ്ത്രംകൊണ്ടല്ലാതെ അതിനെ മറ്റൊന്നുംകൊണ്ടു് എതിർക്കാവുന്നതല്ല. അപ്പൊഴുതു അർജ്ജുനൻ ഉജ്ജ്വലിതഹരിദന്തം വരം വിധിശീർഷം ഉദാസേ-അപ്പോൾ കാർത്തവീര്യാർജ്ജുനൻ ദിക്കുകളെയെല്ലാം ജ്വലിപ്പിക്കുന്നതും

മസൃജദഥ ഭൃഗുപതി മഹാസ്ത്രം. ഇത്ഥം പരസ്പരമനല്പാസ്ത്ര സന്തതിഭിരെതിതമേളജവീര്യൗ. ഇത്ര ഭയങ്കരമതിവിചിത്രമായ സമരമൊരിടത്തുമിഹ നഹി ജഗതി പാർത്താൽ. ഇതരേതരം തുടർന്നുവിക്രമൈകരസിക കളുകാതു തൗ ഭുവനവീരൗ, ഇതവൃടയ ഖരസമരമിതവതമിതഃ ഇതസ അതുലബലനിധികൾ പല ദിവസമധികമദധാതാം.

(എരികന്നേമ്പം) ഭയങ്കരവും ആയ വിധിശീർഷം (ബ്രഹ്മശീർഷം) എന്ന അസ്ത്രത്തെ പ്രയോഗിച്ചു. ബ്രഹ്മശീർഷം (ബ്രഹ്മശിരസ്സ്) ശിവബാണം ബ്രഹ്മാസ്ത്രത്തോടു തുല്യമായ ഒരു ദിവ്യാസ്ത്രമാണ്. ഇതിനെപ്പറ്റി പുരാണങ്ങളിൽ പറയുന്നുണ്ട്. ''അസ്ത്രം ബ്രഹ്മശിരശ്ചൈവ'' (ബാലകാണ്ഡം. സർഗ്ഗം 27.) എന്ന വാല്മീകിരാമായണത്തിൽ വിശ്വാമിത്രൻ ശ്രീരാമന് ഉപദേശിച്ച ദിവ്യാസ്ത്രങ്ങളുടെ കൂട്ടത്തിൽ ബ്രഹ്മശീർഷവും ഉൾപ്പെടുന്നതായി കാണുന്നു. ''ബ്രഹ്മശിരോസ്ത്രം ബ്രഹ്മാസ്ത്രാദന്യാൽ'' എന്ന തിലകവ്യാഖ്യാനത്തിൽനിന്നു ബ്രഹ്മാസ്ത്രമല്ലെന്നു ഗ്രഹിക്കാം.

''അശ്വത്ഥാമ്നോപസൃഷ്ടേന
ബ്രഹ്മശീർഷ്ണോരുതേജസാ
ഉത്തരായാ ഹതോ ഗർഭ
ഈശേനാജീവിതഃ പുനഃ''

(പ്രഥമസ്കന്ധം) എന്ന മഹാഭാഗവതത്തിൽ ഈ മഹാസ്ത്രത്തെപ്പറ്റി പറയുന്നു.

''അപാണ്ഡവം ജഗത് കർത്തും
ബ്രഹ്മശീർഷാസ്ത്രമാദദേ.''

എന്നു ഭാരതമഞ്ജരിയിലും (ക്ഷേമേന്ദ്രൻ) കാണുന്നു. ഇതിൽനിന്നൊക്കെ അപ്രതിമമായ പ്രഭാവത്തോടുകൂടിയ ഒരു ദിവ്യാസ്ത്രമാണു ബ്രഹ്മശീർഷം എന്നു വെളിപ്പെടുന്നു. ഹരിദന്തം-ഹരിത്തുകളുടെ അന്തം, ദിഗന്തം. പരിവസിതപുരമഥനവരം-സേവിക്കപ്പെട്ട ശിവന്റെ വരത്തോടു കൂടിയതു്. ശിവൻ അനുഗ്രഹിച്ചു കൊടുത്തതു്. ''വരിവസിതേ വരിവസ്യിതമുപാസിതഞ്ചോപചരിതം ച'' എന്ന് അമരം. വരിവസിതം-സേവിക്കപ്പെട്ടതു്. ഉപചരിക്കപ്പെട്ടതു്. അരുണശിഖികണതതിതം പരശുമയം-രക്തവർണ്ണമായ അഗ്നിയുടെ പൊരികളോടുകൂടിയ, തീപ്പൊരികൾ പറക്കുന്ന. ഭൃഗുപതി-രാമൻ. അസൃജൽ-സൃജിച്ചു, പ്രയോഗിച്ചു. അമേളജവീര്യൗ-ഐക്യത്തിനു വ്യത്യാസമില്ലാത്തവരായ, തുല്യപരാക്രമശാലികളായ അവർ, രാമാർജ്ജുനന്മാർ. പരസ്പരം-തങ്ങളിൽ. ഇത്ഥം-ഇപ്രകാരം.

ഇത്ഥം നാനാസ്ത്രശസ്ത്രവ്യതികരഗഹനേ
 സംഗരേ കാർത്തവീര്യ-
ന്നൊത്തീ ശക്തിക്ക വാട്ടം; പ്രബലഭുജസഹ-
 സ്രം തളർന്നം ചമഞ്ഞു;
അത്യാശ്ചര്യം തദാ കൈക്കൂട്ടമ തടവി മ-
 ന്ദസ്മിതം പെയ്തുടുത്തു
മെത്തീടും കോപഭാരാരുണനയനമലോ
 ഭാഗ്യഭൂമാ ഭൃഗൂണാം. 79

അനല്പാസ്ത്രസന്തതിഭിഃ—ദിവ്യങ്ങളായ അസ്ത്രങ്ങളെക്കൊണ്ട്, മഹാസ്ത്രങ്ങളെ പ്രയോഗിച്ച്. എത്തീളു എന്ന പദത്തിന് എതിരിട്ടു എന്ന അർത്ഥം സംഗതമല്ല. എതിർത്തീളു എന്ന പദത്തെ എത്തീളു എന്ന വൃത്തത്തിനിണങ്ങത്തക്കവിധം മാററംചെയ്തു പ്രയോഗിച്ചതാണെന്നു വിചാരിക്കണം. അതിന്,

''അപി മാഷം മഷം കുര്യാ-
ച്ഛന്ദോഭംഗം ന കാരയേൽ''

എന്ന ന്യായംതന്നെ ശരണം. ഭയകരം—ഭയത്തെ ജനിപ്പിക്കുന്നതു്, ഭയങ്കരം. അതിവിചിത്രം—ഏററവും അത്ഭുതം. ഇതരേതരം—അന്യോന്യം, ഒരാളും മറെറയാളും. ഉരുവിക്രമൈഃ—വലിയ പരാക്രമങ്ങളെക്കൊണ്ടു്. ഉദിതകുതുകാത്ഭുതൗ ഭുവനവീരൗ—സന്തോഷവും അത്ഭുതവും വളർത്തുന്നവരും ലോകവീരന്മാരും. അതുലബലനിധികരം—നിസ്തുല്യമായ ബലത്തോടുകൂടിയവരും ആയ. ഇരുവരും—രണ്ടുപേരും, രാമാർജ്ജുനന്മാർ. പലദിവസം—അനേകം ദിവസം. ഇതരുടെയ—രണ്ടുപേക്ഷിച്ചുമായ, ഘോരസമരം—കടുത്ത യുദ്ധത്തെ. അദധാതാം—ചെയ്തു. രണ്ടുപേരും അതികഠിനമായ യുദ്ധം പലദിവസവും ചെയ്തു(ധരിച്ചു.) (ദ്വിവചനം).

ശ്ലോകം 79—യുദ്ധത്തിൽ കാർത്തവീര്യനു സംഭവിച്ച വൈവശ്യത്തെ പ്രതിപാദിക്കുന്നു. ഇത്ഥം—ഇപ്രകാരം. നാനാ...സംഗരേ—നാനാപ്രകാരങ്ങളായ അസ്ത്രങ്ങളും ആയുധങ്ങളും ഇടകലർന്നു് ഉപയോഗിച്ച ഭയങ്കരമായ യുദ്ധം നടന്നപ്പോഴം. കാർത്ത...ചമഞ്ഞു—കാർത്തവീര്യന്റെ ശക്തി ക്ഷയിച്ചു, ആയിരം കൈകളും തളർച്ച തട്ടി. പ്രബലം—ശക്തിയേറിയതു്. കൈക്കൂട്ടമ—കൈകളുടെ കൂട്ടം. കൂട്ടമ സാധാരണമായി ഉപയോഗിക്കാത്ത ഒരു പുതിയ പദം. മെത്തീടും... മുള്ള—വർദ്ധിച്ചതായ കോപാധിക്യംകൊണ്ടു കണ്ണു ചുവന്നവനും. ഭൃഗൂണാം ഭാഗ്യഭൂമാ—ഭൃഗുക്കളുടെ ഭാഗ്യത്തിനു ഭൂമാവായും ഇരിക്കുന്ന രാമൻ. ഭൂമാവ്—ബാഹുല്യം, ബഹുലത്വം. ഭൃഗൂണാം ഭാഗ്യഭൂമാ—എന്ന പദം

ക്ഷപിതഭുജബലോഷ്മാ തത്ര വിശ്രാന്തയുദ്ധഃ
സുഭടസദസി നാമഗ്രാഹമാഹൂയ രാമം
നൃപകുലമുടിരത്നമല്ലേ പോർവാളെടുത്ത-
ങ്ങിടതലകലയുംമാറുദ്ധുനാനോ ബഭാഷേ. 80

“ഏറക്കണ്ണും ചുവത്തിപ്പുരികമിടമനാ-
ഗ്ഗാറടിച്ചീട വേണ്ടാ
ശ്ശൂരതാപ്രൗഢിഭാവിച്ചറിവനറിവനി-
ന്നിന്നെ ഞാൻ ബ്രഹ്മബന്ധോ!
വീരന്മാരാം നൃപപ്രൗഢരിലൊരുവനെ വി-
പ്രൻ ജയിച്ചീലിതിൻ കീഴ്

കർത്താവ്. മന്ദസ്മിതംപൊഴിച്ചു-മന്ദമായി ചിരിച്ചുകൊണ്ട് അടുത്തുചെന്നു. യുദ്ധത്തിൽ കാർത്തവീര്യാർജ്ജുനന് അവശത സംഭവിച്ചു, ബലമേറിയ കൈകളെല്ലാം തളർന്നു, അപ്പോഴും പരശുരാമൻ കോപാധിക്യം കൈക്കൊണ്ട് അടുത്തുചെന്നു.

ശ്ലോകം 80—നൃപകുലമുടിരത്നമല്ലേ്—രാജാക്കന്മാരിൽ ശ്രേഷ്ഠനായ കാർത്തവീര്യൻ. ക്ഷപിതഭുജബലോഷ്മാ-കൈകളുടെ പരാക്രമം നശിച്ചവനായി. ഊഷ്മാ—പരാക്രമാധിക്യദ്യോതകം, ചൂട്. തത്ര വിശ്രാന്തയുദ്ധഃ—അവിടെ യുദ്ധത്തിൽനിന്നു വിശ്രാന്തനും (വിശ്രമിച്ചവൻ). സുഭടസദസി-സമർത്ഥന്മാരായ ഭടന്മാരുടെ സദസ്സിൽവച്ച്. രാമംനാമഗ്രാഹം ആഹൂയ-പരശുരാമനെ പേരുപറഞ്ഞ് ആഹ്വാനം ചെയ്തിട്ട്. അനാദരാധിക്യദ്യോതകം. 'രാമാ' എന്നു വിളിച്ചു. പോർവാളെടുത്തു—യുദ്ധത്തിനുള്ള വാൾ എടുത്തു. ഇട...മാറ്—ഇടയും അറവും കൊലയുമൊക്കെവിധം. ഉദ്ധുനാനഃ-ഹനിക്കുന്നവനായിട്ട്. ആബഭാഷേ-ഭാഷണംചെയ്തു, പറഞ്ഞു.

ശ്ലോകം 81—കാർത്തവീര്യാർജ്ജുനൻ പറയുന്ന വീരവാദം. മിടമ..സാമർത്ഥ്യം. ശൂരതാപ്രൗഢി-ശൂരതയുടെ പ്രൗഢി, വലിയ ശൂരതയുണ്ടെന്നുള്ള അഹങ്കാരം. ബ്രഹ്മബന്ധോ!-സംബുദ്ധി, ബ്രാഹ്മണന്റെ ധർമ്മം ഒന്നും ഇല്ലാത്തവനേ! നാമമാത്രബ്രാഹ്മണൻ. ഞാൻ നിന്നെ അറിവൻ-ഞാൻ നിന്നെ അറിയും അറിയും, നല്ലപോലെ അറിയാം. ഇതിൻകീഴ്—ഇതിനു കീഴിൽ ഒരിക്കലും, മുൻപ് ഒരുകാലത്തും. വിപ്രൻ-ബ്രാഹ്മണൻ. വീര...ജയിച്ചീല-ശൗര്യവീര്യപരാക്രമങ്ങളൊക്കൂടിയ രാജാക്കന്മാരിൽ ആരെയെങ്കിലും ഒരാളെ, ഒരുവനെ വി—പ്രൻ ജയിച്ചീല-എന്നിട്ടും യതിഭംഗം അതിദുസ്സഹമാ

നേരിട്ടെങ്ങും മൃഗേന്ദ്രം കുറുനരി കൊലചെ-
യ്യുന്നതുണ്ടോ വനാന്തേ? 81

സുവ്യക്തം കള്ളയോഗീ കരുതുമളവെടാ!
നീ ജടാം മൂർദ്ധ്നി ഹന്ത!
കല്പിച്ചോ വില്ലുമമ്പും മഴുവുമരിയ കൈ-
ത്തണ്ടമേലക്ഷമാലാം
ഭവ്യം കൃഷ്ണാജിനം വക്ഷസി നവനവശ-
സ്ത്രാളിഘാതം തഴമ്പും
ദുർവൃത്തന്മാർക്കു യോഗ്യം ചരിതമിതു വിരു-
ദ്ധം മിഥോ വിശ്വനിന്ദ്യം. 82

യിരിക്കുന്നു. ജയിച്ചീല—ജയിച്ചിട്ടില്ല. ചരിത്രത്തിൽ അങ്ങനെ കേട്ടുകേൾവിയില്ല. അങ്ങനെ സംഭവിക്കാവുന്നതല്ലെന്ന് ഉദാഹരണം കൊണ്ടു സമർത്ഥിക്കുന്നു. കുറുനരി മൃഗേന്ദ്രം നേരിട്ട—ദുർബ്ബലനായ കുറുക്കൻ മൃഗരാജാവായ സിംഹത്തിനെ എതിർത്തുതോല്പിച്ചു. കൊല... വനാന്തേ—കൊല്ലുകയെന്നതു സംഭവിക്കുന്നതാണോ? എങ്ങും—ഒരിടത്തും, എവിടെയും. ബ്രാഹ്മണനു കുറുക്കന്റെയും രാജാവിനു സിംഹത്തിന്റെയും സ്ഥാനം.

ശ്ലോകം 82—കരുതും അളവു നീ കള്ളയോഗി സുവ്യക്തം—സൂക്ഷ്മം വിചാരിച്ചാൽ നീ ഒരു കള്ളസന്യാസിയാണെന്നു നല്ലതുപോലെ തെളിയും. സുവ്യക്തം—സ്പഷ്ടമാണ്. എടാ—നിന്ദ്യതാദ്യോതകം. മൂർദ്ധ്നി ജടാം—മൂർദ്ധാവിങ്കൽ(ശിരസ്സിൽ) ജടയെ. കല്പിച്ചോ?—കല്പിച്ചിട്ടാണോ? കെട്ടിവച്ചതാണോ? ഹന്ത!—ആശ്ചര്യദ്യോതകം. വില്ല്...ലക്ഷമാലാം—വില്ല്, അമ്പ്, മഴു, അക്ഷമാല(രുദ്രാക്ഷമാല) എന്നിവ കൈത്തണ്ടിലുമുണ്ട്. ഭവ്യം—മംഗളമായ, അരിയ കൃഷ്ണാജിനം—വലിയതായ കൃഷ്ണമൃഗത്തോല്. വക്ഷസി—മാറിടത്തിൽ ഉണ്ട്. നവനവ...തഴമ്പും—പുതിയപുതിയ ആയുധങ്ങൾ ഏറ്റുകിട്ടിയിട്ടുള്ള തഴമ്പും മാറിലുണ്ട്. ദുർവൃത്തന്മാർക്ക്—ദുർമ്മാർഗ്ഗികൾക്ക്, ധർമ്മമില്ലാത്തവർക്ക്. യോഗ്യം—ചേരുന്നത്, യുക്തം. ഇതുചരിതം—നിന്റെ ഈ ചരിത്രം. മിഥഃ വിരുദ്ധം—തമ്മിൽ വിരുദ്ധമാണ്, ചേരുന്നതല്ല. വിശ്വനിന്ദ്യം—സർവ്വർക്കും നിന്ദ്യമാകുന്നു. ബ്രാഹ്മണന്റെ(യോഗിയുടെ) വേഷം, രാജാവിന്റെ പ്രവൃത്തി(യുദ്ധം, ഹിംസ മുതലായവ) ഇവ അന്യോന്യം ചേരാത്തവയും നിന്ദ്യവുമാകുന്നു. നീ ഇത്തരക്കാരനാണ്.

സാധൂനാമാത്മകർമ്മസ്ഥിതിയുമൊരു തപോ-
വൃത്തിയും ബ്രാഹ്മണാനാം
വാർത്തേടും ജാതിധർമ്മം വിഹിതമരിയ് ശ-
സ്ത്രഗ്രഹം ക്ഷത്രിയാണാം
നാൾതോറും ദുഷ്ടശിഷ്ടക്ഷപണഭരണങ്ങ-
പാലനപ്രൗഢി ധർമ്മം
മീതേ മന്വാഹിതാന്യധ്യയനയജനദാ-
നാനി കർമ്മാണി നൂനം. 83

ശ്ലോകം 83. ബ്രാഹ്മണാദിജാതികളുടെ ധർമ്മം പ്രതിപാദിക്കുന്നു. സാധൂനാം ബ്രാഹ്മണാനാം - വിശിഷ്ടന്മാരായ ബ്രാഹ്മണർക്ക്. ''സഭ്യസജ്ജനസാധവഃ'' എന്ന് അമരം. ആത്മ...വൃത്തിയും-തങ്ങളുടെ കുലകർമ്മങ്ങളെ അനുഷ്ഠിച്ചുകൊണ്ടുള്ള സ്ഥിതിയും (ഇരിപ്പും) തപസ്സും (ബ്രഹ്മധ്യാനം). തപോവൃത്തി-ബ്രഹ്മവിചാരം. ക്ഷത്രിയാണാം-രാജാക്കന്മാർക്ക്. അരിയ ശസ്ത്രഗ്രഹം-മഹത്തായ ആയുധഗ്രഹണം. വാർത്തേടും-ശ്ലക്ഷ്ണമായ. ജാതിധർമ്മം-കുലധർമ്മമായിട്ട്. വിഹിതം-മുൻപിനാലേ ആചാര്യന്മാർ വിധിച്ചിരിക്കുന്നു. ആയുധം ധരിച്ചു ലോകരക്ഷ ചെയ്യുന്നതാണു രാജധർമ്മം.

നൃപസ്യ വർണ്ണാശ്രമപാലനം യത്
സ ഏവ ധർമ്മോ മനുനാ പ്രണീതഃ

(രഘു. സ. 14) എന്നു കാണുക. നാൾതോറും-ദിവസംതോറും. ദുഷ്ട...പ്രൗഢി-ധർമ്മം നശിപ്പിക്കുന്ന ദുഷ്ടന്മാരെ ഇല്ലാതെയാക്കിയും സദ്വൃത്തന്മാരെ രക്ഷിച്ചും ഭൂമിയെ പ്രൗഢതയോടുകൂടി കാക്കുന്നതും ധർമ്മമാണ്.

കീർത്തനീയഗുണ! സാധുമർദ്ദിയിൽ
ചേർത്തബാണമുപസംഹരിക്ക നീ
ആർത്തരക്ഷ ഭവദായുധക്രിയാ
പാർത്തലേശനതു സാധുബാധനം.

(കേരളീയഭാഷാശാകുന്തളം.) എന്ന പദ്യത്തിൽ രാജധർമ്മം ഉപദേശിച്ചിരിക്കുന്നതു കാണുക. മീതേ-ഇവയ്ക്കുമേൽ, ഇവ കൂടാതെ. അധ്യയന...ദാനാനി മന്വാഹിതാനി കർമ്മാണി-വേദാധ്യയനം, യജനം, ദാനം എന്നീ കർമ്മങ്ങളും മന്വാഹിതങ്ങളാണ്. നൂനം-നിശ്ചയം. യജനം-യാഗം ചെയ്യുന്നതു്. ഈ വേദാധ്യയനാദി കർമ്മങ്ങളും മനു വിധിച്ചിരിക്കുന്നവയാണ്. ഈ പദ്യത്തിൽ മന്വാദികളായ ആചാര്യന്മാർ ധർമ്മശാസ്ത്രങ്ങളിൽ വിധിച്ചിരിക്കുന്ന ബ്രാഹ്മണക്ഷത്രിയധർമ്മങ്ങളെ ഉപദേശിച്ചിരിക്കുന്നു.

ക്ഷത്രുഃ ശാസ്താ ഖലാനാമതൊരുപൊഴുതുമഹം
 നൈവ കേനാപി ശാസ്യഃ
സത്യന്തേനാഭിധത്തേ ശ്രുതിരവനിപതിം
 ലോകപാലാംശമന്യേ
ഷ്വക്തോ ധർമ്മാഹവേന സ്വയമഥ നിജധ–
 ർമ്മത്യജാം നിഗ്രഹോ മേ
തസ്മാദ്ധർമ്മച്യുതോ നീ ത്വനിയതമിഹ ശാ–
 സ്യോ മയാ ധർമ്മനേത്രാ. 84

ശ്ലോകം 84—ധർമ്മശാസ്ത്രത്തെ അടിസ്ഥാനമാക്കി താൻ തെറ്റുകാരനല്ല എന്നു പറയുന്നു. ക്ഷത്രുഃ ഖലാനാം ശാസ്താ–രാജാവു് ഖലന്മാരുടെ ശാസ്താവാണു്. ഖലന്മാർ–ധർമ്മദ്രോഹികൾ. ശാസ്താവു്–ശാസിക്കുന്നവൻ. ഒരു പൊഴുതും അഹം കേന അപി ശാസ്യഃ ന ഏവ–ഒരിക്കലും ഞാൻ ആരാലും ശിക്ഷിക്കപ്പെടേണ്ടവനല്ലതന്നെ. ഞാൻ അധർമ്മം ഒന്നും ചെയ്തിട്ടില്ല. എന്യേ–അതു കൂടാതെ. ശ്രുതിഃ–വേദം. അവനിപതിം–രാജാവിനെ. ലോകപാലാംശം–അഷ്ടദിക്പാലന്മാരുടെ അംശങ്ങൾ ചേർന്നവനെന്നു. സത്യന്തേന അഭിധത്തേ–സത്യമായിപ്പറയുന്നു.

 അഷ്ടാനാം ലോകപാലാനാം
 വപുർധാരയതേ നൃപഃ

(മനു) എന്നും,

 നരപതികുലഭൂത്യൈ ഗർഭമാധത്ത രാജ്ഞീ
 ഗുരുഭിരഭിനിവിഷ്ടം ലോകപാലാനുഭാവൈഃ

(രഘു. സ. 2) എന്നും കാണുക. മേ–രാജാവായ എനിക്കു്. അഥ സ്വയം–പിന്നെ തനിയെ. നിജ...ത്യജാം–സ്വന്തം കുലധർമ്മം ഉപേക്ഷിച്ചു നടക്കുന്നവരുടെ. നിഗ്രഹഃ–വധം. ധർമ്മാഹവേന–ധർമ്മയുദ്ധംകൊണ്ടു്, ധർമ്മമായി യുദ്ധം ചെയ്തു്. യുക്തഃ–യോഗ്യമാകുന്നു, അസദ്വൃത്തന്മാരെ വധിക്കേണ്ടതു് എന്റെ ധർമ്മമാണു്. ധർമ്മച്യുതഃ നീ–ധർമ്മഭ്രഷ്ടനായ നീ, താൻ ചെയ്യേണ്ട ധർമ്മം ഉപേക്ഷിച്ചു നടക്കുന്ന നീ. ധർമ്മനേത്രാ മയാ–ധർമ്മത്തെ നയിക്കുന്നവനായ എന്നാൽ. തസ്മാൽ–അക്കാരണംകൊണ്ടു്. ഇഹ ശാസ്യഃ ത്വനിയതം–ഇവിടെ ശാസ്യനാണു് എന്നതു നിയമസിദ്ധമാണു്. രാജധർമ്മത്തിൽ നില്ക്കുന്ന ഞാൻ ആർക്കും വധ്യനല്ല. ബ്രാഹ്മണധർമ്മഭ്രഷ്ടനായ നിന്നെ വധിക്കേണ്ടതു് എന്റെ ധർമ്മമാകുന്നു. ''ന പാപാനാം വധേ പാപം വിദ്യതേ'' (വാ. രാ., യു. കാ., സ. 52) എന്നു കാണുക.

അകൃത്യകർത്താരമതീവ ജാല്മം
നിഭൃതമസ്യാദ(?നികൃത്തമാത്രാസ്യ)മസത്തമം ത്വാം
മഹത്തമക്ഷത്രവിഘാതപാപം
നിഹത്യ ദോഷോ നഹി സംഭവേന്മേ. 85

തൽ ബ്രഹ്മവർച്ചസമവേഹി മഹീസുരാണാം
ശസ്ത്രഗ്രഹാന്തമതുമല്ലതിപാതകീ നീ
ക്ഷത്രാദിഘാതവിധിനാപ്യധുനാ ദുരാത്മ-
ന്നദ്യൈവ നിന്നെ നിഹനിഷ്യതി കാർത്തവീര്യഃ.'' 86

ഇത്ഥം നിശമ്യ വചനം ഭൃഗുപുംഗവൻ താൻ
വക്ത്രേ മൃദുസ്മിതമണിഞ്ഞതികോപശോണേ

ശ്ലോകം 85—അകൃത്യകർത്താരം–അധർമ്മം പ്രവർത്തിക്കുന്നവനും. അതീവ ജാല്മം–ഏറ്റവും നികൃഷ്ടനും. 'നിഭൃതമസ്യാദ'മെന്ന ഗ്രന്ഥപാഠം ശരിയാണെന്നു തോന്നുന്നില്ല. 'നികൃത്തമാത്രാസ്യ'മെന്നാകണം ശുദ്ധപാഠം. അമ്മയുടെ കണ്ഠം മുറിച്ചവൻ, ഏറ്റവും ദുഷ്ടൻ എന്ന അർത്ഥം പ്രകൃതത്തിൽ സംഗതമാണ്. അസത്തമം–ദുർജ്ജനവും. മഹത്തമ...പാപം–മഹാന്മാരായ രാജാക്കന്മാരെ വധിച്ച പാപത്തോടുകൂടിയവനും ആയ. ത്വാം–നിന്നെ. നിഹത്യ–നിഹനിച്ചിട്ട്, കൊന്നിട്ട് (കൊന്നാൽ). മേ ദോഷഃ സംഭവേൽ നഹി–എനിക്കു ദോഷം ഉണ്ടാകുകയില്ല. പല പ്രകാരത്തിലും നീ മഹാപാപിയാണ്. നിന്നെ വധിച്ചാൽ പാപമില്ല.

ശ്ലോകം 86—മഹീസുരാണാം തൽ ബ്രഹ്മവർച്ചസം–ബ്രാഹ്മണരുടെ ആ ബ്രഹ്മതേജസ്സ്. ശസ്ത്രഗ്രഹാന്തം അവേഹി–ശസ്ത്രഗ്രഹം വരയ്ക്കു മാത്രമേയുള്ളു എന്ന് അറിഞ്ഞാലും. ആയുധം എടുക്കുന്നതോടുകൂടി ബ്രാഹ്മണരുടെ ബ്രഹ്മതേജസ്സ് നശിക്കുന്നു. ക്ഷത്രാ...വിധിനാ അപി–ക്ഷത്രിയന്മാരെ വധിച്ചതുകൊണ്ട്. അതു...നീ–അതുതന്നെയല്ല നീ മഹാപാപികൂടിയാണ്. ദുരാത്മൻ–ദുഷ്ടാ! കാർത്തവീര്യഃ–ഈ കാർത്തവീര്യരാജാവ്. അദ്യ ഏവ–ഇപ്പോൾ തന്നെ. നിന്നെ നിഹനിഷ്യതി–നിന്നെ വധിക്കുന്നുണ്ട്.

ശ്ലോകം 87—ഭൃഗുപുംഗവൻതാൻ–പരശുരാമൻ, താൻ–സ്വയം. ഇത്ഥം വചനം നിശമ്യ–ഇപ്രകാരമുള്ള വാക്കു നിശമിച്ചിട്ട (കേട്ടിട്ട്.) കാർത്തവീര്യാർജ്ജുനന്റെ സ്പഷ്ടമായ ആക്ഷേപം കേട്ടിട്ട്. അതികോപശോണേ വക്ത്രേ–അധികമായ കോപംകൊണ്ടു ചുവന്ന മുഖത്ത്. മൃദുസ്മിതം അണിഞ്ഞു–പുഞ്ചിരിവഹിച്ച, പുഞ്ചിരിയുണ്ടായിട്ട്.

ഉക്തിം ഗഭീരചതുരാമതിനുത്തരം ക-
ണ്ടുത്തീർണ്ണവിക്രമനൊടർജ്ജുനനോടവാദീത്: 87

"മാനാഢ്യേ സോമവംശേ പിറവി, സകലവ-
ർണ്ണാശ്രമാചാരധർമ്മ-
ജ്ഞാനം, നല്ലൊന്നിതെല്ലായിലുമഴകിതൊരാ-
ജ്ഞാ മുടിപ്പൂണ്പു രാജ്ഞാം
മാനിക്കേണം മഹീരക്ഷണമനുപമമെ-
ന്നങ്ങിരിക്കെ മുനീന്ദ്രം
താനേ സമ്യക്കൃതാതിഥ്യകമരുകൊല നീ
കൊന്നതേതെന്തു ധർമ്മം? 88

അണിഞ്ഞു—മുഖം പുഞ്ചിരികൊണ്ട് അലങ്കരിച്ചു. ഉത്തീർണ്ണവിക്രമനോട് അർജ്ജുനനോട്—മഹാപരാക്രമം കാണിച്ചവനായ അർജ്ജുനനോട് അതിനുത്തരം—അതിന് ഉത്തരമായി. ഗഭീരചതുരാം-അർത്ഥം ഏറിയതും കഠിനവുമായ. ഉക്തിം—വാക്കിനെ. അവാദീത്—പറഞ്ഞു. ഉത്തീർണ്ണവിക്രമനോട് അർജ്ജുനനോട് എന്ന ഭാഗത്തിൽ സംസ്കൃതസമ്പ്രദായം അനുസരിച്ചു വിഭക്തിപ്പൊരുത്തം വരുത്തിയിരിക്കുന്നു. ഭാഷയിൽ ഈ സമ്പ്രദായം സ്വീകാര്യമല്ല. എങ്കിലും ചമ്പൂപ്രബന്ധകർത്താക്കന്മാർ സാധാരണമായി ഇപ്രകാരം ചെയ്യാറുണ്ട്. "പുണ്യവാനോടു വിഷാദിനീ നിഷധരാജനോടു നളനോടു സൗജന്യശാലിനീ" (ഭാഷാനൈഷധചമ്പു.) "പാതിവ്രത്യോജ്ജ്വലാംഗിക്കവിലഗുണനിധിക്കംഗനാമൗലിമാലയ്ക്കു" (ഉത്തരരാമായണം ചമ്പു) ഇത്യാദി ഭാഗങ്ങൾ നോക്കുക.

ശ്ലോകം 88—മാനാഢ്യേ.........പിറവി—അധികമായ മാനത്തോടുകൂടിയ ചന്ദ്രവംശത്തിലാണു ജനനം. ആഢ്യം—ശ്രേഷ്ഠം, സമ്പന്നം. സകല.........ജ്ഞാനം—എല്ലാവർണ്ണങ്ങളുടേയും (ബ്രാഹ്മണാദിജാതികൾ) ആശ്രമങ്ങളുടെയും (ബ്രഹ്മചര്യാദികൾ) ആചാരങ്ങളുടെയും (ശിഷ്യന്മാരുടെ നടപടികൾ) ധർമ്മങ്ങളുടെയും കുറിച്ചുള്ള അറിവ്. നല്ലൊന്ന്—ഇതു നന്നുതന്നെ. ആജ്ഞാ—കല്പന. രാജ്ഞാം മുടിപ്പൂൺപ്—രാജാക്കന്മാരുടെ ശിരസ്സിന് ആഭരണമാണ്. നീ പറയുന്നത് എല്ലാ രാജാക്കന്മാരും ശിരസാ വഹിക്കുന്നു. ഇതെ...മഴകു—ഇതെല്ലാററിനെയുംകാൾ ഭംഗിയേറിയ കാര്യമാണ്. മഹീരക്ഷണം അനുപമം മാനിക്കേണം എന്നിരിക്കെ—ലോകത്തെ സംരക്ഷിക്കുകയെന്ന ധർമ്മത്തെ അനുപമമാകുംവണ്ണം ബഹുമാനിക്കണം എന്നിരിക്കെ. ധർമ്മം ഇപ്രകാരം ഇരിക്കുമ്പോൾ. അനുപമം—ഉപമയില്ലാത്തത്. നി

ഇക്കാര്യം വേദശാസ്ത്രസ്മൃതികളിലെവിടെ-
ക്കേൾ വിധിച്ചു ജഗത്യാം
വിഖ്യാതൈർവ്വീരമുഖ്യൈരൊരു ദശയിലിതം-
ഗീകൃതം കേളിയുണ്ടോ?
ചൊൽക്കൊള്ളും ചക്രവർത്തിപ്പരിഷകളിൽ നിന-
ക്കെന്നി മറ്റല്പബുദ്ധേ!
ധിക്കഷ്ടം! വിപ്രഹിംസാദുരിതമിതു വൃഥാ
തേടുവാനാർക്കു തോന്നും? 89

സ്തുല്യം. സമ്യക്കൃതാതിഥ്യകം മുനീന്ദ്രം—വഴിപോലെ അതിഥിസല്ക്കാരം ചെയ്തു സന്തോഷിപ്പിച്ച മുനിശ്രേഷ്ഠനെ. അറുകൊല നീ താനേ കൊന്നതു ഏതു ധർമ്മം—അറുകൊലയായിട്ട് നീ തനിയെ കൊന്നുവല്ലോ. ഏതു ധർമ്മം അനുസരിച്ചാണ് അങ്ങനെ ചെയ്തതു്. അറുകൊല-പിശാചിന്റെ ഒരു വകഭേദം. ജനങ്ങളെ കൊല്ലുന്നതു്. അറുകൊ(ക)ല എന്നു ചമ്പൂകാരന്മാർക്ക് ഇഷ്ടമുള്ള ഒരു പദമാണ്. ''തണ്ണീർ പോലും കൊടാതൊരറുകലയെന്നവൻ കാലനും നില്ല ദൂരേ'' (രാമായണചമ്പു.) ''മലയാനിലനിവനറുകലയെന്തിവനരികിൽ വരുന്നു.'' (കൊടിയവിരഹം ചമ്പു.) എന്നും മറ്റും നോക്കുക. മഹാനായ മുനി, പോരെങ്കിൽ നിന്നെ ബഹുമാനിച്ചവനും; അങ്ങനെയുള്ള ഒരാളെയാണല്ലോ പിശാചിനെപ്പോലെ നീ വധിച്ചതു്.

ശ്ലോകം 89—ജഗത്യാം—ലോകത്തിൽ (ജഗതി, ജഗത്തു്). ഇക്കാര്യം-കൃതോപകാരനായ മുനിയുടെ വധം. വേദ...വിധിച്ചു-വേദങ്ങൾ, ധർമ്മശാസ്ത്രങ്ങൾ, പുരാണങ്ങൾ മുതലായവയിൽ ഏതിലാണ്, എവിടെയാണ് വിധിച്ചിരിക്കുന്നതു്? ഇതു്—ഇതുപോലെയുള്ള അധർമ്മം. ഒരു ദശയിൽ—എപ്പോഴെങ്കിലും ഒരിക്കൽ. വിഖ്യാതൈഃ വീരമുഖ്യൈഃ അംഗീകൃതം കേളിയുണ്ടോ—കീർത്തിയേറിയവരും വീരന്മാരുമായ രാജാക്കന്മാരിൽ ഒരുവൻ സ്വീകരിച്ചിട്ടുള്ളതായി കേൾവിയുണ്ടോ? അല്പബുദ്ധേ—ക്ഷുദ്രബുദ്ധിയായ (അറിവും വീണ്ടുവിചാരവും ഇല്ലാത്തവൻ) അർജ്ജുന! ചൊല്ക്കൊള്ളും...ക്കെന്നി—ഖ്യാതി നേടിയിരിക്കുന്ന ചക്രവർത്തിമാരുടെ കൂട്ടത്തിൽ നിനക്കല്ലാതെ. വൃഥാ—വെറുതേ. വിപ്രഹിംസാദുരിതം ഇതു തേടുവാൻ ആർക്കു തോന്നും—ബ്രാഹ്മണനെ കൊന്നിട്ടുള്ള പാപം സമ്പാദിക്കുന്നതിനു വേറെ ആർക്കു തോന്നും? വേറെ ആർ വിചാരിക്കും? ധിക്ക്, കഷ്ടം—നിന്ദ്യം.

സ്വയമതിഥിസപര്യാമത്ഭുതാഹാരവാസാ-
ലയബഹുവിധഭോഗശ്ലാഘനീയാം ഗൃഹീത്വാ
അയി കഥയ ദുരാത്മന്നാത്മനൈവ പ്രയാണേ
നയതി യമിനമന്തം കസ്ത്വദന്യോ മുനിം തം 90

പിറവിയുമമലാനാമന്വയേ ഹൈഹയാനാ-
മറിവുമഖിലലോകശ്ലാഘിതം വീര്യവാദ്യം
നിരുപമമിതൊരോന്നേ നന്നുനന്നെന്നിരിക്കെ
ദുരിതമിതു നിനച്ചായതെങ്ങനേ വിപ്രഘാതം. 91

ശ്ലോകം 90—അത്ഭുതാ...ശ്ലാഘനീയാം അതിഥിസപര്യാം സ്വയം ഗൃഹീത്വാ—ആശ്ചര്യജനകങ്ങളായ (അതിവിശിഷ്ടങ്ങളായ) കറികളോടുകൂടിയ ആഹാരം, താമസിക്കുന്നതിനുള്ള സ്ഥലം, ബഹുപ്രകാരങ്ങളായ സുഖവിഭവങ്ങൾ (ശയ്യാദി സാധനങ്ങൾ) എന്നിവകളോടു ചേർന്ന് ഏറ്റവും ശ്ലാഘനീയം (സ്തുതിക്കേണ്ടത്) ആയ അതിഥിപൂജയെ സ്വയം സ്വീകരിച്ചിട്ട്. അതിഥി—വിരുന്നുകാരൻ. സപര്യ—പൂജ. ''കര്യാൽ സപര്യാം കശികാത്മജായ.'' (രാമായണ (ഭോജ) ചമ്പു). അയി ദുരാത്മൻ കഥയ—ദുരാത്മാവായ അർജ്ജുന, നീ പറഞ്ഞാലും! യമിനം തം മുനിം—യതിയായ ആ മുനിയെ. യമി—യമവൃത്തിയിൽ ഇരിക്കുന്നവൻ. അതുകൊണ്ടാണ് നിനക്ക് അദ്ദേഹത്തിനെ കൊല്ലുവാൻ കഴിഞ്ഞതെന്ന് ആശയം. ത്വദന്യഃ കഃ—നീ അല്ലാതെ വേറെ ഏതൊരുവൻ. ആത്മനാ ഏവ—തന്നാൽതന്നെ. പ്രയാണേ—പോകുന്ന സമയം. അന്തം നയതി—അന്തത്തെ നയിക്കുന്നു. കൊല്ലുന്നു. ആരും ഇങ്ങനെ ഒരു വലിയ നന്ദികേടു കാണിക്കുന്നതല്ല. അത്ഭുതാ...ശ്ലാഘനീയാം—ഈ പദം മുനി ചെയ്ത അതിഥിസല്ക്കാരത്തിന്റെ ദിവ്യത്വത്തെയും, അദ്ദേഹത്തോടു നന്ദി കാണിക്കേണ്ട ആവശ്യകതയേയും വ്യഞ്ജിപ്പിക്കുന്നു. ഇവിടെ ശകാരം ഏറ്റവും പരുഷമായിരിക്കുന്നു.

ശ്ലോകം 91—അമലാനാം ഹൈഹയാനാം അന്വയേ പിറവിയും—നിർമ്മലചരിതന്മാരായ ഹൈഹയവംശരാജാക്കന്മാരുടെ വംശത്തിലാണു നീ പിറന്നത്. അന്വയേ—വംശത്തിൽ. അഖില...ശ്ലാഘിതം അറിവും വീര്യവാദ്യം—നിന്റെ അറിവും പരാക്രമങ്ങളും സജ്ജനങ്ങളും പുകഴ്ത്തുന്നതാണ്. ഇതൊരോന്നേ നിരുപമം നന്നുനന്നിരിക്കെ—ഇതോരോന്നും നിസ്തുല്യവും ഏറ്റവും നല്ലതും എന്നിരിക്കുമ്പോൾ. ഇതു വിപ്രഘാതം ദുരിതം എങ്ങനെ നിനച്ചാൻ—ഈ ബ്രാഹ്മണവധമാകുന്ന പാപം ചെയ്യുന്നതിനു നിനക്ക് എങ്ങനെ തോന്നി?

വന്ദ്യം ഗുരുത്വമഖിലൈരവനീസുരാണാം
മന്നിങ്കൽ വിപ്രചരണം ശരണം നൃപാണാം
വർണ്ണദ്വയേ വിധികൃതാമൊരു ധർമ്മവേലാം
നന്നായ്ക്കളഞ്ഞിതു കുലാധമ! നീ ഹതാത്മാ. 92

രക്തം തേ ശരഭിന്നഗാത്രഗളിതം
പൃഥ്വ്യാശ്ശുനാമാമിഷം
പ്രത്യക്ഷം ദ്യുസദാം നഭഃസ്ഥലജുഷാം
പ്രാണാൻ കൃതാന്തസ്യ ച
അദ്യൈവ പ്രവിഭജ്യ താതനിധന-
പ്രോത്ഥസ്യ കോപാനല-

നിന്റെ കുലശ്ലാഘ്യാദിഗുണങ്ങൾ വിചാരിച്ചാൽ ഇപ്രകാരം ബ്രഹ്മഹത്യ ചെയ്യുന്നതിന്നു നിനക്ക് തോന്നുവാൻ ഇടയില്ല.

ശ്ലോകം 92—അവനീസുരാണാം ഗുരുത്വം അഖിലൈഃ വന്ദ്യം—ബ്രാഹ്മണരുടെ ഗുരുത്വം എല്ലാവരാലും വന്ദ്യമാണ്. എല്ലാവരും ബ്രാഹ്മണജാതിക്കു ശ്രേഷ്ഠതയുണ്ടെന്നു സമ്മതിക്കും. ഗുരുത്വം—മഹത്വം, മാഹാത്മ്യം. മന്നിങ്കൽ നൃപാണാം വിപ്രചരണം ശരണം—ഭൂമിയിൽ രാജാക്കന്മാർക്കു ബ്രാഹ്മണരെ വഴിപോലെ ഭജിക്കുകയെന്നതു ശരണമാകുന്നു, അങ്ങനെ ചെയ്യുകയെന്നതു് അവർക്കു ശ്രേയസ്സിന്നു നിദാനമാകുന്നു. വർണ്ണദ്വയേ—ബ്രാഹ്മണജാതിയിലും ക്ഷത്രിയജാതിയിലും. വിധികൃതാം ഒരു ധർമ്മവേലാം—ഈശ്വരൻ നിശ്ചയിച്ചതായിരിക്കുന്ന ധർമ്മത്തിന്റെ വേലയെ (അതിരിനെ). കുലാധമ! ഹതാത്മാ നീ നന്നായ് കളഞ്ഞിതു—രാജവംശത്തിൽ പിറന്നവരിൽ അധമനും ഹതാത്മാവും ആയ നീ നല്ലപോലെ നശിപ്പിച്ചു. ഹതാത്മാവ്—രാഗദ്വേഷാദിവികാരങ്ങൾക്ക് അടിപെട്ടു പ്രവർത്തിച്ച് ആത്മനാശം വരുത്തിയവൻ. നീ പണ്ടുള്ളവർ നിശ്ചയിച്ച് ആദരിച്ചുവന്ന ധർമ്മത്തെ ലംഘിച്ചവനാണ്.

ശ്ലോകം 93—തേ-എല്ലാംകൊണ്ടും വധിക്കപ്പെടേണ്ടവനായ നിന്റെ. ശര...ഗളിതം രക്തം—ശരങ്ങൾകൊണ്ടു പിളർന്ന ശരീരത്തിൽ നിന്നു് ഒഴുകുന്ന രക്തത്തെ. പൃഥ്വ്യാഃ-ഭൂമിക്കും. ആമിഷം—ശരീരത്തിലെ മാംസത്തെ. ശുനാം—പട്ടികൾക്കും. നഭഃസ്ഥലജുഷാം ദ്യുസദാം കൃതാന്തസ്യ ച—ആകാശത്തു വന്നു നില്ക്കുന്ന ദേവന്മാർക്കും കാലനും. ദ്യുസത്ത്—ദ്യോവിങ്കൽ (സ്വർഗ്ഗത്തിൽ) പാർക്കുന്നവർ, ദേവന്മാർ. പ്രാണാൻ-പ്രാണങ്ങളെയും. പ്രത്യക്ഷം—എല്ലാവരും കണ്ടുനില്ക്കെ. അദ്യ

പ്രക്ഷോഭസ്യ കരിഷ്യതേ പരശുരാ-
മോയം വിരാമം ക്ഷണാൽ." 93

ഇത്ഥംവാദീ ഭൃഗൂണാമധിപതി വിശിഖം
കൊണ്ടു ചിച്ഛേദ കോപാ-
ദുത്തുംഗം കേതുദണ്ഡം ഝടിതി പൊടിപെട്ട-
ത്തമ്മണിത്തേരശേഷം
ചിത്രം ചിത്രം മുടിച്ചാൻ കലചിലകളൊരോ-
ന്നേ തദാ ദീനസത്വോ
ദധ്യൗ ശ്രീവിഷ്ണുചക്രം വിപദുദയകരം
കാർത്തവീര്യോ ജയൈഷീ. 94

ഏവ പ്രവിശ്യ—ഇപ്പോൾതന്നെ ഭാഗിച്ചുകൊടുത്തിട്ട്. അയം പരശുരാമഃ—ഈ പരശുരാമൻ. താത...പ്രക്ഷോഭസ്യ—പിതാവായ മഹർഷിയെ വധിച്ചതുകൊണ്ടുള്ള കോപാഗ്നിയുടെ പ്രക്ഷോഭത്തിന് (ഇളക്കത്തിന്, വർദ്ധനവിന്). പ്രക്ഷോഭം—അധികമായ ക്ഷോഭം. ക്ഷണാൽ—വേഗം. വിരാമം കരിഷ്യതേ—വിരാമത്തെ ചെയ്യുന്നുണ്ട്. കോപാഗ്നിയുടെ വളർച്ചയെ നശിപ്പിക്കുന്നുണ്ട്. ഇങ്ങനെ നിന്റെ ചോര ഭൂമിയിൽ ഒഴുകും. മാംസം പട്ടികൾ തിന്നും. ജീവൻ സ്വർഗ്ഗത്തിൽ (കാലപുരിയിൽ) എത്തും. ശ്ലോകം പൂർവ്വാർദ്ധത്തിലെ ആശയകല്പനം രസകരമായിരിക്കുന്നു.

ശ്ലോകം 94—ഭൃഗൂണാം അധിപതി—ഭൃഗുക്കളുടെ നാഥനായ പരശുരാമൻ. ഇത്ഥംവാദീ—ഇപ്രകാരം വാദിച്ചിട്ട്. വാദിക്കുക—എതിരാളിയുടെ വാദം (ആക്ഷേപം) അടിസ്ഥാനമില്ലാത്തതെന്നു സ്ഥാപിക്കുക. കോപാൽ—കോപം ഹേതുവായിട്ട്. ഉത്തുംഗം കേതുദണ്ഡം—ഉയർന്നുനില്ക്കുന്ന കൊടിമരത്തെ. കേതുദണ്ഡം—കേതുവാകുന്ന ദണ്ഡം. കേതു—കൊടിമരം. ''കേതോഃ പതാകാംശുകമെന്നപോലെ'' എന്നു നോക്കുക. വിശിഖംകൊണ്ടു—അമ്പു പ്രയോഗിച്ചു. ചിച്ഛേദ—ഛേദിച്ചു, മുറിച്ചു. തമ്മണിത്തേരശേഷം—മണികൾ പതിച്ചിരിക്കുന്നതും വിലയേറിയതും ആയ ആ തേരു മുഴുവനും. പൊടിപെട്ടു—പൊടിയായി, ധൂളിയാക്കി ചെയ്തു. ചിത്രം ചിത്രം—അത്ഭുതം! അത്ഭുതം! ഈ വൈഭവം ആശ്ചര്യംതന്നെ. കല...മുടിച്ചാൻ—കലചിലകളെ ഓരോന്നായി മുറിച്ചു മുടിച്ചു (നശിപ്പിച്ചു). തദാ—ആ സമയം. ദീനസത്വഃ—ആത്മവീര്യം ക്ഷയിച്ചവനും. ജയൈഷീ—ജയം ലഭിക്കണമെന്ന് ആഗ്രഹിച്ചിരിക്കുന്നവനും ആയ. കാർത്തവീര്യഃ. കാർത്തവീര്യാർജ്ജുനൻ.

ഉച്ചണ്ഡോജ്ജ്വലധാമഭാസ്കരസഹ-
സ്രാഭം സഹസ്രാരമ-
ത്യുച്ചക്രം മനസാ സഹസ്രഭുജനാം
വീരൻ വണങ്ങും വിധൗ
വിശ്വക്ഷോഭണഘോഷഭീഷണതരം
ലോകപ്രഭാവിഷ്ഫുര-

വിപദഭയകരം—ആപത്തുകളിൽനിന്ന് അഭയത്തെ (രക്ഷയെ) ചെയ്യുന്ന, കഷ്ടതകളെ നീക്കി രക്ഷിക്കുന്ന. വിഷ്ണുചക്രം—മഹാവിഷ്ണുവിന്റെ ചക്രായുധത്തെ, സുദർശനത്തെ. ദധ്യൗ—ധ്യാനംചെയ്തു, വിചാരിച്ചു. അവശനായ അർജ്ജുനൻ ആതുരനായിട്ടു വിഷ്ണുവിന്റെ സുദർശനചക്രത്തെ സ്മരിച്ചു.

ശ്ലോകം 95—സുദർശനചക്രത്തിന്റെ വരവിനെപ്പറ്റി പ്രതിപാദിക്കുന്നു. സഹസ്ര...വിധൗ—ആയിരം കൈകളോടുകൂടിയവനും മഹാവീരനും ആയ കാർത്തവീര്യാർജ്ജുനൻ മനസ്സുകൊണ്ടു വിചാരിച്ചു വന്ദിച്ചസമയം. ഉച്ച...ത്യുച്ചക്രം—നട്ടുച്ചയ്ക്ക് അധികമായി പ്രകാശിക്കുന്ന ആയിരം (അസംഖ്യം) സൂര്യന്മാരുടെ ശോഭയോടുകൂടിയതും. സഹസ്രാരം സുദർശനം ത്യുച്ചക്രം—ഭഗവാന്റെ സുദർശനചക്രം. ഉച്ച...സഹസ്രാഭം.ഈ പദം സുദർശനത്തിന്റെ പ്രകാശം അതിതീക്ഷ്ണവും ദുസ്സഹവും എന്നു ദ്യോതിപ്പിക്കുന്നു. വിശ്വ...തരം—ലോകങ്ങളെ ഇളക്കിമറിക്കുന്ന ശബ്ദഘോഷംകൊണ്ടു ഭയങ്കരം. പ്രഭാ...ച്ചക്രം-ശോഭകൊണ്ട് എല്ലാ ദിക്കുകളെയും പ്രകാശിപ്പിക്കുന്നതും. വിഷ്ഫുരത്ത്—വിശേഷേണ സ്ഫുരത്ത് (തിളങ്ങുന്നതു്). വിരവോ...ന്നഭ്യാശം-വളരെവേഗം അവിടെ അടുക്കൽ. അഭ്യായയൗ—അഭ്യായാനംചെയ്തു, അഭിമുഖമായി വന്നു. അഭ്യാശം—സമീപം.

ഈ സന്ദർഭത്തിൽ കിർമ്മീരവധം ആട്ടക്കഥയിൽനിന്നു സുദർശനത്തിന്റെ വരവിനെ വർണ്ണിക്കുന്ന പദ്യം ഇവിടെ ഉദ്ധരിക്കുന്നതു് ഉചിതമായിരിക്കും.

താവദ്ദൈത്യകണ്ഠവാമേതരകരപരിഘ-
പ്രൗഢഭൂഷായമാണം
ദൃപ്യദ്ദൈത്യേന്ദ്രകണ്ഠക്ഷതജമൃഗമദലി-
പ്താംഗപിംഗീകൃതാശം
കല്പാന്താനല്പദീപ്തിപ്രചുരപരിണമൽ
കോടിസൂര്യപ്രകാശം
ചക്രാഖ്യം ധാമ ചക്രായുധസവിധമുപേ-
ത്യാശു തുഷ്ടാവ ശൗരിം

ദ്ദിക്ചക്രം വിരവോടെഴുന്നതുളി നി-
ന്നത്യാശമദ്ധ്യേ യയൌ. 95

അന്നേരമാ വരവുകണ്ടു ഭൃഗുപ്രവീരൻ
വിന്യസ്യ പോർച്ചിലയുമമ്പുമകമ്പചേതാഃ
ഒന്നിച്ചു വിശ്വജനസന്തതി നോക്കിനില്ക്കേ
വന്ദിച്ചു ഭക്തിയൊടു നിന്നിതമേയധാമാ. 96

ഘുഷ്ടൊടെഴുന്ന മുഖരാരസഹസ്രനിര്യ-
ന്നിർഘോഷചണ്ഡശിഖിമണ്ഡലദുർന്നിരീക്ഷം
അഗ്രേ നിരസ്തളമണഞ്ഞു സുദർശനം ത-
ച്ചക്രം പരം പരശുരാമതനൌ നിലീനം 97

ഈ പദ്യം ചമ്പുകാരന്റെ വർണ്ണനത്തെക്കാൾ ഓജസ്സും പ്രൗഢിയും ഭാവവും ഏറിയതായിരിക്കുന്നു. ചമ്പുപദ്യത്തിലെ 'ഉജ്ജ്വലതാരകഹസ്ത്രസഹസ്രാഭ'വും, 'വിശ്വരക്ഷാരണോല്ലോലഭീഷണതരവും' ഓജസ്സുതികഞ്ഞ പദങ്ങളെന്നു സമ്മതിക്കണം. എങ്കിലും 'ദ്രപ്യദ്ദൈത്യേന്ദ്ര...കൃതാശ'ത്തിന്റെയും 'കല്പാന്താ...പ്രകാശ'ത്തിന്റെയും മുൻപിൽ അവയുടെ തേജസ്സിനു മ്ലാനിതട്ടുന്നതാണെന്നു സഹൃദയന്മാർക്കു തോന്നാതിരിക്കയില്ല.

ശ്ലോകം 96—അന്നേരം—സുദർശനചക്രം വന്നസമയം. അകമ്പചേതാഃ—മനസ്സിനു ഇളക്കംതട്ടാത്തവനും, ധൈര്യത്തോടുകൂടിയവൻ. അമേയധാമാ—അളവില്ലാത്ത തേജസ്സോടുകൂടിയവനും, പ്രഭാവശാലിയും ആയ. ഭൃഗുവീരൻ—പരശുരാമൻ. പോർച്ചിലയും അമ്പും—യുദ്ധത്തിനുള്ള വില്ലും അമ്പും. ഒന്നിച്ചു—ഒപ്പം, ഒരേസമയം. വിന്യസ്യ—താഴെവെച്ചിട്ടു്. വിശ്വ...നോക്കിനില്ക്കേ—ലോകത്തിലുള്ള ജനങ്ങൾ എല്ലാം നോക്കി നില്ക്കുമ്പോൾ. ഭക്തിയോടു വന്ദിച്ചുനിന്നിതു—ഭക്തിയോടുകൂടി തൊഴുതുനിന്നു.

ശ്ലോകം 97—ഘുഷ്ടൊടു—ഘോഷത്തോടുകൂടി. മുഖര...ദുർന്നിരീക്ഷം—ശബ്ദിക്കുന്നവയായ അസംഖ്യം ആരങ്ങളിൽനിന്നു പുറപ്പെടുന്നവയും ഉച്ചത്തിലുള്ള ശബ്ദംകൊണ്ടു ഭയങ്കരവുമായ അഗ്നിസമൂഹംകൊണ്ടു നേരെനോക്കുവാൻ കഴിയാത്തതും. നിര്യത്ത്—പുറപ്പെടുന്നതു്. ചണ്ഡം—ഭയങ്കരം. ശിഖി—ശിഖകളോടുകൂടിയതു്, അഗ്നി, ശിഖകളോടുകൂടി കത്തുന്ന അഗ്നിയെന്നു ഭാവം. ദുർന്നിരീക്ഷം—നിരീക്ഷിക്കുവാൻ (നേരെ നോക്കുവാൻ) കഴിയാത്തതു്, രൂക്ഷതരമായ പ്രകാശമുള്ളതു്.

അനന്തരം കാർത്തവീര്യൻ പരശുധരതനൗ
ദീപ്രതേജോനികായ-
ച്ഛന്നാംഗേ വൈഷ്ണവശ്രീവിലസിതമഖിലം
കണ്ടു വിസ്മേരചേതാഃ
നന്നായ് പോന്നവതരിച്ചാൻ മമ നിധനകൃതേ
സോയമാസന്നമിപ്പോ-
ളെന്നും ദത്തർഷിതൻ വാക്യവുമിതി മരണാ-
യാശു ചക്രേ മനീഷാം. 98

യോഗേന ശുദ്ധിം മനസോ വിതന്വൻ
ജ്യോതിസ്സദാധായ പരം സമാധൗ

സുദർശനം—സുദർശനം എന്ന പേരായ. തൽ ചക്രം—ആ ചക്രം, മഹാവിഷ്ണുവിന്റെ ആയുധം. നിരർഗ്ഗളം—തടസ്സമില്ലാതെ. അഗ്രേ അണഞ്ഞു—സമീപത്തുവന്നു, രാമതനൗ—പരശുരാമന്റെ ശരീരത്തിൽ. പരം—ഏറ്റവും. നിലീനം—നിലീനമായി, ലയിച്ചു. ദിവ്യാസ്ത്രങ്ങളും അവയെ (അവയുടെ ദേവതമാരെ) വണങ്ങുന്നവരെ ഉപദ്രവിക്കുന്നതല്ല. അപ്രകാരം ഒരു മഹാത്മ്യം അവറ്റു് ഉണ്ടു്.

ശ്ലോകം 98—പരശുധരതനൗ—പരശുരാമൻ. ദീപ്ര......ച്ഛന്നാംഗേ—ദീപ്രമായ തേജസ്സമൂഹംകൊണ്ടു ശരീരം മറയ്ക്കപ്പെട്ടവനായപ്പോൾ. ദീപ്രം—പ്രകാശിക്കുന്നതു്. ഛന്നം—മറച്ചതു്, അധികം പ്രകാശമാനമായ തേജസ്സുകൊണ്ടു ശരീരം മറഞ്ഞപ്പോൾ. (പരശുരാമനിൽ) വൈഷ്ണവ......മഖിലം കണ്ടു—മഹാവിഷ്ണുവിന്റെ തേജോവിലാസം സർവ്വവും കണ്ടിട്ടു്. വിസ്മേരചേതാഃ—വിസ്മേരഹൃദയനായി, (മനസ്സിൽ വിസ്മയം ഉള്ളവനായി.) മമ നിധനകൃതേ—എന്റെ വധത്തിനായി, എന്നെക്കൊല്ലുവാൻ. സഃ അയം—ആ ഇവൻ, പരശുരാമൻ. നന്നായ്......തരിച്ചാൻ—വന്നുജനിച്ചു. എന്നെ വധിക്കുന്നതിനുവേണ്ടിയാണു പരശുരാമന്റെ ജനനം. ആസന്നം—സമീപിച്ചതു്. ദത്തർഷിതൻ വാക്യവും—ദത്താത്രേയമഹർഷിയുടെ വാക്കും. ഇതെല്ലാം ഓർമ്മിച്ചു കാർത്തവീര്യാർജ്ജുനൻ. ആശു—വേഗം. മരണായ മനീഷാം ചക്രേ—മരണത്തിനായി മനീഷയെ ചെയ്തു. മരണം വന്നുകൊള്ളട്ടെ എന്നു വിചാരിച്ചു.

ശ്ലോകം 99—യോഗീ—യോഗിയായ കാർത്തവീര്യൻ. ''ബഭൂവ യോഗീ കില കാർത്തവീര്യഃ'' (രഘു. സ. 6) യോഗനിഷ്ഠയിൽ ഇരുന്നു. യോഗേന—യോഗംകൊണ്ടു്. യോഗം—മനസ്സിനെ അന്യവൃത്തി

ആത്മാനുഷംഗോജ്ജ്വലമഞ്ജസോർദ്ധ്വം
തദ്ബ്രഹ്മരന്ധ്രേ വിനിവേശ്യ യോഗീ 99

ആധായ ജീവാത്മപരാത്മനോര-
ൈക്യസ്രവാനന്ദസുധാപ്ലുതാത്മാ
പശ്യൻ ജഗദ്ബ്രഹ്മമയം നനർത്ത
സ്വബാഹുചക്രസ്ഫുരദായുധോസൗ. 100

കളിൽനിന്നു പിൻവലിച്ചു പരാത്മാവിൽ ഉറപ്പിച്ചുനിർത്തുന്നതു്. ''യോഗശ്ചിത്തവൃത്തിനിരോധഃ'' എന്നു പതഞ്ജലി. മനസഃ ശുദ്ധിം വിതന്വൻ-മനസ്സിന്റെ ശുദ്ധിയെ ചെയ്തിട്ടു്. ശുദ്ധി-രാഗദ്വേഷാദി കാലിന്യങ്ങളും നീങ്ങിയിട്ടുണ്ടാകുന്ന സ്വച്ഛത. ആത്മാനുഷംഗോജ്ജ്വലം-ആത്മാവിന്റെ അനുഷംഗം (ചേർച്ച)കൊണ്ടു് ഉജ്ജ്വലം ആക്കി. പരം തൽ ജ്യോതിഃ-പരമായിരിക്കുന്ന ആ ജ്യോതിസ്സിനെ പരമാത്മാവിനെ. സമാധൗ-സമാധിയിൽ. നിധായ-നിധാനംചെയ്തിട്ടു്, വച്ചിട്ടു്,സമാധി കൈക്കൊണ്ടു. അഞ്ജസാ-നന്നായി. ഊർദ്ധ്വം-മേൽ ഗതിയാക്കി. ബ്രഹ്മരന്ധ്രേ-ബ്രഹ്മരന്ധ്രത്തിൽ. വിനിവേശ്യ-വിനിവേശിപ്പിച്ചിട്ടു്, വച്ചിട്ടു്, ചേർത്തു. യോഗം കൈക്കൊണ്ടു്കാർത്തവീര്യാർജ്ജുനൻ ദേഹത്യാഗത്തിനു ഒരുമ്പെട്ടു. യോഗികളുടെ ആ മരണ സ്വഭാവത്തെ ഈ പദ്യത്തിലും അടുത്തതിലും പ്രതിപാദിച്ചിരിക്കുന്നു.

> മരണമടുത്തിതു നമുക്കെന്നാപ്പുരൻ
> കരണങ്ങളെല്ലാമടക്കി മനസ്സിങ്കൽ
> ജീവനെ യോഗംകൊണ്ടു പരമാത്മനി ചേർത്തു
> കേവലാനന്ദമയനായ്‌ച്ചമഞ്ഞുനേരം
> പരമാനന്ദനൃത്തം ഇടങ്ങി നൃപവരൻ

(ബ്രഹ്മാ—കിളി.) എന്നു നോക്കുക. വിഷ്ണുഗീതയിൽ കാർത്തവീര്യാർജ്ജുനന്റെ ഈ യോഗവൃത്തിയെക്കുറിച്ചു് പറയുന്നില്ല.

ശ്ലോകം 100—സ്വബാഹുചക്രസ്ഫുരദായുധഃ അസൗ-തന്റെ ബാഹുസമൂഹങ്ങളിൽ ആയുധങ്ങളും പരിശോഭിക്കുന്നവനായ ഇവൻ, കാർത്തവീര്യാർജ്ജുനൻ. യോദ്ധാവായി കൈകളിൽ ആയുധങ്ങളും ധരിച്ചുകൊണ്ടിരിക്കുന്ന സമയത്തുതന്നെയാണു് ഇപ്രകാരം അർജ്ജുനൻ യോഗവൃത്തി വരിച്ചതെന്നു് ഈ പദം ദ്യോതിപ്പിക്കുന്നു.ജീവാത്മപരാത്മനോഃ അപി-ജീവാത്മാവിന്റെയും പരമാത്മാവിന്റെയും. ഐക്യ...പ്ലുതാത്മാ-ഐക്യത്താൽ (ചേർച്ചയാൽ)സ്രവിക്കുന്ന,(ഒലിക്കുന്ന) ആനന്ദമാകുന്ന അമൃതംകൊണ്ടു നനഞ്ഞ ആത്മാവോടുകൂടിയവനായിട്ടു്. ആനന്ദം-ബ്രഹ്മാനന്ദം, മോക്ഷസുഖം. ജീവാത്മാവും പര

"തൂഷ്ണീം നില്ലായ്ക ഭോഷാ ചപലമുനിവടോ!
പോരിനായ്ക്കൊണ്ടു വാവാ
ക്ഷാത്രം ജൈത്രം ജഗത്യാമറിക ധൃതിമയം
പേടിയില്ലേതുമേ മേ
യാത്രാക്കുന്നുണ്ടു ബാണപ്രദളിതശിരസം
പ്രേതലോകേശരാജ്യേ
ജാത്യാ ചോരം ഖലം ത്വാമിതി വചനവുമു-
ച്ചൈർവ്വിളിച്ചാബഭാഷേ. 101

മാത്മാവും തമ്മിൽ പരമൈക്യത്തെ പ്രാപിച്ചു. അപ്പോൾ ആനന്ദമാകുന്ന അമൃതം ഉണ്ടായി. അതിൽ ആത്മാവു മുങ്ങി (നനഞ്ഞു). ജീവാത്മാപരമാത്മാക്കൾ ഒന്നിച്ചപ്പോളുണ്ടായ ബ്രഹ്മാനന്ദത്തെ ആത്മാവുകൊണ്ടനുഭവിച്ചു. ജഗൽ-ലോകത്തെ മുഴുവൻ-ബ്രഹ്മമയം, പരബ്രഹ്മസ്വരൂപമായി. പശ്യൻ-കണ്ടു. നനർത്ത-നൃത്തം ചെയ്തു. മഹായോഗിയായ കാർത്തവീര്യൻ അപ്പോൾ ചരാചരാത്മകമായ ലോകം മുഴുവൻ ബ്രഹ്മസ്വരൂപമായി കണ്ടു് ആനന്ദിച്ചു നൃത്തംചെയ്തു.

ശ്ലോകം 101—മുൻപു രണ്ടു പദ്യങ്ങളിൽ വിവരിച്ചവിധം കാർത്തവീര്യാർജ്ജുനൻ മഹത്തായ യോഗവൃത്തിവരിച്ച ബ്രഹ്മാനന്ദത്തിനു പാത്രമായി നൃത്തം ചെയ്തുവെങ്കിലും പുറമേ ലോകബോദ്ധ്യത്തിനുവേണ്ടി രാജാവെന്ന നിലയിൽ എതിരാളിയെ പോരിനു വിളിച്ചു യുദ്ധം ചെയ്യുന്നു. ഭോഷാ ചപലമുനിവടോ!-എടാ ഒന്നിനും കൊള്ളാത്തവനും ചപലബുദ്ധിയുമായ മുനിവടോ! വടു-ബ്രഹ്മചാരി. തൂഷ്ണീം നില്ലായ്ക-മൗനിയായി നില്ലാതെയിരിക്ക. പോരി..... വാവാ-യുദ്ധം ചെയ്യുന്നതിനു വരിക, എന്നോടു് എതിർക്കുക. ഇപ്പോളു വെറുതേ നില്ലേണ്ടു്. ജഗത്യാം-ലോകത്തിൽ. ക്ഷാത്രം-ക്ഷത്രിയന്റെ പ്രഭാവം. ജൈത്രം-ജയം കൈക്കൊള്ളുന്നതും. ധൃതിമയം-ധൈര്യമുള്ളതുമാണു്. അറിക-എന്നറിഞ്ഞാലും. മേ ഏതുമേ പേടിയില്ല-എനിക്കു നിന്നെക്കുറിച്ചു് അല്പവും ഭയമില്ല. ജാത്യാ ചോരം ഖലം ത്വാം-ജാത്യാതന്നെ (ജാതികൊണ്ടുതന്നെ.) ചോരനും (വഞ്ചകനും) ഖലനും (ഹിംസാദിപാപങ്ങൾ ചെയ്യുന്നവനും) ആയ നിന്നെ, ബാണപ്രദളിതശിരസം-(ദ്വിതീയ, ത്വാമിവിശേഷണം). ബാണങ്ങൾ കൊണ്ടു തല പിളർന്നിട്ടു് (പ്രദളിതശിരസ്സാക്കിയിട്ടു്). പ്രദളിതം-പ്രകർഷേണ ദളനം ചെയ്യപ്പെട്ടതു്. (അധികം പിളർന്നതു്.) പ്രേതലോകേശരാജ്യേ-യമന്റെ നാട്ടിലേയ്ക്കു്. പ്രേതലോകേശൻ-പ്രേതലോകത്തിനു് ഈശൻ, കാലൻ. യാത്രാക്കുന്നുണ്ടു്-യാത്രയാക്കിയയയ്ക്കുന്നുണ്ടു്. നിന്നെ ഇപ്പോൾത്തന്നെ വധിക്കുന്നുണ്ടു്. 'യാത്രാക്കുന്നുണ്ടു്' എ

അതുകേട്ടതികോപലോഹിതാക്ഷോ
ഹൃതവീര്യം കൃതവീര്യസൂനമേനം
നിശിതേന പരശ്വധേന ഹന്തും
ഭൃഗുവീരൻ വിരവിൽ കയർത്തണഞ്ഞു. 102

മുട്ടിച്ചുഗ്രേ കമച്ചുന്നിശിതപരശുനാ
വിഹ്വലീഭൂതഗാത്രം
തട്ടിക്കീഴാക്കി മൗലിഗ്രഹണപരവശാൽ
ഭൂതലേ വീതശങ്കം

ന്നും ചമ്പൂകാരന്മാർ ഉപയോഗിക്കാറുള്ള പദമാണ്. ''പുണ്യാത്മേ! ഹന്ത! മാമെന്തിനു നരവര യാത്രാക്കവോനായ് മുതിർന്നീടുന്നു'' എന്നും (ഭാഷാനൈഷധചമ്പു ഉത്തരഭാഗം) 'ഖണ്ഡിച്ചാഹന്ത കണ്ഠം നിശിതപരശുനാ കാലഗേഹേ ഖലം തുപാതിന്നേ യാത്രാക്കിയേ ഭാസുരശ്രീമഹിമാ ഭാർഗ്ഗവൻ ചെറ്റടങ്ങ്.'' (രാ. രാ. ച.) എന്നും കാണുക. 'യാത്രയാക്കുക' എന്നു വേണ്ടതിന് 'യ'കാരം ലോപിപ്പിച്ചിരിക്കുന്നു. ഇതു പഴയ പ്രയോഗമാണ്. ഇതി–ഇപ്രകാരം. വചനവും–വാക്കും. ഉച്ചൈഃ വിളിച്ചു ആബഭാഷേ–ഉച്ചത്തിൽ വിളിച്ചുപറഞ്ഞു. ഉച്ചൈഃ–(അവ്യയം) ഉച്ചൈസ്സായിട്ട്. എല്ലാവരും കേൾക്കത്തക്കവണ്ണം. ''വചനവുമ—ച്ചൈഃ' എന്നിടത്തു യതിഭംഗദോഷം ദുസ്സഹം.

ശ്ലോകം 102—ഭൃഗുവീരൻ–പരശുരാമൻ. അതുകേട്ട–കാർത്തവീര്യാർജ്ജുനന്റെ വീരവാദംകേട്ട. അതി...താക്ഷഃ–അധികകോപം ഉണ്ടായി കണ്ണുചുവപ്പിച്ചുകൊണ്ട്. ലോഹിതം–ചുവന്നത്. ഹൃതവീര്യം കൃതവീര്യസൂനും എന്നും–മുൻപേതന്നെ ആത്മശക്തി നശിച്ചുപോയവനും കാർത്തവീര്യാർജ്ജുനനുമായ ഇവനെ. വിരവിൽ–വേഗം. നിശിതേന പരശ്വധേന ഹന്തും–മൂർച്ചയേറിയ മഴുകൊണ്ടു കൊല്ലുന്നതിനായി. ഹന്തും–(അവ്യയം.) ഹനിക്കുന്നതിനായി. കയർത്തണഞ്ഞു–കയർത്തുകൊണ്ടു വന്നു.

ശ്ലോകം 103—തികതില പിടിപെട്ടോരു–പൂർണ്ണമായി, തികച്ചും, ബാധിച്ച. തികതില എന്ന പദത്തിനു മുഴുകെ, പൂർണ്ണമായി, എന്ന് അർത്ഥം ഗ്രഹിക്കണം. പരമകാഷ്ഠയിൽ എത്തിയതു്. ഇതു ഭാഷാചമ്പൂകാരന്മാർക്കു ഹിതമായ ഒരു പഴയ പദമാണ്. ''മാരാർത്തിമാനസാന്തേ തികതിലപിടിപെട്ടു മഹാരാജമൗലേഃ (ഭാഷാനൈഷധചമ്പു.) എന്നു നോക്കുക. 'തികതില പിടിപെടുക' എന്നു് ചേർത്താണ് ഉപയോഗിച്ചു കാണുന്നതു്. അതുകൊണ്ടു് ഇതു് ഒരു ശൈലിയെന്നു വിചാരിക്കണം. കോപാന്ധചേതാഃ–മനസ്സിൽ കോപം അ

അന്നേരം വാനിൽനിന്നാഗതമഴകിനൊടാ-
  രുഹ്യ താർക്ഷ്യധ്വജാഢ്യം
ധന്യാഭോഗം വിമാനം ജ്വലിതമകുടകേ-
  യൂരഹാരാംഗദധാരീ
അനുവീതോ വിഷ്ണുഭക്തൈരുദിതജയപരൈ-
  സ്സർവ്വതോ ദിവ്യലോകൈ-
രൊന്നിച്ചാനമ്യമാനോ നൃപകുലമണി വൈകു-
  ണ്ഠലോകം പ്രപേദേ. 105

ശ്ലോകം 105—കാർത്തവീര്യാർജ്ജുനൻ പഴയ ശരീരം ഉപേക്ഷിച്ചു ദിവ്യശരീരത്തോടുകൂടി വൈകുണ്ഠത്തിലേക്കു പോയി എന്നു പ്രതിപാദിക്കുന്നു. അന്നേരം—ദേഹം പരശുരാമൻ മുറിച്ചു നിർജ്ജീവമാക്കിയപ്പോൾ, കൊന്നപ്പോൾ. അഴകിനൊടു—ഭംഗിയായി. വാനിൽനിന്നാഗതം—ആകാശത്തിൽനിന്നു വന്നതും. താർക്ഷ്യധ്വജാഢ്യം—ഗരുഡധ്വജംകൊണ്ടു പ്രൗഢവും. ധന്യാഭോഗം—ധന്യത്വം പൂർണ്ണമായി കൈവന്നിരിക്കുന്നതും ശ്രേഷ്ഠത തികഞ്ഞതും ആയ. വിമാനം—വിമാനത്തെ (ആകാശത്തിൽക്കൂടി സഞ്ചരിക്കുന്ന വാഹനം). ജ്വലിത...ധാരീ—രത്നങ്ങൾകൊണ്ടു ശോഭിക്കുന്ന കിരീടാദ്യാഭരണങ്ങൾ ധരിച്ചവനായിട്ട്. ധാരീ—ധരിക്കുന്നവൻ. വിഷ്ണുഭക്തൈഃ അനുവീതഃ—വിഷ്ണുഭക്തന്മാരോടുകൂടിയവനും (ചുററപ്പെട്ടവൻ). സർവ്വതഃ—എല്ലാസ്ഥലത്തും. ഉദിതജയപരൈഃ ദിവ്യലോകൈഃ ഒന്നിച്ചു ആനമ്യമാനഃ—ജയിച്ചാലും ജയിച്ചാലും എന്നു പറയുന്ന ദിവ്യന്മാരാൽ ഒപ്പം നമസ്കരിക്കുന്നവനായിട്ട്. നൃപമണി—കാർത്തവീര്യാർജ്ജുനൻ. വൈകുണ്ഠലോകം—വൈകുണ്ഠത്തെ. പ്രപേദേ—പ്രാപിച്ചു. മഹാഭക്തനും യോഗിയും ആയ കാർത്തവീര്യാർജ്ജുനൻ യോഗ്യതാനുസരണം ദിവ്യവേഷം പൂണ്ടു ദിവ്യന്മാരാൽ പൂജിതനായിട്ടു വൈകുണ്ഠത്തിൽ എത്തി.

  മമ ചക്രാവതാരോ ഹി
  കാർത്തവീര്യോ ധരാതലേ
  കൃതകാര്യോ ദ്വിജശ്രേഷ്ഠ
  തം സമാപയമാനദ

(ബ്രഹ്മാ—മൂലം) എന്നു നോക്കുക. സുദർശനചക്രത്തിന്റെ അവതാരമാണു കാർത്തവീര്യാർജ്ജുനൻ. ലോകത്തിൽ ചെയ്യേണ്ടവയായ കൃത്യങ്ങൾ എല്ലാം നിർവ്വഹിച്ചപ്പോൾ (മഹാവിഷ്ണുവായ) പരശുരാമൻ അർജ്ജുനനെ വധിച്ചു.

സംഫുല്ലാഭോഗശാലീ ജലനിധിവസനാം
കാർത്തവീര്യാർജ്ജുനൻ താ-
മെൺപത്താറായിരത്താണ്ടവനിയെ മുഴുവൻ
കാത്തു ധർമ്മേണ മേന്മേൽ
വൻപോരാട്ടത്തിലെത്തി പ്രസഭമഭിഹതോ
ജാമദഗ്ന്യേന സാക്ഷാൽ
സംപ്രാപ്തോ വിഷ്ണുലോകം കനിവൊടനുഭവൻ
ദിവ്യഭോഗാനവാത്സീൽ 106

ശ്ലോകം 106—സംഫുല്ലാഭോഗശാലീ കാർത്തവീര്യാർജ്ജുനൻ-പരിപൂർണ്ണമായ സുഖത്തോടുകൂടി, കാർത്തവീര്യാർജ്ജുനൻ, ജലനിധിവസനാം അവനിയെമുഴുവൻ-കടലു ചുററിയ (വസ്ത്രസ്ഥാനത്തു ധരിക്കുന്ന) ഭൂമിയെ സർവ്വം. മേന്മേൽ ധർമ്മേണ-മേല്ക്കുമേൽ ധർമ്മം കൈക്കൊണ്ടു്. സ്വധർമ്മനിരതനായി. എൺപത്താറായിരത്താണ്ടു കാത്തു-എൺപത്തിയാറായിരം സംവത്സരം രക്ഷിച്ചു, ഇത്രയുംകാലം നാടുവാണു. വൻപോരാട്ടത്തിനെത്തി-പരശുരാമനുമായി യുദ്ധത്തിനുചെന്നു്. പ്രസഭം ജാമദഗ്ന്യേന ഹതഃ-ബലോല്ക്കർഷംനിമിത്തം പരശുരാമനാൽ വധിക്കപ്പെട്ടവനായി. പ്രസഭം-ബലാൽക്കാരം, അഭിഹതൻ-വധിക്കപ്പെട്ടവൻ. സാക്ഷാൽ വിഷ്ണുലോകം സംപ്രാപ്യ-സാക്ഷാത്തായി വൈകുണ്ഠത്തിൽ പ്രവേശിച്ചു. ദിവ്യഭോഗാൻ കനിവൊടു അനുഭവൻ-ദിവ്യങ്ങളായ സുഖങ്ങളെ അനുഭവിച്ചുകൊണ്ടു്. അവാത്സീൽ-വസിച്ചു. ധർമ്മേണ-കാർത്തവീര്യാർജ്ജുനൻ നാടുവാണകാലം ജനങ്ങൾ അധർമ്മം ചെയ്യണമെന്നു മനസ്സിൽ വിചാരിക്കപോലും ചെയ്തില്ല. അത്രയ്ക്കു ധർമ്മോല്ക്കർഷത്തോടുകൂടി.

അകാര്യചിന്താ സമകാലമേവ
പ്രാദുർഭവംശ്ചാപധരഃ പുരസ്താൽ
അന്തശ്ശരീരേഷ്വപി യഃ പ്രജാനാം
പ്രത്യാദിദേശാവിനയം വിനേതാ.

(രഘു. സ.6) എന്നു നോക്കുക. ഇത്രയും ധർമ്മനിഷ്ഠയോടുകൂടി വേറൊരു രാജാവു നാടുവാണിട്ടുണ്ടോ എന്നു സംശയമാണു്.

വിഷ്ണുചക്രാത്മമായ് വൈകുണ്ഠലോകംപുക്കു
വിഷ്ണുസാരൂപ്യം പ്രാപിച്ചീടിനാനർജ്ജുനനും.

എന്നും,

എൺപത്താറായിരത്താണ്ടിങ്ങനെ ചെന്നശേഷം
വമ്പനാം ഭാർഗ്ഗവനോടേററു വിധിവശാൽ

തൽക്ഷണേന ഭൃഗുവംശമൌലിമണി ഹേഹ-
യേശ്വരനെ നിഗ്രഹി-
ച്ചക്ഷപാം മുഴുവനാജിഭൂമിയിൽ വസിച്ചു
ഹൃഷ്ടപരിവാരവാൻ
ഉത്തരേദ്യുരകൃതവ്രണം പുരവരേ നി-
യുജ്യ ഹുതധേനുതൻ
വത്സമന്തികമുപാനിനായ കൃതവീര്യ-
സൂനുതനയാർപ്പിതം. 107

ഹോമധേനുവരവത്സമേകി വിനയാൽ വ-
ണങ്ങുമളവുദ്ധുര-
പ്രേമലോലപിതൃബാഷ്പപൂരപരിഷിക്ത-
മൂർത്തിരഭിമാനവാൻ

ധർമ്മേണ യുദ്ധംചെയ്തു ശാസ്ത്രപ്രകാരത്താൽ
നിഷ്കളനായ നൃപൻ സാധിച്ചാൻ മോക്ഷത്തെയും.

എന്നും (ബ്രഹ്മാ. കിളി.) കാണുക.

ശ്ലോകം 107—തൽക്ഷണേന—വേഗം, അപ്പോൾ. ഭൃഗുവംശ...മുഴുവൻ—പരശുരാമൻ കാർത്തവീര്യാർജ്ജുനനെ വധിച്ചിട്ട് ആ രാത്രിമുഴുവൻ. ഹൃഷ്ടപരിവാരവാൻ—സന്തുഷ്ടന്മാരായ പരിവാരങ്ങളോടുകൂടി. ആജിഭൂമിയിൽ വസിച്ചു—യുദ്ധക്കളത്തിൽ പാർത്തു. ഉത്തരേദ്യുഃ അടുത്തദിവസം, അകൃതവ്രണം—അകൃതവ്രണനെ. പുരവരേ—വിശിഷ്ടമായ പുരത്തിൽ. നിയുജ്യ—നിയോഗിച്ചിട്ട്, അവിടെ താമസിക്കണമെന്ന് ആജ്ഞാപിച്ചു. കൃതവീര്യസൂനുതനയാർപ്പിതം—കാർത്തവീര്യാർജ്ജുനന്റെ പുത്രന്മാർ കൊണ്ടുവന്നുകൊടുത്ത. ഹുതധേനുതൻ വത്സം—കാമധേനുവിന്റെ കുട്ടിയെ. അന്തികം ഉപാനിനായ—സമീപത്തു് ഉപനയിച്ചു, കൊണ്ടുവന്നു.

ശ്ലോകം 108—ഹോമധേനു...മാനവാൻ—കാമധേനുവിന്റെ കുട്ടിയെ കൊണ്ടുചെന്നുകൊടുത്തു താഴ്മയോടുകൂടി വണങ്ങിയപ്പോൾ അധികം സ്നേഹത്തോടുകൂടിയ പിതാവിന്റെ കണ്ണുനീരിനാൽ നനയ്ക്കപ്പെട്ട ശരീരത്തോടുകൂടിയവനും ആത്മാഭിമാനമുള്ളവനും ആയി. ഉദ്ധുരം—അധികം, അതിരുകടന്നതു്. ലോലം-ഇളകിയതു്. പിതൃബാഷ്പം—പിതാവായ ജമദഗ്നിയുടെ കണ്ണുനീർ. അഭിമാനവാൻ—പിതാവിന്റെ ഹിതം സാധിച്ചു എന്ന അഭിമാനത്തോടുകൂടിയവൻ. ഇമയോടു...തൊഴുതു—മുൻപു നേരെ അമ്മയായ രേണുകയോടു ചെയ്ത

ഋതമഥ ജനനീപുരോ വിരചിതാം പ്ര-
        തിജ്ഞാമേവ വിധാതു-
മുദ്ദാമമുദ്യമമമന്യതാത്ഥ ജമദഗ്നി-
        നാ സ ജഗദേ കൃതീ   108

"അത്യുഗ്രം ചെയ്തോലാ സാഹസമയി സുമതേ!
        വത്സ! ജാത്യാ വിരോധം
ക്ഷത്രൈസ്സാകന്നിരേ വണ്ടാ നിഹതമിതപരാ-
        ദ്ധം ത്വയാ വൈരിജാതം
ഉദ്രിക്തക്ഷത്രഹത്യാദുരിതമപനേ-
        തും മഹേന്ദ്രേ വസിച്ചീ-
ട്ടത്ര സംവത്സരാൻ ദ്വാദശ മഹിതതപം
        ചെയ്തു നിർമ്മത്സരാത്മാ.   109

പ്രതിജ്ഞയെ നിർവ്വഹിക്കുന്നതിനായി കഠിനമായ ഉദ്യമം കൈക്കൊ ണ്ടു വിചാരിച്ചു. ഋത-യാഥാർത്ഥ്യം, നേരു്. ജനനീപുരഃ-അമ്മയുടെ അടുത്തു. വിരചിതാം-ചെയ്തതായ, പ്രതിജ്ഞയുടെ വിശേഷണം. വിധാതും-(അവ്യയം) ചെയ്യുന്നതിനായി, നിർവ്വഹിക്കുന്നതിനു്. ഉദ്ദാമം-നിരങ്കുശം, തോന്നിയവാസം. കൃതീ സ ജഗദേ-കൃതിയായിരിക്കുന്ന അവൻ ജമദഗ്നിയാൽ പറയപ്പെട്ടു. ജമദഗ്നി അവനോടു പറഞ്ഞു. കൃതീ-ശ്രേഷ്ഠൻ.

ശ്ലോകം 109—അയി സുമതേ വത്സ!-അല്ലയോ സുശീലനായ ഉണ്ണീ (മകനേ!) അത്യുഗ്രം സാഹസം ചെയ്തോലാ-അതികഠിനമായ സാഹസപ്രവൃത്തി (ക്ഷത്രിയകുലനാശം) ചെയ്യരുതു്. ക്ഷത്രത്തോടു ജാത്യാ ഇനി വിരോധം വേണ്ടാ-ക്ഷത്രിയജാതിയോടു് ഇനി വിരോധം പാടില്ല. അതു് ഉപേക്ഷിക്കണം. ത്വയാ വൈരിജാതം നിഹതം-നീ ശത്രുസമൂഹത്തെ ഹനിച്ചു (കൊന്നു). ഇതു് അപരാധം-ഇതു വലിയ തെറ്റാണു്. ഉദ്രിക്ത...അപനേതും-വീരന്മാരായ രാജാക്കന്മാരെ വധിച്ചിട്ടുണ്ടായ ഈ പാപത്തെ (ക്ഷത്രഹത്യാപാപം) കളയുന്നതിനു്, നശിപ്പിക്കുന്നതിനു്. അപനേതും-അപനയിക്കുന്നതിനു്. മഹേന്ദ്രേ അത്ര-മഹേന്ദ്രപർവ്വതത്തിൽ. ദ്വാദശവത്സരാൻ-പന്ത്രണ്ടു സംവത്സരം. നിർമ്മത്സരാത്മാ-മത്സരം മുതലായ ദോഷങ്ങളാം നീക്കി മനസ്സു നിർമ്മലമാക്കിയവനായി, മനസ്സിൽ രാഗദ്വേഷാദി ദോഷങ്ങളാം തീരെയില്ലാത്തവനായി. മഹിതതപംചെയ്തു-ശ്ലാഘ്യമായ തപസ്സുചെയ്തു്. മഹിതം-പൂജിതം, പ്രശസ്തം. വസിച്ചീടുക-വസി

ഗദ്യം 4. തദനു ഭൃഗൂത്തമനന്ദിമാനാംബുധി കലരിപു രാജ്ഞാം ശിരസാ കൈക്കൊണ്ടിനിയ ജനിത്രീം വന്ദിച്ചുടനെ സരഥം സൂതമയച്ചു യഥാഗതമധികവിനീത്യാ സഹജന്മാരൊടു യാത്ര പറഞ്ഞു തെളിഞ്ഞു പുറപ്പെട്ടദ്രിവരോപരി ശുദ്ധവിവിക്തേ പുക്കൊരു ദേശേ യമനിയമാഹിതഹൃദയവിശുദ്ധിർജ്ജിതാസനതതിരസകൃദുപാത്തപ്രാണായാമവശീകൃതപവനസ്സ്വീകൃതാഹാരഃ പ്രത്യാഹാ

ച്ചാലും. നീ മദമത്സരാദികളെ പരിത്യജിച്ചു ശാന്താത്മാവായി മഹേന്ദ്രപർവ്വതത്തിൽ ചെന്നു തപസ്സുചെയ്തു പാർക്കണം. എത്ര ഗംഭീരവും സാരവത്തും ആയ ഉപദേശം! ഭാരതീയന്മാരായ ആചാര്യന്മാർക്കല്ലാതെ ഇപ്രകാരം ആത്മതത്വോജ്ജ്വലങ്ങളായ ഉപദേശങ്ങൾ ചെയ്യുന്നതിന്നു ആർക്കു തോന്നും?

ഗദ്യം 4—ഭൃഗൂത്തമൻ-ഭൃഗുക്കളിൽ ഏറ്റവും ശ്രേഷ്ഠൻ. രാജ്ഞാം കലരിപു-രാജാക്കന്മാരുടെ വംശത്തിന്റെ ശത്രു. ശിരസാ കൈക്കൊണ്ടു-പിതാവിന്റെ ആജ്ഞയെ ശിരസ്സുകൊണ്ടു വഹിച്ചു. ശിരസാ-ആദരാധിക്യദ്യോതകം. ഉടനെ-തൽക്ഷണംതന്നെ. ജനിത്രീം വന്ദിച്ചു-അമ്മയെ വണങ്ങി. സരഥം സൂതം യഥാഗതം അയച്ചു-രഥത്തോടുകൂടിയ തേരാളിയെ വന്നതുപോലെ അയച്ചു. വിനീത്യാ-വിനീതി (താഴ്മ)യോടുകൂടി. സഹജന്മാരൊടു്-സഹോദരന്മാരൊടു്. തെളിഞ്ഞു-മനസ്സിൽ പ്രസാദത്തോടുകൂടി. അദ്രിവരോപരി-മഹേന്ദ്രപർവ്വതത്തിന്റെ മുകളിൽ. വിവിക്തേ ഒരു ദേശേ പുക്ക-നിർമ്മലവും വിജനവും ആയ ഒരു സ്ഥലത്തു ചെന്നു. തപസ്സിനു യാതൊരു വിധത്തിലും തടസ്സമുണ്ടാകാത്ത സ്ഥലത്തു്. മുൻപു ഗദ്യാരംഭത്തിൽ പറഞ്ഞ ഭൃഗൂത്തമൻ കർത്താവു്. യമനിയമാഹിത ഹൃദയവിശുദ്ധിഃ-യമം, നിയമം മുതലായവകൊണ്ടു മനസ്സു നിർമ്മലമാക്കി.

> ''യമനിയമാദികൾകൊണ്ടേ
> വിമലത ചേർത്തുംകൊണ്ടന്നിലനവേലം
> ദമിതമഹേന്ദ്രിയതുരഗ-
> സ്തിമിതസമാധിസ്ഥമനസ്സു തപസോ.''

(ഭാഷാരാമായണചമ്പു. രാവണോത്ഭവം.) എന്നു കാണുക. മനോമാലിന്യം നിശ്ശേഷം നീക്കി.

> ''അഷ്ടാവംഗാനി യോഗസ്യ
> യമോ നിയമ ആസനം
> പ്രാണായാമസ്തഥാ പ്രത്യാ-
> ഹാരശ്ചാപി ച ധാരണാ
> ധ്യാനം സമാധിരിത്യേവ.''

രപാരാ നിരപായം ധാരണയാകൊണ്ടു ചിത്തമുറപ്പിച്ചുമല
മമേയം ധ്യായൻ പരമം ബ്രഹ്മ സനാതനമതുലസമാധിയു
റച്ചു മഹാത്മാ ചപ്പുണി മാതപശക്തി സഹിച്ചും ലംബി
കതന്മേൽ സ്ഥാപിതജിഹ്വോ യോഗേ ശമഹതി നികാമമു

എന്നു കാണുക. യമം, നിയമം, ആസനം, പ്രാണായാമം, പ്രത്യാഹാരം, ധാരണ, ധ്യാനം, സമാധി എന്നിവയാണു യോഗത്തിന്റെ എട്ട് അംഗങ്ങൾ. ഇവയുടെ സ്വഭാവാദികളെക്കുറിച്ചു യോഗാദിശാസ്ത്രങ്ങളിൽനിന്ന് അറിയുന്നതു യുക്തമായിരിക്കും. വിജിതാസനതതിഃ-ആസനങ്ങളെ ജയിച്ചവനായി. ആസനങ്ങൾ-പത്മം, വീരം മുതലായി യോഗശാസ്ത്രം വിധിക്കുന്ന ആസനങ്ങൾ (ആസനം—ഇരിക്കുന്ന സമ്പ്രദായം—ഇരിപ്പ്. 'സ്ഥിരസുഖം ആസനം' എന്നു യോഗശാസ്ത്രം. (പതഞ്ജലി). അസകൃ...പവനഃ-പലതവണ പ്രാണായാമംചെയ്തു ശരീരാന്തസ്ഥമായ വായുവിനെ സ്വവശത്തിൽ നിർത്തിയിട്ട്, വശീകരിച്ചു.

''യോഗീ യുഞ്ജീത സതത-
മാത്മാനം രഹസി സ്ഥിതഃ
ഏകാകീ യതചിത്താത്മാ
നിരാശീരപരിഗ്രഹഃ
ശുചൗ ദേശേ പ്രതിഷ്ഠാപ്യ
സ്ഥിരമാസനമാത്മനഃ
നാത്യുച്ഛ്രിതം നാതിനീചം
ചൈലാജിനകുശോത്തരം.''

(ഭ. ഗീ. അ. 6.) എന്നും,

''സമമാമാസനത്തിൽ നിവർന്ന ശരീരത്തെ
സമമാക്കിക്കരങ്ങൾരണ്ടുമുത്സംഗംതന്നിൽ
പിണച്ചുവച്ചു നാസികാഗ്രത്തിൽ മിഴിയിണ-
യണച്ചങ്ങിരിക്കേണം ധ്യാനത്തെ ശീലിപ്പവൻ
പൂരകകുംഭകരേചകപ്രയോഗങ്ങളാൽ
പാരം ശോധിച്ചീടേണം പ്രാണസഞ്ചാരമാർഗ്ഗം
പിന്നെയീ പ്രാണായാമം വിജിതേന്ദ്രിയനായി
മന്ദം വിപര്യയമാം രീതിക്ക ശീലിക്കേണം.

(ഭാഗ. മാ. ഗാ. ഏകാ. അ. 14.) എന്നും നോക്കുക. ത്യക്താഹാരഃ-ഭക്ഷണം ഉപേക്ഷിച്ചു, ആഹാരം അത്യന്തം മിതമാക്കി. പ്രത്യാഹാരപരഃ-പ്രത്യാഹാരത്തിൽ തല്പരനായിട്ട്. പ്രത്യാഹാരം-യോഗത്തിന്റെ എട്ടംഗങ്ങളിൽ ഒന്ന്. വിഷയങ്ങളിൽനിന്നു മനസ്സിനെ പിൻവലിച്ച് ആത്മാവിൽ ലയിപ്പിക്കുന്നതു പ്രത്യാഹാരം. നിരപായം-

റച്ചും പന്തിരാണ്ടുകാലം മുഴുവൻ കൊടിയതപം ചെയ്തു
ഞ്ചിതജനകതപോവനയാത്രാസമയേ വഴിയിൽ മുനീന്ദ്ര
മുഖോദിതമുദിതമഹോഹയരാജസുതന്മാരകമേ പകയായ്
പിതരം കൊന്നതുമതുലദ്രുചാ നിജ ജനനി മരിച്ചതുമഖി
ലം കേട്ടതു ദുഃഖമൊടത്ര വിലപിച്ചേറ്റം തലകൂടേറി
ന കോപദവാഗ്നിജ്ജ്വാലാജാലി സകലക്ഷത്രവിഘാതോ
ദ്യതഃ സഹസാ സംസ്കൃതസഹസാഹാഹൃതമണിരഥ

അപായം കൂടാതെ. ധാരണ–യോഗാംഗങ്ങളിൽ ഒന്ന്. മനസ്സിന്റെ ധാരണം (ധരിച്ചുകൊണ്ടുള്ള നില) ധാരണ. ചിത്തം ഉറപ്പിച്ച–മനസ്സിനെ ദൃഢമാക്കുകയാണു ധാരണയുടെ ഫലം. ധാരണകൊണ്ട് അങ്ങനെ ചെയ്തു. അമലം അമേയം പരമം അതുലം സനാതനം ബ്രഹ്മ സമാധി ഉറപ്പിച്ച ധ്യായൻ–നിർമ്മലവും അളക്കുവാൻ കഴിയാത്തതും സർവ്വവസ്തുക്കളിലുംവച്ച് ഉൽകൃഷ്ടവും സമമായി മറ്റൊന്നും ഇല്ലാത്തതും നിത്യവും ആയ ബ്രഹ്മത്തെ തപസ്സിന്റെ ദൃഢതകൊണ്ടു മനസ്സിൽ ധ്യാനിച്ച്. നിർമ്മലം–മായയുടെ ബന്ധം കൂടാത്തതു്, സ്വച്ഛം. ധ്യായൻ–ധ്യാനിക്കുന്നവൻ. ഏകാഗ്രമായി ഒരു വസ്തുവിനെ വിചാരിക്കുന്നതു ധ്യാനം. മഹാത്മാ–മഹാത്മാവായ രാമൻ. മതപശക്തി–മഹത്തായ തപസ്സിന്റെ ശക്തി. ലംബിക–ഉള്ളിലെ നാക്ക്, അണ്ണാക്ക്. സ്ഥാപിതജിഹ്വഃ–സ്ഥാപിതജിഹ്വനായും, നാവു മടക്കിവച്ചും. മഹതി യോഗേ നികാമം ഉറച്ചും–മഹത്തായ യോഗവൃത്തിയിൽ സുസ്ഥിരനായും. നികാമം–ഏററവും. പന്തിരാണ്ടു...ചെയ്തു–പന്ത്രണ്ടു സംവത്സരം കടുത്ത തപസ്സ് അനുഷ്ഠിച്ചു. അഞ്ചിത...വഴിയിൽ–പിന്നീടു യോഗ്യനായ പിതാവിന്റെ ആശ്രമത്തിലേക്കു പോകുന്നതിനിടയ്ക്ക്, വഴിയിൽവച്ച്. മുനീന്ദ്ര...ദിതം–മുനീന്ദ്രന്റെ മുഖത്തുനിന്നും ഉണ്ടായതു്, മുനി പറഞ്ഞതു്. ഉദിത...സുതന്മാർ–അഹങ്കാരികളായ കാർത്തവീര്യാർജ്ജുനന്റെ പുത്രന്മാർ. മുൻപു യുദ്ധത്തിൽ മരിക്കാതെ ശേഷിച്ചവർ—ശൂരൻ ശൂരസേനൻ മുതലായവർ.

> ''ധ്യാനാഗ്ന്യഗാര ആസീന–
> മാവേശിതധിയം മുനിം
> ഭഗവത്യുത്തമശ്ലോകേ
> ജഘ്നുസ്തേ പാപനിശ്ചയാഃ''

(ഭാഗവതം. നവ. സ്ക. അ. 16.) എന്നു കാണുക. മഹർഷി യോഗവൃത്തി കൈക്കൊണ്ടു ഭഗവദ്ധ്യാനനിരതനായിരിക്കുന്ന സമയത്താണ് ബലവാന്മാരായ ശൂരാദികൾ അദ്ദേഹത്തിനെ വധിച്ചതു്. പകയേ...കൊന്നതും–ഉള്ളിൽ പകയോടുകൂടി പിതാവിനെ വധിച്ചതും. അതുല...മരിച്ചതും–നിസ്തുല്യമായ സങ്കടത്തോടുകൂടി രേണുക മരിച്ചതും.

സീമനി ഝടിതി കരേറി പ്രകടിതദൃഢതരപരികരബന്ധ
സ്സജ്യശരാസപരശ്വധശാലീ മാഹിഷ്മതീയാം നഗരേ
പോയ്ച്ചെന്നാഹവസംഗതഹൈഹയ രാജകുമാരന്മാരെ
പ്പടയോടുകൂടെക്കൊന്നുമുടിച്ചു മഹാസ്ത്രജ്വാലാമാലകൾ
കൊണ്ടു നഗരിയെ മുഴുവൻ ചുട്ടുകരിച്ചു ചതുരന്തക്ഷിതി
തന്നിൽ നടന്നാം വർഷദ്വിതയംകൊണ്ടു സമസ്തം ക്ഷത്രി
യവംശമറുതിപെടുത്തും പിന്നെച്ചെന്നു മഹേന്ദ്രൻ ത
ന്മേൽ ഉരുതപതിലേറാം വർഷം നാലും കൊടിയതപസ്യാ
രീതിതുടർന്നും പുനരഥ നീള ക്ഷത്രക്ഷേത്രേ വിപ്രോല്പാദിത

അഖിലം കേട്ടാതു ശോകരോഷഃ—ഈ വർത്തമാനങ്ങൾ എല്ലാം കേട്ട് അധികം സങ്കടത്തോടുകൂടിയവനായി. തലമുടേറിന—തലയുടെ മുട്ടുവരെച്ചെന്ന, അധികമായി വർദ്ധിച്ച. ചമ്പൂകാരന്മാർക്ക് പ്രിയമേറിയ ഒരു നല്ല മലയാളപദമാണ് ഇതു്. കോപ...മാലീ—കോപമാകുന്ന അഗ്നികളുടെ ജ്വാലയോടുകൂടിയവനായി, കണക്കില്ലാതെ കോപം വർദ്ധിച്ച. ജ്വാലാമാലീ—ജ്വാലാസമൂഹത്തോടുകൂടിയവൻ. സകല...ഭൃതഃ—സകല രാജാക്കന്മാരേയും കൊല്ലുന്നതിന് ഒരുമ്പെട്ടു. സഹസാ...സീമനി—ഉടനെ, വിചാരിച്ചപ്പോൾത്തന്നെ, സഹസാഹൻ കൊണ്ടുവന്ന മണിരഥത്തിൽ. കരേറി—കയറിയിട്ട്. പ്രകടിത...ബന്ധഃ—പരികരബന്ധങ്ങൾ എല്ലാം പ്രകടിപ്പിച്ചു. സജ്യശരാസപരശ്വധശാലീ—സജ്യമായ വില്ലോടും മഴുവോടുംകൂടി. സജ്യം—ഞാണോടു കൂടിയതു്. മാഹി...ചെന്നു—കാർത്തവീര്യാർജ്ജുനന്റെ മാഹിഷ്മതി എന്ന പട്ടണത്തിൽ ചെന്നു. ആഹവ...കുമാരന്മാരെ—യുദ്ധത്തിന് ഒരുമ്പെട്ടുവന്ന കാർത്തവീര്യാർജ്ജുനന്റെ പുത്രന്മാരെ. പട...മുടിച്ചു—അവരുടെ സൈന്യങ്ങളോടുകൂടി കൊന്നു നശിപ്പിച്ചു, രാജകുമാരന്മാരെയും അവരുടെ സൈന്യങ്ങളേയും നിശ്ശേഷം വധിച്ചു. മഹാ...കളിൽ—മഹാസ്ത്രങ്ങളുടെ അഗ്നിജ്വാലകൾകൊണ്ടു മാഹിഷ്മതീനഗരം മുഴുവനും ചുട്ടുപൊട്ടിച്ചു ഭസ്മമാക്കി, അസ്ത്രപ്രയോഗം കൊണ്ടു പട്ടണം നശിപ്പിച്ചു. ചതുരന്ത...നടന്നും—ചതുരന്തമായ ഭൂമിയിൽ എല്ലാ സ്ഥലത്തും നടന്നു. ചതുരന്ത—നാലു ദിക്കുകളാകുന്ന അന്തത്തോടു കൂടിയതു്. ''ഭൂത്വാ ചിരായ ചതുരന്തമഹീ സപത്നീ'' (അഭി. ശാകു.) എന്നു കാണുക. ക്ഷത്രിയവംശമറുതി പെടുത്തും—രാജവംശത്തെ ഇല്ലാതാക്കിയും. കൊടിയ...രീതി—ഭയങ്കരമായ സമ്പ്രദായത്തിലുള്ള തപസ്സ്, ഉഗ്രമായ തപസ്സ്. ക്ഷത്രക്ഷേത്രേ...സംഘം അശേഷം—ക്ഷത്രിയസ്ത്രീകളിൽ ബ്രാഹ്മണർക്കുണ്ടായ വീരന്മാരായ പുത്രന്മാരെയെല്ലാം. ക്ഷത്രിയർ നിശ്ശേഷം നശിച്ചപ്പോൾ അവ

വീരക്ഷത്രിയസംഘമശേഷം വെണ്മഴുകൊണ്ടു കമച്ചുകുടിച്ചും രണ്ടാണ്ടോളം നടന്നു ധരണ്യാം ഭൂയസ്തത്ര മഹേന്ദ്രേ ഗത്വാ ചാതുചതുർവ്വിംശതിവർഷാന്തം ഘോരതപം ചെയ്തവിടെ വസിച്ചും പരിചിലിവണ്ണം പാരം മൂവേഴുവട്ടം വൈരം നിക്ഷത്രാമഥ പൃഥിവീം കൃത്വാ സമയമൊട്ടുകണ്ടിപ്പിന്നെക്കൊടിയ മുടിക്ഷത്രിയരെപ്പന്തീരായിരമൊക്കപ്പാടെ ജീവഗ്രാഹം ഝടിതി ഗൃഹീത്വാ മഹിതകുരുക്ഷേത്രത്തിലശങ്കം വെട്ടിക്കൊന്നവർചോരകൾകൊണ്ടേ പഞ്ചസരസ്സുകൾ തീർത്തതിൽ മുങ്ങിപ്പിത്രോരുദകക്രിയയും ചെയ്തു കൃതാർത്ഥതപൂണ്ടു സമന്തോപപദാം പഞ്ചകനാമം ചേർ

ങ്ങടെ സ്ത്രീകരം ശേഷിച്ചു. അവർക്ക് ബ്രാഹ്മണരിൽ സന്താനങ്ങളുണ്ടായി. അങ്ങനെയുണ്ടായ രാജാക്കന്മാരുടെ സംഘത്തെ. വെൺമഴു...കുടിച്ചും—മഴുകൊണ്ട് അടിച്ചുതകർത്തും. ഭൂയഃ തത്ര മഹേന്ദ്രേ ഗത്വാ—വീണ്ടും അവിടെ മഹേന്ദ്രപർവ്വതത്തിൽച്ചെന്ന്. ചതുർവ്വിംശതിവർഷാന്തം—ഇരുപത്തിനാലു സംവത്സരം. ഘോരതപം...വസിച്ചും—ഭയങ്കരമായ തപസ്സുചെയ്തു പാർത്തും. മൂവേഴുവട്ടം—മുൻപു പറഞ്ഞതനുസരിച്ച് ഇരുപത്തിയൊന്നു തവണ. ഛന്ദോഭംഗം നേരിടാതെയിരിക്കുന്നതിന് 'ഏഴ്' എന്നതു് 'എഴ്' എന്നു പ്രയോഗിച്ചതാണ്. ചമ്പുക്കളിലെ ഗദ്യങ്ങളിൽ ഒട്ടധികം എണ്ണവും വൃത്തച്ഛായയോടു കൂടിയവയാണെന്ന് ഓർമ്മിക്കേണ്ടതാകുന്നു. നിക്ഷത്രാം പൃഥിവീം കൃത്വാ—ഭൂമിയെ നിക്ഷത്രയാക്കിച്ചെയ്തു. നിക്ഷത്ര-രാജാക്കന്മാരില്ലാതെയായതു്, ക്ഷത്രിയന്മാർ നശിച്ചതു്. മുടിക്ഷത്രിയന്മാരെ-കിരീടം ധരിക്കുന്ന രാജാക്കന്മാരെ. ജീവ...ഗൃഹീത്വാ-ജീവനോടുകൂടിഗ്രഹിച്ചിട്ട്. മഹിത...ക്ഷേത്രത്തിൽ—പുണ്യസ്ഥലമായ കുരുക്ഷേത്രം എന്ന സ്ഥലത്തുവച്ച്. അശങ്കം-സന്ദേഹം കൂടാതെ. പഞ്ചസരസ്സുകൾ—അഞ്ചു കുളങ്ങൾ, രാജാക്കന്മാരെ വെട്ടിക്കൊന്ന് അവരുടെ രക്തംകൊണ്ട് അഞ്ചു സരസ്സുകൾ നിർമ്മിച്ചു. മുങ്ങി...ചെയ്തു-അവയിൽ കുളിച്ചു മാതാപിതാക്കന്മാരുടെ ഉദകക്രിയ ചെയ്തു. പിത്രോഃ-മാതാപിതാക്കന്മാരുടെ. ഉദകക്രിയ-മരിച്ചവരുടെ ഗതിക്കുവേണ്ടി ചെയ്യുന്ന പിതൃക്രിയ. കൃതാർത്ഥതപൂണ്ടു—ചെയ്യേണ്ടതു ചെയ്തു എന്ന മനസ്സിന്റെ തൃപ്തി കൈവന്നു. സമന്തോ...തന്നിൽ-സമന്തപഞ്ചകം എന്ന ആ മഹാതീർത്ഥത്തിൽ. പരശുരാമൻ ക്ഷത്രിയരക്തംകൊണ്ട് ഉണ്ടാക്കിയ അഞ്ചു സരസ്സുകൾക്കു സമന്തപഞ്ചകം എന്ന പേർ കൊടുത്തു. അതിന് അങ്ങനെ ഖ്യാതി കിട്ടി. അതു പിതൃക്കളുടെ അനുഗ്രഹംകൊണ്ടു മഹാതീർത്ഥങ്ങളിൽ മുഖ്യമായ ഒന്നായി. തീർത്ഥപ്രവരം—തീർത്ഥങ്ങളിൽ ഏറ്റവും

ത്തോരു തീർത്ഥപ്രവരംതന്നിൽ പിതൃതർപ്പണമതിമഹിതം കല്പിച്ചോരാണ്ടേതങ്ങവിടെ വസിച്ചു ഗയാശ്രാദ്ധംകൊണ്ടത്രെ പിതൄണാം പ്രീതിവരുത്തി പ്രത്യക്ഷോജ്ജ്വലമൂർത്തിഭിരേഭിർജ്ജമദഗ്നിമുഖൈസ്സമനുഗൃഹീതഃ സിദ്ധവടാശ്രമമേത്യ തപസ്യാധൃതസങ്കല്പഃ സ്മരണദശായാം വരികെന്നഗ്രേ സഹസാഹനൂയമയച്ചു തപസ്വീ ദുഷ്കൃതശാന്ത്യൈ തീർത്ഥക്ഷേത്രനിഷേവാനിരതോ വാരത്രിതയം ധരണീവലയം നീളെ വലംവച്ചൃഷിവരവചസാ വീരവധ

വിശിഷ്ടമായതു്. പിതൃ...കല്പിച്ചു–സമന്തപഞ്ചകതീർത്ഥത്തിൽ പിതൃതർപ്പണം ചെയ്യുന്നതു് ഉത്തമമെന്നു നിശ്ചയിച്ചു. അതിമഹിതം-അധികം മഹിതം. ഓരാ...വസിച്ചു–പരശുരാമൻ ഒരു കൊല്ലം കുരുക്ഷേത്രത്തിൽ പാർത്തു. ഗയാ...വരുത്തി–ഗയയിൽ ശ്രാദ്ധകർമ്മം ചെയ്തു പിതൃക്കൾക്കു സന്തോഷമുണ്ടാക്കി. പ്രത്യക്ഷോ...മനുഗൃഹീതഃ–പ്രത്യക്ഷമായി വന്ന ജമദഗ്നി മുതലായവരാൽ അനുഗ്രഹിക്കപ്പെട്ടവനായി. ശ്രാദ്ധാദികർമ്മങ്ങളുടെ വൈശിഷ്ട്യംകൊണ്ടു ജമദഗ്നി മുതലായവർ (പിതൃക്കൾ) ഉജ്ജ്വലമായ ശരീരത്തോടുകൂടി പ്രത്യക്ഷമായി വന്നു് അനുഗ്രഹിച്ചു. സിദ്ധവടാശ്രമം–സിദ്ധവടം എന്ന ആശ്രമം. 'സിദ്ധവട'ത്തിന്റെ ശുദ്ധപാഠം 'സിദ്ധപാദം' എന്നായിരിക്കണം. 'സുഖമേ സിദ്ധപാദാശ്രമവും പുക്കു വാണനാൾ' എന്നു ഭാഷയിൽ (കിളിപ്പാട്ടിൽ) കാണുന്നു. 'സിദ്ധവടം' അർത്ഥശൂന്യമല്ല. ഏത്യ-പ്രാപിച്ചു. തപസ്യാധൃതസങ്കല്പഃ-തപസ്സു ചെയ്യണമെന്ന സങ്കല്പത്തോടുകൂടിയവനായി, തപസ്സിനു സങ്കല്പിച്ചു (നിശ്ചയിച്ചു). സ്മരണ...മയച്ചു–ഞാൻ വിചാരിക്കുമ്പോൾ അടുത്തു വരണം എന്നു പറഞ്ഞു സഹസാഹനെ പറഞ്ഞയച്ചു. തപസ്വീ–തപസ്സു ചെയ്യുന്നവനായി. ദുഷ്കൃതശാന്ത്യൈ–പാപത്തെ ശമിപ്പിക്കുന്നതിനായി. ദുഷ്കൃതം–ക്ഷത്രിയഹത്യാപാപം. തീർത്ഥ...നിരതഃ–പുണ്യങ്ങളായ തീർത്ഥങ്ങളിലും ദേവാലയങ്ങളിലും ചെന്നു ഭജിക്കുന്നതിനു താല്പര്യത്തോടുകൂടിയവനായി. നിരതൻ–തല്പരൻ. വാരത്രിതയം–മൂന്നു തവണ (വട്ടം). ഋഷിവരവചസാ–വിശിഷ്ടന്മാരായ മുനികളുടെ ഉപദേശം അനുസരിച്ചു്. പ്രായശ്ചിത്തൈ്യ–പ്രായശ്ചിത്തത്തിനായിക്കൊണ്ടു്, വീരന്മാരായ രാജാക്കന്മാരെ വധിച്ച പാപം നശിപ്പിക്കുന്നതിനുവേണ്ടി. സ്വയമേവ–താൻതന്നെ. അദ്ഭുതഹയമേധം–അദ്ഭുതമായ അശ്വമേധം ചെയ്തു. ആചാര്യായ കാശ്യപമുനയേ–ആചാര്യനായ (കർമ്മങ്ങൾ എല്ലാം വിധിപോലെ ചെയ്യിച്ച) കാശ്യപമുനിക്കായിക്കൊണ്ടു്. വാരിധിവസനാം ധരിത്രിയെ മുഴുവൻ–സമുദ്രം വസ്ത്രമായി ധരിച്ചിരിക്കുന്ന, കടലു ചുററുന്ന ഭൂമിയെ മുഴുവൻ. ദക്ഷിണ

ത്തിൻ പ്രായശ്ചിത്തൈ്യ സ്വയമേവാത്തഹയമേധശ്ച
ദാശാചാര്യായ ധരിത്രിയെ മുഴുവൻ വാരിധിവസനാം കാ
ശ്യപമുനയെ ദക്ഷിണനൽകിത്തസ്യ നിയോഗാൽ മഹതി
മഹേന്ദ്രേ പുക്കു ഗിരീന്ദ്രേ വിശേഷാത്തീർണ്ണമഹാത്ഭുതച
രിതോ നിഷ്കളവിമലബ്രഹ്മോപാസനാ കയ്യിൽക്കൊണ്ടനുദിന
മഴകിലിരുന്നു.

> ഇത്യേവം താതഹിംസേന്ധനദീപിതകോ-
> പാനലേ ഹൈഹയേന്ദ്രം
> ഹുത്വാ ക്ഷത്രൗഘവത്സം നിഖിലനൃപകുല-
> സ്സാർവ്വഭൗമോ മുനീനാം

നല്കി—ദക്ഷിണകൊടുത്തു. തസ്യ നിയോഗാൽ—ആചാര്യന്റെ ആജ്ഞ
യനുസരിച്ച്. മഹതി ഗിരീന്ദ്രേ മഹേന്ദ്രേ പുക്കു—മഹത്തും പർവ്വത
ശ്രേഷ്ഠവുമായ മഹേന്ദ്രത്തിൽ ചെന്നു. മഹേന്ദ്രപർവ്വതത്തിൽ പ്രവേ
ശിച്ചു. വിശേഷാ...ചരിതഃ—വിശേഷാൽകൃഷ്ടവും അത്ഭുതവുമായ ചരി
തത്തോടുകൂടിയവനായി. ചരിതം—ചരിത്രം, ചരിച്ചത്. അനുദി
നം—എന്നും, ദിനംപ്രതി. നിഷ്കള...കൈക്കൊണ്ട്—നിഷ്കളബ്രഹ്മ
ത്തെ ധ്യാനംചെയ്തുകൊണ്ട്, അതിനെ സേവിച്ചു. അഴകിൽ ഭംഗി
യായിട്ട്. ഇരുന്നു—സ്ഥിതിചെയ്തു.

പരശുരാമന്റെ യോഗം, തപസ്സ്, ക്ഷത്രിയവധം, സമന്തപ
ഞ്ചകം, തീർത്ഥയാത്ര, ഭൂപ്രദക്ഷിണം, അശ്വമേധം, വീണ്ടും മഹേന്ദ്ര
പർവ്വതപ്രാപ്തി, തപസ്സ്, എന്നിവയെ ചുരുക്കി ഭംഗിയായി ഗദ്യ
ത്തിൽ പ്രതിപാദിക്കുന്നു.

> ദർപ്പോദ്ധതക്ഷിതിപതിക്ഷപണാൽ കൃതാർത്ഥ-
> സ്സംന്യസ്യ ശസ്ത്രമഥ ശാന്തതരാന്തരംഗഃ
> സമ്പ്രാർത്ഥിതോ മുനിഭിരത്ഭുതകേരളോർവ്വി-
> മദ്യാപി തിഷ്ഠതി മഹേന്ദ്രഗിരൗ തപസ്യൻ.

(പരശുരാമവിജയം ആട്ടക്കഥ—കേരളവർമ്മ വലിയകോയിത്തമ്പു
രാൻ) എന്ന പദ്യം പ്രകൃതത്തിൽ സ്മരിക്കുന്നതു യുക്തമായിരിക്കും.

ശ്ലോകം 110—ഇത്യേവം—ഇവിടെ പറഞ്ഞവിധം. മുനീനാം
സാർവ്വഭൗമഃ ജാമദഗ്ന്യഃ—മുനികളിൽ അഗ്രേസരനായ പരശുരാമൻ.
താത...നലേ—പിതാവിന്റെ വധമാകുന്ന വിറകുകൊണ്ട് ഉണ്ടായി
ജ്വലിച്ച കോപമാകുന്ന തീയിൽ, പിതൃവധംകൊണ്ടാണ് പരശുരാമ
ന് ക്ഷത്രിയന്മാരോടു കോപം ഉണ്ടായത്, നിഷ്കാരണമല്ല. ഹൈ

ദത്വാ കൃത്സ്നാം ധരിത്രീം ക്രതുവിധിഗുരവേ
  ദക്ഷിണാം കാശ്യപായ
സ്വസ്ഥാത്മാ തന്നിയോഗാന്ന്യവിശത തപസേ
  ജാമദഗ്ന്യോ മഹേന്ദ്രേ. 110

ഇതി 'രാമാർജ്ജുനീയം' പ്രബന്ധം

സമാപ്തം

★

ഹയേന്ദ്രം–കാർത്തവീര്യാർജ്ജുനനെ. ഹുത്വാ–ഹോമിച്ചിട്ട്, ദഹിപ്പിച്ചു. മുവ്വേഴുവട്ടം നിഹതനൃപകലഃ–ഇരുപത്തിയൊന്നുതവണ രാജാക്കന്മാരുടെ വംശത്തെ നശിപ്പിച്ചു. ക്രതുവിധിഗുരവേ കാശ്യപായ–യാഗം കഴിപ്പിച്ച ആചാര്യനായ കാശ്യപന്ന്. ധരിത്രീം കൃത്സ്നാം ദക്ഷിണാം ദത്വാ–ഭൂമി മുഴുവൻ ദക്ഷിണയായി കൊടുത്തു. സ്വസ്ഥാത്മാ–സ്വസ്ഥമായ ആത്മാവോടു കൂടിയവൻ. സ്വസ്ഥം–യാതൊരു വികാരവും ഇല്ലാത്തതു്, നിർമ്മലം, നിശ്ചലം. തന്നിയോഗാൽ–ആചാര്യന്റെ ഉപദേശം അനുസരിച്ചു്. തപസേ–തപസ്സിനായിട്ട്. മഹേന്ദ്രേ–മഹേന്ദ്രപർവ്വതത്തിങ്കൽ (പർവ്വതത്തെ). ന്യവിശത–നിവേശിച്ചു, പ്രവേശിച്ചു. ശ്ലോകം പൂർവ്വാർദ്ധത്തിൽ അലങ്കാരം രൂപകം. പരശുരാമൻ ഹോതാവു്, കോപം അഗ്നി, താതഹിംസ വിറക്, കാർത്തവീര്യൻ ഹോമദ്രവ്യം, എന്ന രൂപകത്തിന്റെ അംഗങ്ങൾ. പരശുരാമചരിതത്തിന്റെ എല്ലാ പ്രധാന ഭാഗങ്ങളെയും ഈ പദ്യത്തിൽ സൂചിപ്പിച്ചിരിക്കുന്നു എന്നു കാണേണ്ടതാണു്.

എങ്ങാണെത്ര്യല്പനാമീ ഞാ–
നെങ്ങോ രാമാർജ്ജുനീയവും
പാങ്ങോളം ഗുരുകാരുണ്യ–
ത്താങ്ങാലീ വ്യാഖ്യ തീർത്തു ഞാൻ.

സമാപ്തം

തിരുത്ത്

പുറം	വരി	തെറ്റ്	ശരി
26	3	നികന്നു	നിന്നു
34	32	പരശുരാമൻ	പരമശിവൻ
38	32	ഭട്ടതിരി	ഭട്ടദ്യുതി
42	26	"വിരഹാന്തരാരയാതം" എന്നതു കഴിഞ്ഞ് "വിശ്രമാന്തരം മരന നിരന്തരാരയാതം" എന്നുകൂടി ചേർക്കണം.	
131	16	സ്വപ്നേഷ്ടത	സ്വപ്നേഷ്ടന
144	27	ആര	അം

രാമാർജ്ജുനീയം ചമ്പു

ഭാഷയിലെ ഒരു വിശിഷ്ടമായ ചമ്പൂപ്രബന്ധമാകുന്ന 'രാമാൎജ്ജുനീയം'. 110 പദ്യങ്ങളും മൂന്നു ഗദ്യങ്ങളും ഒരു ദണ്ഡകവും ഉൾക്കൊള്ളുന്ന ഈ പ്രബന്ധം പുസ്തകരൂപത്തിൽ പ്രസിദ്ധപ്പെടുത്തുന്നതു് ഇതാദ്യമാണു്. സുപ്രസിദ്ധ പണ്ഡിതനായ ശ്രീ വടക്കുംകൂർ രാജരാജവൎമ്മയുടെ വിശദവും സരളവുമായ വ്യാഖ്യാനം, സംസ്കൃതാനഭിജ്ഞരായ മലയാളികൾക്കു 'രാമാൎജ്ജുനീയ'ത്തിന്റെ രസം അനുഭവിക്കുന്നതിനു് അത്യന്തം ഉപകരിക്കുമെന്നതിൽ രണ്ടുപക്ഷമില്ല. പരശുരാമനെയും കാൎത്തവീര്യാൎജ്ജുനനെയും സംബന്ധിക്കുന്ന കഥയാണു് ഇതിലെ ഇതിവൃത്തം. ലോകോത്തരനായകനായ പരശുരാമനും, ആ വീരകേസരിക്കു തികച്ചും അനുയോജ്യനായ പ്രതിനായകൻ കാൎത്തവീര്യാൎജ്ജുനനും തമ്മിൽ നടക്കുന്ന ഘോരയുദ്ധവും യുദ്ധത്തിൽ പരശുരാമൻ കാൎത്തവീര്യാൎജ്ജുനനെ വധിച്ചശേഷം ക്ഷത്രിയകുലനാശം വരുത്തുന്നതും മററുമാണു് ഇതിൽ വൎണ്ണിച്ചിരിക്കുന്നതു്.

അസാധാരണ പ്രതിഭാവിലാസവും കവിതാപാടവവുമുള്ള ഒരു പണ്ഡിതനായിരുന്നിരിക്കണം 'രാമാൎജ്ജുനീയ'കൎത്താവു് എന്നു് അതിലെ വരികൾ സ്പഷ്ടമാക്കുന്നു. ''പൂൎവ്വകാലത്തിലെ കവിമുഖ്യന്മാരിൽ ആരോ രചിച്ചിട്ടുള്ളതും വിവിധങ്ങളായ കാവ്യഗുണങ്ങളാൽ വിരാജിതവുമാണു് രാമാൎജ്ജുനീയം'' എന്നാണു് മഹാകവി ഉള്ളൂർ അഭിപ്രായപ്പെട്ടിട്ടുള്ളതു്.